സീറോമലബാർ
സമുദായശക്തീകരണവർഷം
2026

VEDAPRACHARA
MADHYASTHAN

വാല്യം 98

ലക്കം 12

2026 ജൂൺ

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly

Price ₹ 25/- Annual Subscription ₹ 300/-

YOUR GRACE IS SUFFICIENT FOR ME



THE OFFICIAL ORGAN OF
THE ARCHEPARCHY OF CHANGANACHERRY

2026 ജൂൺ



ജൂൺ 26നു
പൗരോഹിത്യസ്വീകരണദിനം
ആഘോഷിക്കുന്ന
**അഭി. മാർ ജോർജ് കോച്ചേരിപ്പിതാവിന്**
അതിരൂപതാകുടുംബത്തിന്റെ
പ്രാർഥനാശംസകൾ



ജൂൺ 13നു നാമഹേതുകതിരുനാളാഘോഷിക്കുന്ന
അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ്
**വെരി റവ. ഫാ. ആന്റണി എത്തക്കാടിന്**
അതിരൂപതാകുടുംബത്തിന്റെ പ്രാർഥനാശംസകൾ



‘നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ’
(ഉൽപത്തി 41:55)

YOUR GRACE IS SUFFICIENT FOR ME

# വേദപ്രചാര മദ്ധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: 20 മെയ് 1887

വാല്യം 98 ● ലക്കം 12 ● ജൂൺ 2026

**വേദപ്രചാര**

# മദ്ധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപതാ
മുഖപത്രം

# ഉള്ളടക്കം


കെ.സി.ബി.സി. മീഡിയ കമ്മീഷൻ സർക്കുലർ..........05
കച്ചേരിക്കാര്യം..........08
പീഡാനുഭവവാരപിരിവ് 2026 - 2027..........13
റിപ്പോർട്ട്: പ്രസ്ബിറ്ററൽ കൗൺസിൽ..........20
റിപ്പോർട്ട്: 140-ാമത് അതിരൂപതാദിനാചരണം..........22
140-ാമത് അതിരൂപതാദിന എക്സലെൻസ് അവാർഡ്..........28
സന്ദേശനിലയം..........30
ചെറുപുഷ്പ മിഷൻ ലീഗ്..........34
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ..........36
ഫാമിലി അപ്പോസ്തലേറ്റ്..........38
യുവദീപ്തി - എസ്.എം.വൈ.എം...........42
സീയോൻ ധ്യാനകേന്ദ്രം..........48
ചാസ്സ്..........49
ചാസ്സ് - ഖാദി..........52
ജീവകാരുണ്യനിധി ട്രസ്റ്റ്..........53
ആതുരശുശ്രൂഷാമേഖല..........55
പ്രവാസി അപ്പോസ്തലേറ്റ്..........61
കത്തോലിക്കാ കോൺഗ്രസ്..........62
കേരള ലേബർ മൂവ്മെന്റ്..........64
ആത്മതാകേന്ദ്രം..........69
ദളിത് കത്തോലിക്കാ മഹാജനസഭ..........70
സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ..........71
വിൻസെൻഷ്യൻ വേദി..........73
കരിസ്മാറ്റിക് നവീകരണം..........75
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി..........77
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ്..........84



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com

**ANNUAL SUBSCRIPTION: ₹ 300/-**

No.4200/K-5/KCBC/OL/DS 01.05.2026

കെ.സി.ബി.സി. മീഡിയ കമ്മീഷൻ സർക്കുലർ

**60-ാമത് ലോക സാമൂഹ്യ സമ്പർക്ക മാധ്യമ ദിനാചരണം - 2026 മെയ് 17**

## "മനുഷ്യശബ്ദങ്ങളെയും മുഖങ്ങളെയും സംരക്ഷിക്കുക"

ലിയോ പതിനാലാമൻ പാപ്പ

പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ,

2026 മെയ് 17 ഞായറാഴ്ച, ആഗോള സഭ 60-ാമത് ലോക സാമൂഹ്യ സമ്പർക്ക മാധ്യമ ദിനം ആഘോഷിക്കുന്നു. പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പയുടെ 60-ാമത് ലോക സാമൂഹ്യ സമ്പർക്ക മാധ്യമ ദിന സന്ദേശം നാം ഏവരേയും ഗൗരവകരമായ ചില ചിന്തകളിലേക്കാണ് ക്ഷണിക്കുന്നത്. ലിയോ പതിനാലാമൻ പാപ്പ വിഭാവനം ചെയ്ത 'മനുഷ്യ ശബ്ദങ്ങളെയും മുഖങ്ങളെയും സംരക്ഷിക്കുക' എന്ന പ്രമേയത്തെ ക്കുറിച്ച് ആഴത്തിൽ ചിന്തിക്കാൻ ഈ സന്ദർഭം നമ്മെ ക്ഷണിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസും പുതിയ സാങ്കേതികവിദ്യകളും വളരുന്ന ഈ ഡിജിറ്റൽ യുഗത്തിൽ, സത്യത്തിലും ബന്ധങ്ങളിലും അധിഷ്ഠിത മായ ആശയവിനിമയത്തിന്റെ പവിത്രത ഉയർത്തിപ്പിടിക്കാൻ ഈ പ്രമേയം നമ്മോട് ആവശ്യപ്പെടുന്നു.

ഓരോ മനുഷ്യമുഖവും ശബ്ദവും ദൈവത്തിന്റെ പ്രതിച്ഛായയാ ണെന്നും അത് സവിശേഷമായ ഒരു വ്യക്തിത്വം വഹിക്കുന്നുവെന്നും പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. വാർത്താവിനിമയം എന്നത് കേവലം വിവരങ്ങൾ കൈമാറലല്ല, മറിച്ച് വ്യക്തികൾ തമ്മിൽ ആഴത്തി ലുള്ള കൂടിക്കാഴ്ചയാണ്. ഡിജിറ്റൽ ഉപകരണങ്ങൾ മനുഷ്യസാന്നിധ്യത്തെ അനുകരിക്കുമ്പോൾ, ആശയവിനിമയത്തിന്റെ ആഴവും ഉത്തരവാദി ത്തവും നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന് പാപ്പ മുന്നറിയിപ്പ് നൽകുന്നു.

ദൈവത്തിന്റെ സാദൃശ്യത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ട മനു ഷ്യന്റെ മുഖവും ശബ്ദവും ആ വ്യക്തിയുടെ സവിശേഷമായ സ്വത്വമാണ്. എന്നാൽ കൃത്രിമ ബുദ്ധി (AI) പോലുള്ള നൂതന സംവിധാനങ്ങൾ മനുഷ്യ സ്വരങ്ങളെയും മുഖങ്ങളെയും അനുകരിക്കുകയും, യഥാർത്ഥ ബന്ധങ്ങ ളെക്കാൾ ഉപരിയായി അൽഗോരിതങ്ങൾ നിശ്ചയിക്കുന്ന വൈകാരിക

പ്രതികരണങ്ങൾക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്ന കാലഘട്ടമാണിത്. ഈ സാഹചര്യത്തിൽ, സാങ്കേതിക വിദ്യയ്ക്ക് അടിമപ്പെടാതെ, മനുഷ്യത്വവും ധാർമ്മികതയും മുറുകെപ്പിടിച്ചുകൊണ്ട് ആശയവിനിമയ രംഗത്ത് പ്രവർത്തിക്കാൻ നാം കടപ്പെട്ടവരാണ്.

നമുക്ക് ചുറ്റുമുള്ള ഡിജിറ്റൽ ലോകത്തെ വിവേകത്തോടെ സമീപിക്കാനും, അപരന്റെ അന്തസ്സിനെ മാനിക്കുന്ന ഒരു സംവേദന സംസ്കാരം വളർത്തിയെടുക്കാനും ഈ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു.

## വാർത്താവിനിമയ ദിനാചരണം: മാർഗനിർദ്ദേശങ്ങൾ

രൂപതകളിലും ഇടവകകളിലും ഈ ദിനം അർത്ഥവത്തായി ആഘോഷിക്കുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ താല്പര്യപ്പെടുന്നു:

1. **ബോധവൽക്കരണ സെമിനാറുകൾ:** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), സോഷ്യൽ മീഡിയ അൽഗോരിതം എന്നിവ എങ്ങനെ നമ്മുടെ ചിന്തകളെയും ബന്ധങ്ങളെയും സ്വാധീനിക്കുന്നു എന്നതിനെക്കുറിച്ച് യുവജനങ്ങൾക്കും അധ്യാപകർക്കും കുട്ടികൾക്കും പ്രത്യേക ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
2. **മീഡിയ ലിറ്ററസി (മാധ്യമ സാക്ഷരത):** വ്യാജ വാർത്തകളെ (Fake News) തിരിച്ചറിയാനും ഡിജിറ്റൽ ലോകത്തെ ചതിക്കുഴികളിൽ വീഴാതെ സത്യസന്ധമായ വിവരങ്ങൾ പങ്കുവെക്കാനുമുള്ള പരിശീലനം നൽകുക.
3. **ഡിജിറ്റൽ ഉപവാസം:** മെയ് 17-ന് ഇടവകാംഗങ്ങൾ അനാവശ്യമായ ഇന്റർനെറ്റ് ഉപയോഗം ഒഴിവാക്കി, നേരിട്ടുള്ള കുടുംബ സംഭാഷണങ്ങൾക്കും പ്രാർത്ഥനയ്ക്കും സമയം കണ്ടെത്താൻ പ്രോത്സാഹിപ്പിക്കുക.
4. **കലാ-സാഹിത്യ മത്സരങ്ങൾ:** 'മനുഷ്യനും സാങ്കേതിക വിദ്യയും' എന്ന വിഷയത്തിൽ കുട്ടികൾക്കായി ഉപന്യാസ മത്സരങ്ങൾ, പോസ്റ്റർ ഡിസൈനിംഗ്, ഷോർട്ട് ഫിലിം മത്സരങ്ങൾ എന്നിവ നടത്തുക.

സഭയുടെ മാധ്യമ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി എല്ലാ വർഷവും ലോക വാർത്താ വിനിമയ ദിനത്തിൽ ശേഖരിക്കുന്ന സ്തോത്ര കാഴ്ച അതീവ പ്രാധാന്യമുള്ളതാണ്. **2026 മെയ് 17 ഞായറാഴ്ച കേരളത്തിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന മധ്യേ ശേഖരിക്കുന്ന പ്രത്യേക സ്തോത്രകാഴ്ച, അതത് രൂപതാകേന്ദ്രങ്ങൾ വഴി കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ (KCBC) മീഡിയ കമ്മീഷനിലേക്ക് എത്തിക്കേണ്ടതാണ്.**

പ്രാർത്ഥനാപൂർവം,

ഈശോയിൽ വിശ്വസ്തതയോടെ,

**+ റവ. ഡോ. ആന്റണി മാർ സിൽവാനോസ്**
ചെയർമാൻ, കെ.സി.ബി.സി. മീഡിയ കമ്മീഷൻ

**+ റവ. ഡോ. അമ്പ്രോസ് പുത്തൻവീട്ടിൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. മീഡിയ കമ്മീഷൻ

**+ റവ. ഡോ. മാർ റെമെജിയോസ് ഇഞ്ചനാനിയിൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. മീഡിയ കമ്മീഷൻ

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025




# I

## TRANSFERS & APPOINTMENTS OF VICARS, DIRECTORS
## (May 2026)

| Very Rev./ Rev. Fr. | Transferred from | Transferred to |
|---|---|---|
| Ampatt Xavier CMI | Cicilypuram St. Cicily | Relieved |
| Anchupankil Thomas | Chempakassery St. Martin's Chapel | Study (Thrissur) |
| Athikalam James | Eravuchira St. Mary's | Puthenangady St. George |
| Chackalackal Thomas MCBS | | Athirampuzha Lisieux |
| Chakkathra Jacob | Ettumanoor Christ the King | Mundupalam St. Mary's |
| Chalackal Sebastian | Warden, Kilimala SH Hostel | Podippara Holy Family |
| Chalangady Kurian CMI | Mannanam St. Joseph's | Relieved |
| Chempilakam Joseph | Kainakary St. Mary's | Charamangalam Lourdes Matha |
| Cheppila Thomas CMI | Vizhinjam St. Peter's | Relieved |
| Chethippuzha Jacob | Asst. Corporate Manager of Schools | Relieved |
| Chiramukath Abraham CMI | | Muttar Immaculate Conception |
| Elackadunaluparayil Martin MCBS | Athirampuzha Lisieux | Relieved |
| Elanjickal George | Veroor St. Joseph's | Paral St. Antony's |
| Kakkaparambil Antony | Peroorkada Lourdes Hill | Mariyapuram Mary Matha |
| Kalayamkandom Mattom James | Bursar, SB College | Relieved |
| Kallukalam Thomas CMI | Chethipuzha Sacred Heart | Relieved |

| | | |
|---|---|---|
| Kanjiramkalayil Mathew SAC | Thuruthy Marth Mariam F. | Relieved |
| Kanjiravelil Thomas | Vice Principal, Mar Gregorios College Punnapra | Bursar, SB College |
| Kannampally Mathew CMI | Kuchapuram St. Joseph's | Relieved |
| Kannekonil Gino CMI | | Kuchapuram St. Joseph |
| Karakkadu Thomas | Edathua St. George F. | Kooroppada Mar Sleeva |
| Karikandathil Elias | Pandankary St. Pius X | Kainakary St. Mary's |
| Kizhakkemalil Ajith CMI | | Koliyoor St. Thomas |
| Kizhakkeyil Peter | | Pandalam Danahapally |
| Kokkavayalil James | Asst. Dir. Marthoma Vidyanikethan | Relieved |
| Kollammalil Josey CMI | | Ayroor Lourdes Matha |
| Kollaparampil Augustine | Nedumon St. Mary's | Relieved |
| Koottummel Sebastian | Puthenangady St. George | Thathampally Holy Family Chapel |
| Maleckal Benedict CMI | Kooroppada Mar Sleeva | Relieved |
| Manakunnel John | Mundupalam St. Mary's | Eravuchira St. Mary's |
| Mannamparambil Joseph CMI | | Poomattom St. Antony's |
| Mannooparampil Thomas CMI | | Chethipuzha Sacred Heart |
| Manthuruthil George | Director, Kudumbakkoottayma & Bible Apostolate; Coordinator, Bible Convention & Deepika Friends Club | Relieved |
| Mechirackal Mathew CMF | | Kottarakara St. Thomas |
| Molipadavil Johncy CMI | Muttar Immaculate Conception | Cheeppunkal St. Antony's |
| Mukalel Jenty CMI | Poomattom St. Antony's | Relieved |
| Muttathil Antony | Charamangalam Lourdes Matha | Puthukary St. Xavier's |
| Nannattumalil Jacob CMI | | Cicilypuram St. Cicily |
| Oozhikattu Mathew | Puthenangady St. George | Peroorkada Lourdes Hill |
| Pallichira Mathew | Puthukary St. Xavier's | Study (Calcutta) |
| Panjipuzha Varghese | Pacha-Chekkidikadu Lourdes Matha | Kuttikonam Christ the King; Chenkulam Nithya Sahaya Matha |

| | | |
|---|---|---|
| Parappallil Scaria | Paral St. Antony's | Kannady St. Joseph's |
| Parekattu Jose CMI | | Karikkattoor St. James |
| Pathalil John | Pallathuruthy St. Thomas | Vice Principal, Mar Gregorios College Punnapra |
| Peediackal Kuriakose | Mariyapuram Mary Matha | Edathua St. George F. (Residence) |
| Poriath Sunny CMI | Karikkattoor St. James | Relieved |
| Punnoor Isaac CMI | Koliyoor St. Thomas | Relieved |
| Puthettu John CMF | Kottarakara St. Thomas | Relieved |
| Thadathil Mathew | Kodinattumkunnu St. Sebastian's | Adoor Mar Sleeva; Nedumon St. Mary's |
| Thalachelloor Antony | Kannady St. Joseph's | Warden, Kilimala SH Hostel |
| Thannickapara Allwin | Pulincunnoo St. Mary's F. | Chempakassery St. Martin's Chapel |
| Thekkedom Mathew | Asst. Dir. Liturgical Research Centre | Relieved |
| Thekkethala Thomas CMI | Ayroor Lourdes Matha | Relieved |
| Thottananiyil Augustine CMI | | Vizhinjam St. Peter's |
| Vadakaetathu Mathew | | Study (Rome) |
| Vadakkummuriyil Paul CMI | Cheeppunkal St. Antony's | Relieved |
| Vattaparampil Joseph CMI | | Mannanam St. Joseph's |
| Vengasserry Thomas | Kuttikonam Christ the King; Chenkulam Nithya Sahaya Matha | Pallathuruthy St. Thomas |
| Vettuvelikkalam Luka | Adoor Mar Sleeva Pandalam Danahapally | Pandankary St. Pius X |

## TRANSFERS & APPOINTMENTS OF PAROCHIAL VICARS

| Rev. Fr. | Transferred from | Transferred to |
|---|---|---|
| Chenamparambil Sharon C.Ss.R | | Ettumanoor Christ the King |
| Chooranolikkal Sebastian VC | Poonthoppe St. Francis Assisi | Purackad Mar Sleeva |
| Choorapoikayil Jerin CFIC | | Pulincunnoo St. Mary's F. |
| Ethirettu Kudilil Antony | Paippad Lourdes Matha | Study (Manipal) |
| Kaithackal George MST | Podippara Holy Family | Relieved |
| Kallamparambil Mathew | | Champakulam St. Mary's Basilica |

| | | |
|---|---|---|
| Kollamparambil Joseph MCBS | | Paippad Lourdes Matha |
| Kuzhikkattil Joseph CMI | Kottackupuram St. Mathew's | Relieved |
| Nellikunnath Philip CMI | Mundupalam St. Mary's | Relieved |
| Ottarackal Chacko | Koothrappally St. Mary's | Study (Bangalore) |
| Plakuzhiyil Thomas CRM | | Pacha-Chekkidikadu Lourdes Matha |
| Puthuveettilkalam Joseph (Tony) | Asst. Director, Yuvadeepti-SMYM | Relieved |
| Thalachira Akhil C.Ss.R | Champakulam St. Mary's Basilica | Relieved |
| Vadakkethalackal Chackochan MCBS | | Kodinattumkunnu St. Sebastian's |
| Vettakkonam Joseph | | Poonthoppe St. Francis Assisi |

## II
## കടമുള്ള ദിവസങ്ങൾ

**ജൂൺ 29** വി. പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുനാളും **ജൂലൈ 3** ദുക്റാനാ തിരുനാളും കടമുള്ള ദിവസങ്ങളാകയാൽ വിശ്വാസികൾ സംബന്ധിക്കത്തക്കവിധം ഇടവകകളിൽ പരിശുദ്ധ കുർബാനയുടെ സമയം ക്രമീകരിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

## III
## പ്രത്യേകപിരിവുകൾ

### പത്രോസിന്റെ കാശ്

വി. പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ചു ജൂൺ 29ലെ സ്തോത്രക്കാഴ്ച (പത്രോസിന്റെ കാശ്) മാർപാപ്പായുടെ നിയോഗത്തിലേക്ക് അയച്ചുകൊടുക്കാനുള്ളതാണ്.

### സീറോമലബാർസഭാദിന ഫണ്ട്

നമ്മുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ ദുക്റാനാ തിരുനാൾ (ജൂലൈ 3) സീറോമലബാർസഭാദിനമായി ആചരിക്കുന്നു. ജൂലൈ മൂന്നിലെ സ്തോത്രക്കാഴ്ച (ഒരാൾക്ക് 4 രൂപാവീതം) സീറോമലബാർ സഭാകാര്യാലയത്തിന്റെ പ്രവർത്തനച്ചെലവുകൾക്കായി നൽകാനുള്ള താണ്.

# IV

## ഇടവകയിലെ ഓഡിറ്റേഴ്സിന്റെ തെരഞ്ഞെടുപ്പു സംബന്ധിച്ച്

ഇടവകയുടെ ഓരോ വർഷത്തെയും കണക്ക് ഓഡിറ്റ് ചെയ്യുന്നതിനു രണ്ടിൽ കുറയാതെയും നാലിൽ കൂടാതെയുള്ള പ്രതിനിധിയോഗാംഗങ്ങളല്ലാത്ത യോഗ്യരായ വ്യക്തികളെ പൊതുയോഗം തെരഞ്ഞെടുത്ത് അതിരൂപതാ കച്ചേരിയുടെ അംഗീകാരം വാങ്ങേണ്ടതാണ്. എത്ര പേരെയാണോ ആവശ്യമുള്ളത് അതിന്റെ ഇരട്ടി വരുന്ന ഒരു പാനൽ ബഹുമാനപ്പെട്ട വികാരിയച്ചൻ പൊതുയോഗത്തിനു മുമ്പാകെ വയ്ക്കേണ്ടതാണ്. അതിൽനിന്നുമാണ് തെരഞ്ഞെടുപ്പു നടത്തേണ്ടത്. സാധിക്കുന്നിടത്തോളം ഓഡിറ്റിംഗിൽ മുൻപരിചയമുള്ള, ഡിഗ്രി വിദ്യാഭ്യാസയോഗ്യതയെങ്കിലും ഉള്ളവരെ പരിഗണിക്കാൻ ശ്രദ്ധിക്കണം. ഇടവകപള്ളി, അതിന്റെ അനുബന്ധസ്ഥാപനങ്ങൾ മുതലായവയുടെ നിർമ്മാണം, നവീകരണം എന്നിവയുമായി ബന്ധപ്പെട്ടിട്ടുള്ളവരും അതുമായി ബന്ധപ്പെട്ട കമ്മിറ്റികളിൽ പ്രവർത്തിച്ചിരുന്നവരും മേൽപ്പറഞ്ഞ പാനലിൽ വരാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

❑

| പീഡാനുഭവവാരപിരിവ് 2026 – 2027 | | | | | |
|---|---|---|---|---|---|
| | പീഡാനുഭവ വെള്ളി | പെസഹാ വ്യാഴം | കാരിത്താസ് ചങ്ങനാശ്ശേരി | നോമ്പുകാല പിരിവ് | ഹോം മിഷൻ |
| **AMBOORI** | | | | | |
| Amboori St. George (F) Church | | | | | |
| Dalummukhm St. Marys Church | 3770 | 2400 | 2000 | 1730 | 2700 |
| Kutchapuram ( CMI ) | | | | | |
| Mayam St. Marys | 5540 | 4805 | | | 4445 |
| Rajagiri Christuraja Church | 3835 | 2155 | 1188 | | 3835 |
| Thekkupara St. Marys | 3000 | 500 | 1500 | 1500 | 1500 |
| Vavode S H | | | | | |
| Pachakkadu S H | 1748 | 1105 | 569 | 569 | 804 |
| **ALAPPUZHA** | | | | | |
| Alappuzha Mar Sleeva (F) Church | 83540 | 44856 | | | 43296 |
| Arattuvazhy St. Joseph | 12744 | 5800 | 3000 | 4000 | 7416 |
| Arunoottampadam | | | | | |
| Aryad L ittle Flower | 9400 | 10550 | 10420 | 7550 | 8000 |
| Chathanadu St. Alphonsa | 6503 | 3989 | 6303 | 2132 | 2611 |
| Kainakary St. Marys | 12912 | 5347 | | 5090 | 4917 |
| Kaithavana I H Church | 40001 | 18080 | 14812 | 9600 | 9969 |
| Kuttamangalam | | | | | |
| Pallathuruthy St. Thoms | 21000 | 8500 | 6800 | 4500 | 8500 |
| Poomthope | | | | | |
| Punnamada St. Marys | 17000 | 13000 | 4200 | 7000 | 8800 |
| Punnapra Mar Gregorious | 41200 | 12807 | 10000 | 5568 | 9244 |
| Purakkadu Mar Sleeva | 29620 | 9269 | | 10055 | 10044 |
| Puthenangady St. George | 37240 | 27980 | | 9257 | 1523 |
| Thathampally St. Michaels | 84136 | 35847 | | 30858 | 30185 |
| **ATHIRAMPUZHA** | | | | | |
| Athirampuzha St. Marys (F) Church | 109882 | 44793 | | 48080 | 64706 |
| Arumannoor Magalavartha | 10630 | 62400 | 5800 | 6500 | 6900 |
| Athirampuzha Lissieux | 13476 | 4810 | 4250 | 5500 | 6416 |
| Cheruvandoor St. Sebastian | 15775 | 15855 | 9220 | 9811 | 10339 |
| Ettumanoor Christhuraj Church | | | | | |
| Kattachira | | | | | |
| Kottackapuram | | | | | |
| Mannanam XII Apostle | | | | | |
| Mannarkunnu St. Gregorious | 26670 | 33191 | 35610 | 16422 | 17555 |
| Nalpathimala | | | | | |

| | | | | | |
|---|---|---|---|---|---|
| Pallikunnu (Punnathura ) | 9000 | 9000 | 6000 | 8000 | 7000 |
| Punnathura St. Thomas | 36000 | 15900 | | 12000 | 23000 |
| Thellakom (Pushpagiri ) | 6750 | | | | |
| Vettimukal St. Marys | | | | | |
| **CHAMPAKULAM** | | | | | |
| Champakulam St. Mays Basilica | 78460 | 29755 | 12635 | 19225 | 24010 |
| Chennamkary - W | | | | | |
| Chennamkary(Koolipura) | | | | | |
| Kandamkary St. Joseph | | | | | |
| kondakkal | | | | | |
| Narbonapuram | | | | | |
| Nazareth | | | | | |
| Padaharam St. Joseph | 5830 | 4130 | 2025 | 3980 | 5350 |
| Ponga (Sleevapuram) Mar Sleeva | 4900 | 5000 | 3800 | 6450 | 6200 |
| Pullangady Hoiy Family | | | | | |
| Thekkekara St. John's | | | | | |
| Thekkekara St. Sebastian | 3810 | 4216 | | | 4750 |
| Thottuvathala | | | | | |
| Vadakkeamichakary St. Gerorge | 14000 | 7000 | | 4500 | 5500 |
| Vaisyambhagam | | | | | |
| **CHANGANACHERRY** | | | | | |
| Changanacherry St. Marys Metropolitan Church | 45000 | 35000 | 30000 | 28000 | 30000 |
| Cheeramchira St. George | 20309 | 24284 | 10326 | 12000 | 11787 |
| Chethipuzha S H | 83120 | 34170 | 50830 | 32560 | 44480 |
| Kidangara | | | | | |
| Kumaramkary | | | | | |
| Laikkadu St. Joseph | 32882 | 14500 | 15218 | 8400 | 10000 |
| Mahendrapuram | | | | | |
| Manackachira st. Joseph | 10375 | 4517 | | 7258 | 8213 |
| Paral St. Antony"s | | | | | |
| Parel St. Marys | | | 30000 | | |
| Perunna East St. Antonys | 7150 | 5833 | | 3861 | 2755 |
| Pulimugham ( Kidangara ) | | | | | |
| Puzhavathu | 8000 | 7000 | 3000 | 3000 | 5000 |
| Vazhappally WEST | | | | | |
| Veroor | | | | | |
| Vettithuruth St. Antonys | 5595 | 5007 | 1530 | 4270 | 4948 |
| Vazhappally Gethesemany asram | 15500 | 11500 | | | |

| | | | | | |
|---|---|---|---|---|---|
| **CHENGANNOOR** | | | | | |
| Chengannur Marth Mariam (F) Church | | | | | |
| Adoor | | | | | |
| Ayroor | | | | | |
| Ezhumattoor | | | | | |
| Kallooppara ( Puthussery) Lourdes Matha | | | | | |
| Mavelikara St. Alphonsa church | | | | | |
| Nedumon | | | | | |
| Panthalam | 2500 | 2000 | 750 | 1520 | 1500 |
| Thadiyoor | | | | | |
| **EDATHUVA** | | | | | |
| Edathua St. George (F) Church | | | | | |
| Virupala St Jude | 3500 | 6500 | 15000 | 3000 | 4000 |
| ST Joseph Karumady | | | | | |
| Karuvatta St. Joseph | | | | | |
| Kelamangalam | | | | | |
| Kizhake Mithrakary Holy Family | | | | | |
| Mithrakary St.Xaviers | | | | | |
| Koduppunna St. Josephs church | | | | | |
| Muttar Old St.George | | | | | |
| Muttar CMI | | | | | |
| Muttar New St. Thomas | | | | | |
| Niranam Pilgrim Centre Mar Thoma Sleeha | 1990 | 1910 | | 1930 | 2330 |
| Pacha Chekkidikadu Lourdes Matha | 50000 | 50000 | 25000 | 18000 | 40000 |
| Pandy | | | | | |
| Puthukary St. Xaviers Church | | | | | |
| Thakazhy,Thennady St. Ritas Thazhy | | | | | |
| Thayankary St.Antonys | | | | | |
| Ambalapuzha (Karumady )St. Marys | 5381 | 5752 | 4529 | 3879 | 4021 |
| Changamkary St. Joseph | 7730 | 4700 | | 8610 | 8520 |
| Kariyil Hoiy Family | 5000 | 4616 | 4470 | 2717 | 2835 |
| Mariyapuram Mary Matha | 18098 | 10929 | 3573 | 12130 | 14782 |
| Pandamkary, Pious Xth | | | | | |
| Koilmukku, Edathuva | | | | | |
| Kumarapuram, Karuvatta | | | | | |
| Karumady St Nicholas | 10000 | 5000 | 1000 | 3000 | 4000 |

| KOLLAM-AYOOR | | | | | |
|---|---|---|---|---|---|
| Ayoor Christ the king (F) Church | 9020 | 5400 | 5000 | 4714 | 7390 |
| Kollam Thoma Sleeva Pally | | | | | |
| Anakulam St Joseph church | | | | | |
| Anchal | | | | | |
| Aryankavu St. Marys | 11270 | 13786 | 16674 | 5100 | 7132 |
| Chenkulam Nithyasahaya Matha church | 1000 | 1000 | 750 | 500 | 1000 |
| Cherukadav Infant Jesus | 2090 | 1243 | | 1210 | 1417 |
| Cheriyavelinalloor St. Sebastoans | 1000 | 1000 | 1000 | 1000 | 1000 |
| Edappalayam | | | | | |
| Karavaloor | | | | | |
| Kollam, Kadappakada | | | | | |
| Kottarakara, Pulamon St. Thomas | | | | | |
| Kulathupuzha St. Sebastian | | | | | |
| Kuttikonam (Makkannor) Christ the king | 2500 | 2000 | 2000 | 1000 | 1500 |
| Meenkulam Lourdes Matha | | | | | |
| Narikkallu | | | | | |
| Pazhayeroor | | | | | |
| Philgiri St. Joseph | 15360 | 8264 | | 9535 | 16184 |
| Punaloor S H | 5711 | 4385 | 2629 | 3090 | 4185 |
| Venchempu | | | | | |
| Pathanapuram | | | | | |
| **KOTTAYAM** | | | | | |
| Kottayam Lourdes (F) Church | 90000 | 67700 | | 45060 | 60450 |
| Aruvikuzhy | | | | | |
| Ayarkunnam st Sebastian | 45000 | 45000 | 50000 | 50000 | 30000 |
| Cheppumpara | 11260 | 11037 | 13903 | 6900 | 7125 |
| Eravinalloor | | | | | |
| Kaduvakulam (Kollad) | 39015 | 13792 | 13023 | 9904 | |
| Kooroppada | 21929 | 20250 | 5500 | 8109 | 17930 |
| Pampady Deva Matha | | | | | |
| Pangada | | | 5831 | | |
| Puthupally (CMI) St. Antonys (Poomattam) | | | | | |
| Thazhathangady | | | | | |
| Vadavathoor | | | | | |
| **KUDAMALOOR** | | | | | |
| Kudamaloor St. Mary's (F) Church | | | | | |
| Aickarachira | | | | | |

| | | | | | |
|---|---|---|---|---|---|
| Arppookkara, Villoonni St. Xaviers | | | | | |
| Arppookkara Little Flower | 12200 | 7400 | | 10600 | 11000 |
| Cheeppunkal St. Antonys | 6950 | 2140 | 1600 | 2472 | 3892 |
| Chengalam St. sebastians | | | 1500 | 1507 | |
| Kiliroor St. Francis De Sales | | | | | |
| Kumarakam Vadakkumkara | | | | | |
| Kumaranalloor St Thomas | 13125 | 11129 | 13410 | 5883 | 8768 |
| Kumarakom Navanazreth | 15078 | 7610 | | | 3000 |
| Mannanam (CMI) | | | | | |
| Mudiyoorkara Holy Family | | | | | |
| Parampuzha Bethehem Church | 52990 | 19530 | 39461 | 28380 | 28530 |
| **KURUMPANADAM** | | | | | |
| Kurumpanadam St. Antonys (F) | | | | | |
| Eravuchira | | | | | |
| Kurumpanadam Assumption | 35000 | 21000 | 8000 | 11000 | 16000 |
| Madappally LF | 40151 | 21399 | 8000 | 15693 | 25079 |
| Mammoodu Lourdes Matha Church | 55331 | 38048 | | 23830 | 27738 |
| Mannila Holy Family Church | 11534 | 5135 | 3650 | 3650 | 4608 |
| Rajamattam | | | | | |
| Thottackad St. George church | 27000 | 25000 | 11000 | 17000 | 16000 |
| **MANIMALA** | | | | | |
| Manimala Holy Magi (F) Church | 37000 | 8000 | 17000 | 8000 | 14000 |
| Chunkappara | | | | | |
| Kadainickadu St. Marys | 6000 | 7000 | 3000 | 6000 | 6000 |
| Karikkattoor | | | | | |
| Karimpanakulam SH | 12515 | 17975 | 11425 | 12140 | 12277 |
| Kottangal St. John The Baptist | 5100 | 4200 | | 3600 | |
| Kulathoor | | | | | |
| Manimala (NEW) St. Basil | | | | | |
| Nirmalapuram | | | | | |
| Perumkavu St. Thomas | | | | | |
| Vallamchira | 3015 | 1060 | 1050 | 2325 | 2550 |
| **MUHAMMA** | | | | | |
| Muhamma St. George(F) Church | | | | | |
| Charamangalam | | | | | |
| Kalavoor St. Thomas | 6750 | 3165 | 1775 | 4950 | 5631 |
| S L Puram (Kanjikuzhy ) St. Sebastian | 3600 | 2200 | | 2300 | 1600 |
| Paduvapuram (Kanichukulangara) St. Antonys | 2000 | 2860 | | 2365 | 2815 |
| Mannancherry St. Mary's | | | | | |

| | | | | | |
|---|---|---|---|---|---|
| **NEDUMKUNNAM** | | | | | |
| Nedumkunnam St. John The Baptist( F) Church | 115000 | 35000 | 20000 | 20000 | 35000 |
| Anickad St. Antonys | | | | | |
| Champakara | 45100 | 23470 | | | 21660 |
| Koothrappally St. Marys | 48800 | 24600 | 17100 | 23500 | 25472 |
| Mallappally St. Athanasious | 11565 | 4456 | 4050 | 4036 | 4643 |
| Mundathanam St. Antonys | 11610 | 7150 | | 6010 | 5130 |
| Nedumanny Fathima Matha | | | | | |
| Panayampala St. Sebastians | | | | | |
| Pulickakavala St. Marys | 17098 | 16144 | 12000 | 13000 | 11900 |
| Punnaveli L F | 3000 | 4000 | 2200 | 3000 | 3000 |
| Thazhathuvadakara Lourdes Matha | | | | | |
| Vaipur New St. Joseph | | | | | |
| Vaipur OLD St. Marys | | | | | |
| Vettickapurayidom St. Sebastian | 3992 | 2500 | | 2518 | 2750 |
| **PULINCUNNOO** | | | | | |
| Pulincunnoo St. Marys (F) Church | 39390 | 74200 | | 14653 | 16277 |
| Kannady St. Ritas | 10830 | 8856 | 4741 | | 5772 |
| Kannady St. Joseph | 10000 | 5265 | | 4430 | 3940 |
| Kavalam St. Therasa's | | | | | |
| Kavalam ( Lisieux ) | | | | | |
| Kayalpuram St. Antonys | | | | | |
| Kayalpuram St. Josephs | 6469 | | | | |
| Mampuzhakary Lourdes Matha | 14811 | 6964 | 6890 | 4586 | 9708 |
| Manalady | | | | | |
| Mithrakary St. Xaviers | | | | | |
| Moncompu Pious X$^{th}$ | 9660 | 6050 | 4500 | 4095 | 4917 |
| Pallikkuttumma | | | | | |
| Punnakunnathusserry St. Joseph | | | | | |
| Ramankary St. Joseph Church | 8314 | 14430 | 144490 | 5000 | 5522 |
| Veliyanadu,(S) St. Xaviers | | | | | |
| Veliyanadu (N) St. Joseph | | | | | |
| Veliyanadu (N) (Kesaria) | | | | | |
| Vezhapra St. Pauls Church | | | | | |
| **THIRUVANANTHAPURAM** | | | | | |
| Thiruvananthapuram Lourdes (F) Church | 76780 | 52450 | 44035 | | 35720 |
| Kannammoola St. Mother Teresa | | | | | |
| Karyavattam St. Josephs | | | | | |

| | | | | | |
|---|---|---|---|---|---|
| Mannanthala Ranigiri | 30421 | 24544 | | 15691 | 14021 |
| Palode (Peringamala) St. Marys | 1310 | 910 | | 356 | |
| Peroorkada Lourdes Hill | | | | | |
| Pongummoodu St. Alphonsa | 16220 | 11005 | 3500 | 7428 | 14907 |
| Sreekaryam Emmaus | | | | | |
| Thirumala Holy Family | | | | | |
| Thiruvallam (Kovalam) | | | | | |
| Vattiyoorkavu SFS Church | 8010 | 6180 | 2840 | | 5625 |
| Vithura All Saints | 3000 | 1700 | 1050 | 1500 | 700 |
| Vizhinjam St. Peters Church | | | | | |
| Karyavattam St. Josephs | | | | | |
| Attingal St. Jude Church | 2200 | 960 | 1400 | 1125 | 545 |
| Killy | | | | | |
| Nedumangadu St.Thomas | | | | | |
| Uchakada, (Vizhinjam) | | | | | |
| Vellayani Little Flower Church | 5115 | 2460 | | 3945 | 2650 |
| Kesavadasapuram Mar Geevarghese Sahada | | | | | |
| **THRICKODITHANAM** | | | | | |
| St. Xaviers F Church | | | 33800 | | |
| Chanjody St. Sebastins | 17319 | 11282 | 10338 | | 12560 |
| Fathimapuram Fathima Matha | 25000 | 11000 | | 14728 | 20000 |
| Kodinattumkunnu St. Sebastian | 45120 | 18920 | | | 15528 |
| Kunnamthanam St. Joseph | 26890 | 18845 | 4000 | 4000 | 4000 |
| Mundupalam St. Marys | 19848 | 10800 | 11108 | 11200 | 14273 |
| Paippadu Nalukody St. Thomas | 80218 | 62849 | 50075 | 28089 | 30455 |
| Paippadu Lourdes Matha church | 25917 | 23845 | 29000 | 15456 | 25782 |
| Thiruvalla- Muthoor St. Antonys | 11200 | 25850 | 11300 | 8650 | 9680 |
| **THURUTHY** | | | | | |
| Thuruthy Marth Mariam (F) Church | 52700 | 23850 | 20340 | 13335 | 16760 |
| Eara Lourdes Matha | | | | | |
| Ithithanam St. Marys | 69556 | 40166 | | 23636 | 34631 |
| Kainady Our Lady of Dolours | 15000 | 7000 | 5000 | 3000 | 7000 |
| Kavalam (N) St. Joseph | 6469 | 2245 | 1646 | | |
| Kurichy Santhygiri St. Joseph | 22700 | 13807 | 14100 | 12098 | 21670 |
| Payattupakka Holy Family | | | | | |
| Podippara Holy Family | 26754 | 24362 | | 16026 | 14555 |
| Vadakkekara St. Marys | | | | | |
| Yudapuram St. Jude | | | | | |

Last Updated - 25.05.2026

# 17-ാം പ്രസ്ബിറ്റൽ കൗൺസിലിന്റെ 6-ാമത് സമ്മേളനത്തിന്റെ റിപ്പോർട്ട്

ചങ്ങനാശേരി അതിരൂപതയുടെ പ്രസ്ബിറ്ററൽ കൗൺസിലിന്റെ 6-ാമത് സമ്മേളനം ഏപ്രിൽ 22 ബുധനാഴ്ച രാവിലെ 10.15 ന് അതിമെത്രാസന ഭവനത്തിൽ ആരംഭിച്ചു.

അതിരൂപത പ്രോട്ടോ സിഞ്ചെള്ളൂസ് ഏത്തയ്ക്കാട് പെരിയ ബഹു. ആന്റണിയച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. ഒരേ അജപാലന ലക്ഷ്യത്തോടെ ഒരുമിച്ച് സഞ്ചരിക്കുന്നവരായ നമ്മൾ സഭയുടെ കൂട്ടായ്മയുടെ ചൈതന്യം പ്രകാശിതമാക്കാൻ ഉത്തരവാദിത്വമുള്ളവരാണെന്ന് അച്ചൻ ഓർമ്മിപ്പിച്ചു. വൈദികരുടെ അജപാലനപരമായ പങ്കുവെപ്പുകൾ മറ്റിടങ്ങളിൽ നല്ല അജപാലന സംരംഭങ്ങളുടെ തുടക്കത്തിനു കാരണമാകുമെന്നു പറഞ്ഞ അച്ചൻ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, ഡിജിറ്റൽ അക്കമ്പനിമെന്റ് പ്രോഗ്രാം, യുവജന നേതൃനിര രൂപീകരണം എന്നിങ്ങനെയുള്ള വിഷയങ്ങളിലേക്ക് യോഗത്തിന്റെ ശ്രദ്ധ ക്ഷണിച്ചു. തുടർന്ന്, അച്ചൻ അഭി. തോമസ് തറയിൽ പിതാവിന് മെത്രാഭിഷേക വാർഷികത്തിന്റെ മംഗളങ്ങൾ യോഗത്തിന്റെ പേരിൽ ആശംസിച്ചു.

മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത യോഗത്തിന് അധ്യക്ഷത വഹിച്ചു. ആശംസകൾക്കു നന്ദി അറിയിച്ച അഭി. മെത്രാപ്പോലീത്ത കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് അതിരൂപതയിലെ അജപാലനശൈലിക്കും മാറ്റമുണ്ടാകണമെന്നും ജനങ്ങളുടെ ജീവിതസാഹചര്യങ്ങൾ മനസിലാക്കാതെ നമ്മുടെ വചനപ്രഘോഷണവും ഇതരശുശ്രൂഷകളും ഫലപ്രദമാകില്ലെന്നും പറഞ്ഞു. യുവദമ്പതികൾക്കായി അതിരൂപതയിൽ ക്രമീകരിക്കപ്പെടുന്ന കൺവെൻഷനിൽ ഇടവകയിലെ യുവദമ്പതികളെ നേരിട്ട് ക്ഷണിച്ച് പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കണം; അജപാലന സൗകര്യത്തിനായി അതിരൂപതയിൽ രൂപം നൽകിയിരിക്കുന്ന വിവിധ സംഘടനകളും പ്രസ്ഥാനങ്ങളും എല്ലാ ഇടവകകളിലും സജീവമാക്കണം. കുട്ടികളെയും യുവജനങ്ങളെയും പ്രചോദിപ്പിക്കാൻ കഴിവുള്ള വ്യക്തികളെ ഇടവകസമൂഹത്തിലേക്ക് ക്ഷണിക്കുന്നതും അവരുമായുള്ള സംവാദത്തിന് അവസരമൊരുക്കുന്നതും ഗുണകരമായ മാറ്റങ്ങൾക്കു കാരണമാകുമെന്നും പിതാവ് കൂട്ടിച്ചേർത്തു.

തുടർന്ന്, യോഗത്തിന്റെ അടിയന്തരശ്രദ്ധ ആവശ്യമുള്ള ഭവനനിർമ്മാണ പദ്ധതി സംബന്ധിച്ചുള്ള കാര്യങ്ങൾ ആദ്യം ചർച്ച ചെയ്യാമെന്നു അഭി. പിതാവ് നിർദ്ദേശിച്ചു. 'കളർ എ ഹോം' പദ്ധതിയുടെ ചുമതലയുള്ള അതിരൂപതാ ജീവകാരുണ്യനിധി ട്രസ്റ്റിന്റെ സെക്രട്ടറി കുഴിയടിയിൽ ബഹു. ബെന്നിയച്ചൻ വിഷയാവതരണം നടത്തി. തുടർന്ന് യോഗം ആ വിഷയം സഗൗരവം വിശദമായി ചർച്ച ചെയ്തു. 'കളർ എ ഹോം' പദ്ധതി അതിരൂപതയിലെ ഭവനരഹിതരെ കണ്ടെത്തി ഘട്ടംഘട്ടമായി ഭവനങ്ങൾ നിർമ്മിച്ചു നൽകുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമമാക്കണമെന്നും ഇടവകയ്ക്കു തിരികെ ലഭിക്കുന്ന തുക ഭവനനിർമ്മാണ - പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കപ്പെടേണ്ടതാണെന്നും യോഗം അഭിപ്രായപ്പെട്ടു. നിർമ്മിച്ചു നൽകിയ ഭവനങ്ങൾ വിറ്റുകളയുന്ന സാഹചര്യങ്ങൾ ഉണ്ടെന്നും അക്കാര്യത്തിൽ കൃത്യമായ നിബ

സ്ധനകൾ പാലിക്കണമെന്നും യോഗത്തിൽ അഭിപ്രായം ഉയർന്നു; എന്നാൽ ഇപ്രകാരം നിഷ്കർഷകൾ വയ്ക്കുന്നതിന് നിയമപരമായ നിബന്ധനകളും കുടുംബപരമായ പ്രശ്നങ്ങളും തടസ്സങ്ങളാണെന്നും ഭവനം നിർമ്മിച്ചു നൽകിയാൽ മറ്റുപാധികൾ വയ്ക്കാതിരിക്കുന്നതാണ് നല്ലതെന്നും ചില അംഗങ്ങൾ ചൂണ്ടിക്കാട്ടി. ഭവന നിർമ്മാണ പദ്ധതി സംബന്ധിച്ച് കൂടുതൽ പഠിക്കുന്നതിന് പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കൽ, പെരിയ ബഹു. സെബാസ്റ്റ്യൻ പുന്നശ്ശേരി, ബഹു. മാത്യു ഓടലാനി, ബഹു. ജോഫി പുതുപ്പറമ്പിൽ എന്നീ വൈദികരെ യോഗം ചുമതലപ്പെടുത്തി. സിഞ്ചെല്ലൂസ് പെരിയ ബഹു. മാത്യു ചങ്ങങ്കരിയച്ചൻ അതിരൂപത നിയമാവലി സംബന്ധിച്ചുള്ള കാര്യങ്ങൾ അവതരിപ്പിച്ചു. നിയമങ്ങളുടെ സ്ഥിരസ്വഭാവം പൊതുവായ ക്രമത്തിന് അടിയന്തിരമാണെന്നും ഇതുവരെ നൽകപ്പെട്ടതിൽ നിയമാവലിയിൽ ഉൾപ്പെടാത്ത നിയമങ്ങൾ കോഡീകരിച്ചു നൽകണമെന്നും അഭിപ്രായമുയർന്നു. മിശ്രവിവാഹങ്ങൾക്കായി നൽകപ്പെട്ടിരിക്കുന്ന മാനദണ്ഡങ്ങൾ കത്തോലിക്കാ - അകത്തോലിക്ക എഗ്രിമെന്റ് പ്രകാരമുള്ളതാണോ എന്നു പരിശോധിക്കുകയും ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്യണമെന്ന് നിർദ്ദേശമുണ്ടായി.

ബഹു. ആര്യങ്കാല റ്റോം അച്ചൻ വൈദികക്ഷേമം സംബന്ധിച്ചുള്ള വസ്തുകൾ യോഗത്തിൽ അവതരിപ്പിച്ചു. അതിരൂപതയ്ക്കുവേണ്ടി അധ്വാനിച്ച ബഹു. വൈദികരുടെ ശാരീരികവും മാനസികവും ആത്മീയവുമായ ക്ഷേമം ഉറപ്പുവരുത്താൻ, എല്ലാവരുടെയും കൂട്ടായ സഹകരണത്തോടെ വേണ്ടതെല്ലാം ചെയ്യാൻ അതിരൂപത പ്രതിജ്ഞാബദ്ധമാണെന്ന് അഭി. പിതാവ് യോഗത്തെ അറിയിച്ചു.

ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയുടെ കുരിശുപള്ളിയായി കഴിഞ്ഞ 71 വർഷമായി തുടരുന്ന പുഴവാത് സെന്റ് തോമസ് പള്ളിയെ, അതിരൂപതാദിനത്തിൽ, അതിർത്തി തിരിഞ്ഞ കുരിശുപള്ളിയായി പ്രഖ്യാപിക്കുവാനുള്ള നിർദ്ദേശം ചാൻസിലർ പെരിയ ബഹു. ജോർജ് പുതുമനമൂഴിയിൽ അച്ചൻ അവതരിപ്പിച്ചു; യോഗം ഐക്യകണ്ഠേന അതിനെ പിന്താങ്ങി.

തുടർന്നു നടന്ന പൊതുചർച്ചയിൽ അഭി. പിതാവ്, മെയ് 10നു നടക്കാനിരിക്കുന്ന 'കരുതൽ' സാമ്പത്തിക സമാഹരണ സംരംഭത്തെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ പങ്കുവച്ചു. അതിരൂപതയുടെ പൊതുവായ ജീവകാരുണ്യ പദ്ധതികളോടുള്ള സഹകരണം വലിയ നന്മകൾക്കു കാരണമാകുമെന്നും കിടങ്ങറയിലെ, മാനസിക സവിശേഷതകളുള്ള സ്ത്രീകളുടെ അഗതിമന്ദിരത്തിന്റെ പുനരുദ്ധാരണം അടിയന്തരപ്രാധാന്യമുള്ളതാണെന്നും അഭി. പിതാവ് ചൂണ്ടിക്കാട്ടി.

സിഞ്ചെല്ലൂസ് പെരിയ ബഹു. തെക്കേക്കര ജോൺ അച്ചൻ യോഗത്തിനു നന്ദി പറഞ്ഞു. അഭിവന്ദ്യ പിതാവിന്റെ ആശീർവാദത്തോടെ, 1.15ന് യോഗം പര്യവസാനിച്ചു.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി*

❑

# 140-ാമത് അതിരൂപതാദിനാചരണ റിപ്പോർട്ട്

ചങ്ങനാശേരി അതിരൂപതയുടെ 140-ാമത് അതിരൂപതാദിനാചരണം 2026 മെയ് 20 ബുധനാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളി അങ്കണത്തിൽ ക്രമീകരിച്ചിരുന്ന ഫാ. ഡൊമിനിക് തോട്ടാശേരി നഗറിൽ നടത്തപ്പെട്ടു. കേരളത്തിലെ അഞ്ചു ജില്ലകളിൽ ഇരുന്നൂറ്റമ്പതോളം ഇടവകകളിലായി 82000 കുടുംബങ്ങളിലെ നാലുലക്ഷത്തിൽപരം വരുന്ന വിശ്വാസികളുടെ പ്രതിനിധികളും സന്യസ്ത പ്രതിനിധികളും അതിരൂപതയിൽ സേവനം ചെയ്യുന്ന വൈദികരും ഉൾപ്പെടെ രണ്ടായിരത്തിലധികം ആളുകൾ സമ്മേളനത്തിൽ പങ്കെടുത്തു. ഒരു വികാരിയാത്ത് എന്ന നിലയിൽ അതിരൂപത സ്ഥാപിക്കപ്പെട്ടതിന്റെ ശതോത്തര റൂബി ജൂബിലി ആചരിക്കുന്നു എന്നതാണ് ഇത്തവണത്തെ അതിരൂപതാദിനത്തിന്റെ പ്രത്യേകത.

## മുഖ്യചിന്താവിഷയം

സീറോമലബാർസഭ സമുദായ ശക്തീകരണവർഷം ആചരിക്കുന്നതിനാൽ ഈ വർഷത്തെ അതിരൂപതാദിനത്തിന്റെ മുഖ്യചിന്താവിഷയവും പ്രമേയവും സമുദായ ശക്തീകരണമായിരുന്നു. ഇതോടനുബന്ധിച്ചുള്ള പ്രത്യേക ആദരിക്കലുകൾ, പദ്ധതിപ്രഖ്യാപനങ്ങൾ, കലാപരിപാടികൾ എന്നിവ നടത്തപ്പെട്ടു.

## സമ്മേളന നഗർ

അതിരൂപതാദിനത്തിന്റെ സമ്മേളനനഗർ ഫാ. ഡൊമിനിക് തോട്ടാശേരിയുടെ പേരിലാണ് അറിയപ്പെടുന്നത്. ചങ്ങനാശേരി അതിരൂപതാ വൈദികനായിരുന്ന അദ്ദേഹം അജപാലന പ്രവർത്തനങ്ങൾക്കൊപ്പം പൊതുമണ്ഡലത്തിലും ശക്തമായി പ്രവർത്തിച്ചിരുന്നു. സാമൂഹികവിഷയങ്ങളിൽ ക്രിയാത്മകമായി ഇടപെട്ടിരുന്നു. പൊതുസമൂഹത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ജനസമ്മതി മൂലം 1921 ഡിസംബർ 12ന് അദ്ദേഹം ചങ്ങനാശേരി മുൻസിപ്പാലിറ്റിയുടെ ആദ്യത്തെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. തന്റെ മൂന്നുവർഷത്തെ ഭരണകാലത്ത് ചങ്ങനാശേരി പട്ടണത്തിന്റെ വികസനത്തിന് അടിത്തറപാകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. പൊതുസമൂഹത്തിന് അദ്ദേഹം ചെയ്ത സേവനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് 99ലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924 ലെ പ്രളയത്തിൽ, മുൻസിപ്പാലിറ്റിയുടെ സംവിധാനങ്ങളും അതിരൂപതയുടെ സംവിധാനങ്ങളും സംയുക്തമായി ഉപയോഗിച്ച് കുട്ടനാട്ടിലെ ആളുകളെ രക്ഷിച്ച പ്രവർത്തനമാണ്. വിദ്യാഭ്യാസരംഗത്തും മലങ്കര കത്തോലിക്കാ സഭയുടെ പുനരൈക്യത്തിലും അദ്ദേഹം വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയിട്ടുണ്ട്. സഭയ്ക്കും പൊതുസമൂഹത്തിനും വിശിഷ്ടസേവനങ്ങൾ നൽകിയ ഈ ധീരാത്മാവിനെ സമുദായ ശക്തീകരണവർഷത്തിൽ അതിരൂപത പ്രത്യേകമായി അനുസ്മരിച്ചു.

## വിവിധ തലങ്ങളിലെ ഒരുക്കങ്ങൾ

അതിരൂപതാ ദിനാചരണത്തിന്റെ ഒരുക്കങ്ങൾക്ക് ഔദ്യോഗികമായ ആരംഭം കുറിക്കുന്നതിന്റെ ഭാഗമായി ഏപ്രിൽ 22 ബുധനാഴ്ച അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട പ്രസ്ബിറ്ററൽ കൗൺസിലിൽ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത അതിരൂപതാദിനത്തിന്റെ ലോഗോ പ്രകാശനം ചെയ്തു. അതിരൂപതാദിനാചരണത്തിന് ഒരുക്കമായി മെയ് 10 മുതൽ 19 വരെ പ്രാർത്ഥ നാദിനമായി ആചരിച്ചു. അതിരൂപതാദിനത്തിന്റെ ജനറൽ കൺവീനർ പെരിയ ബഹു. ആന്റണി ഏത്തക്കാടച്ചന്റെയും, തൃക്കൊടിത്താനം ഫൊറോനാപ്പള്ളി വികാരി പെരിയ ബഹു. സെബാസ്റ്റ്യൻ പുന്നശ്ശേരിയച്ചന്റെയും അതിരൂപതാ കോർഡിനേറ്റേഴ്സിന്റെയും നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ തൃക്കൊടി ത്താനം ഫൊറോനാപ്പള്ളിയിൽ ഒരുമിച്ച് കൂടുകയും വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

## വിളംബരദിനം: ഛായാചിത്ര- ദീപശിഖാ പ്രയാണങ്ങൾ

140-ാമത് അതിരൂപതാദിനാഘോഷങ്ങളുടെ മുന്നോടിയായി 2026 മെയ് 19 ചൊവ്വാഴ്ച വിളമ്പരദിനമായി ആചരിച്ചു. അന്നേദിവസം തിരുവനന്തപുരം മുട്ടട, ഹോളി ക്രോസ് പള്ളിയിലുള്ള സ്വാതന്ത്ര്യസമര സേനാനി അക്കാമ്മ ചെറിയാന്റെ കബറിടത്തിൽനിന്ന് മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ ദീപശിഖാ പ്രയാണം ആരംഭിച്ചു. വെരി റവ. ഡോ. ജോൺ തെക്കേക്കര ദീപം തെളിച്ച് മിഷൻ ലീഗ് അതിരൂപതാ പ്രസിഡന്റ് ടിന്റോ സെബാസ്റ്റ്യന് കൈമാറി. വിവിധ ഇടവകകളുടെ സ്വീകരണങ്ങൾക്കുശേഷം നാലുകോടിയിൽ എത്തിച്ചേരുന്ന പ്രയാണം തൃക്കൊടിത്താനം മേഖലാ മിഷൻലീഗ് അംഗങ്ങൾ സ്വീകരിച്ച് സൈക്കിൾ റാലിയായി സമ്മേളന നഗരിയിലേക്ക് ആനയിച്ചു.

ഛായാചിത്ര പ്രയാണം ഫാ. ഡൊമിനിക് തോട്ടാശേരി ആദ്യ ചെയർമാ നായിരുന്ന ചങ്ങനാശേരി മുൻസിപ്പാലിറ്റിയിൽനിന്ന് ആരംഭിച്ചു. മുൻസിപ്പൽ ചെയർമാൻ ശ്രീ. ജോമി ജോസഫ് ഛായാചിത്രം അനാച്ഛാദനം ചെയ്ത് യുവ ദീപ്തി-എസ്.എം.വൈ.എം. അതിരൂപതാ പ്രസിഡന്റ് ശ്രീ. അലക്സ് സെബാ സ്റ്റ്യൻ മഞ്ഞുമ്മേലിനു കൈമാറി. നൂറുകണക്കിന് ബൈക്കുകളുടെ അകമ്പടി യോടെ ഛായാചിത്ര പ്രയാണം വിവിധ ഇടവകകളുടെ സ്വീകരണം ഏറ്റുവാങ്ങി സമ്മേളനനഗരിയിൽ എത്തിച്ചേർന്നു. ഇരുപ്രയാണങ്ങളെയും അതിരൂപത പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി ഏത്തക്കാട് സ്വീകരിച്ച് സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിൽ പ്രതിഷ്ഠിച്ചു. തുടർന്നുള്ള റംശാ പ്രാർഥനയ്ക്ക് വെരി റവ. ഫാ. ആന്റണി ഏത്തക്കാട് കാർമ്മികത്വം വഹിച്ചു. അഭി. തോമസ് തറയിൽ മെത്രാപ്പോലീത്ത സന്ദേശം നൽകി.

## അതിരൂപതാ ദിനം

മെയ് 20 രാവിലെ 9.30നു തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന പ്പള്ളിയിൽനിന്നും ദീപശിഖ, ഛായാചിത്രം, അതിരൂപതാദിന പതാക എന്നി വയ്ക്ക് പിന്നിലായി പേപ്പൽ പതാകയേന്തിയ 18 ഫൊറോനാ കൗൺസിൽ സെക്രട്ടറിമാരും വിശിഷ്ടാതിഥികളും അഭി. പിതാക്കന്മാരും സമ്മേളന നഗരി

യിലേക്ക് പ്രവേശിച്ചതോടെ അതിരൂപതാദിനാഘോഷങ്ങൾക്ക് തുടക്കമായി. ഛായാചിത്രവും ദീപശിഖയും നിർദിഷ്ടസ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചു. തുടർന്നുള്ള ഖുഥാ്ആ പ്രാർത്ഥനയ്ക്ക് അതിരൂപത സിഞ്ചെള്ളൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ കാർമ്മികത്വം വഹിച്ചു. ബഹു. ഷാജി തുമ്പേച്ചിറയച്ചന്റെ നേതൃത്വത്തിൽ നമ്മുടെ സമുദായത്തിന്റെ ചരിത്രവും സംസ്ക്കാരവും വിളിച്ചോതുന്ന കലാപരിപാടികൾ അവതരിപ്പിക്കപ്പെട്ടു. അതിരൂപത പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറിമാരായ ശ്രീ. ബിജു സെബാസ്റ്റ്യൻ, പ്രൊഫ. പി. വി. ജെറോം എന്നിവർ അതിരൂപതാദിന പതാക ഉയർത്തി. തൽസമയം ഗായകസംഘം അതിരൂപതാ ആന്തം ആലപിച്ചു.

## പൊതുസമ്മേളനം

പൊതുസമ്മേളനത്തിന് അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി ഏത്തക്കാട് സ്വാഗതം ആശംസിച്ചു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനപ്പള്ളി വികാരി വെരി റവ. ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി സമ്മേളനനഗർ പരിചയപ്പെടുത്തി. ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭി. തോമസ് തറയിൽ പിതാവ് അധ്യക്ഷപ്രസംഗം നടത്തി. പത്തനംതിട്ട രൂപതാധ്യക്ഷനും കെ.സി.ബി.സി. വൈസ് ചെയർമാനുമായ അഭി. ഡോ. സാമുവൽ മാർ ഐറേനിയോസ് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി അതിരൂപത സിഞ്ചെള്ളൂസ് ഡോ. മാത്യു ചങ്ങങ്കരി അതിരൂപതാദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പ്രതിജ്ഞയുടെ സമയത്ത് 18 ഫൊറോന കൗൺസിൽ സെക്രട്ടറിമാരും പേപ്പൽ പതാകയുമായി വേദിക്ക് മുമ്പിൽ അണിനിരന്നു. ചങ്ങനാശ്ശേരി അതിരൂപതാംഗവും കേരള നേവൽ ഓഫീസ് ഇൻ ചാർജുമായ കമഡോർ വർഗീസ് മാത്യു മുഖ്യപ്രഭാഷണം നടത്തി. ആർച്ചുബിഷപ് എമരിത്തൂസ് മാർ ജോസഫ് പെരുന്തോട്ടം പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. എഫ്.സി.സി. കോൺഗ്രിഗേഷൻ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ബ്രിജി എഫ്.സി.സി., പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി പ്രൊഫ. ഡോ. രേഖ മാത്യൂസ്, യുവദീപ്തി-എസ്.എം.വൈ.എം. ഡെപ്യൂട്ടി പ്രസിഡന്റ് കുമാരി ലൂസി പീലിപ്പോസ് എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.

## എക്സലൻസ് അവാർഡ്

അതിരൂപത നൽകുന്ന പരമോന്നത ബഹുമതിയായ എക്സലൻസ് അവാർഡ് തിരുവനന്തപുരം ആസ്ഥാനമാക്കി സേവനം ചെയ്യുന്ന പ്രമുഖ ജീവകാരുണ്യ പ്രവർത്തകയായ ശ്രീമതി ശാന്താ ജോസ്, രാഷ്ട്രീയ പൊതുപ്രവർത്തനരംഗത്തെ മികവും കുട്ടനാടിന്റെ വികസനത്തിലുള്ള നിർണായകപങ്കും സാമുദായികരംഗത്തുള്ള സംഭാവനകളും പരിഗണിച്ച് കുട്ടനാട് മുൻ എം.എൽ.എ. ഡോ. കെ. സി. ജോസഫ് എന്നിവർക്ക് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത സമ്മാനിച്ചു.

## പ്രത്യേക പുരസ്കാരങ്ങൾ

സമുദായത്തിന്റെ വളർച്ചയ്ക്ക് ഉദാത്തമായ സംഭാവനകൾ നൽകിയവരെ ആദരിച്ചു. ഫാമിലി അപ്പോസ്തലേറ്റ്, സൺഡേ സ്കൂൾ, സഭാസംഘടനകൾ

എന്നീ രംഗങ്ങളിൽ ത്യാഗപൂർവമായ ശുശ്രൂഷചെയ്ത റവ. സി. ആലീസ് ഫൈനാ സി.എം.സി., പ്രമുഖ നിയമവിദഗ്ധൻ അഡ്വ. കെ. സി. ജോർജ് കളരിക്കൽ, പ്രമുഖ കർഷകനും സഭാസ്നേഹിയുമായ ശ്രീ. ജോസ് ജോൺ വേങ്ങാന്തറ, പ്രോലൈഫ് പ്രവർത്തകൻ ശ്രീ. എബ്രാഹം പുത്തൻകളം, കലാ രംഗത്തു പ്രവർത്തിക്കുന്ന ശ്രീ. സി. എ. ആന്റണി ചെന്നിത്തല വെരൂർ എന്നി വരെ ആദരിച്ചു.

## അവാർഡുകൾ

അതിരൂപത പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ ആദരവിന് അർഹരായ വരെ സമ്മേളനത്തിൽ പരിചയപ്പെടുത്തി. അവരുടെ പേരും പുരസ്കാരത്തിന് അർഹമായ മേഖലകളും താഴെ കൊടുക്കുന്നു.

**റവ. സി. ഡോ. ജോവാൻ ചുങ്കപ്പുര എം. എം. എസ്** (CBCI പുരസ്കാരം)

**റവ. ഫാ. ഡോ. തോമസ് വള്ളിയാനിപ്പുറം** (KCBC പുരസ്കാരം)

**ശ്രീ. ബിനു ജോയി മങ്കുഴി** (KCBC പുരസ്കാരം)

**ശ്രീമതി ജാൻസിമോൾ അഗസ്റ്റിൻ കറുകപ്പറമ്പിൽ** (KCBC പുരസ്കാരം)

**ഡോ. ഷേർളി ഫിലിപ്പ് പുതുമന** (ദേശീയ പുരസ്കാരം)

**കുമാരി അലീന റ്റി. സജി തകിടിയേൽ** (ദേശീയ പുരസ്കാരം)

**ശ്രീ. ബോബി സാബു പുതുപ്പറമ്പിൽ** (ദേശീയ പുരസ്കാരം)

**ശ്രീ. ബൈജു സ്റ്റീഫൻ പുഷ്പാലയം** (സംസ്ഥാന പുരസ്കാരം)

**ശ്രീ. ആന്റണി സെബാസ്റ്റ്യൻ കാക്കരിയിൽ** (സംസ്ഥാന പുരസ്കാരം)

**ശ്രീ. ജോമിച്ചൻ ജോസ് കണ്ണ്രോമറ്റം** (സംസ്ഥാന പുരസ്കാരം)

**ശ്രീ. ജെബോയ് മാത്യു മുണ്ടേത്തറയിൽ** (സംസ്ഥാന പുരസ്കാരം)

**റവ. സി. ദീപ്തി മരിയ എഫ്.സി.സി.** (സംസ്ഥാന പുരസ്കാരം)

**കുമാരി ഭവ്യ കെ. നാരായണൻ** (കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ്)

**ഡോ. അലൻ സിബി അൻപതിൽചിറ** (ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ്)

**ശ്രീ. അഫിൻ ജെ. വിൻസെന്റ് കണിത്തറ** (നവസംരംഭക പുരസ്കാരം)

**ശ്രീ. ജോസഫ് ദേവസ്യ വള്ളപ്പാട്ടിൽ** (നവസംരംഭക പുരസ്കാരം)

**ശ്രീ. റ്റിൻസു മാത്യു കരിക്കണ്ടത്തിൽ** (നവസംരംഭക പുരസ്കാരം)

**ശ്രീ. ജോയൽ ജെ. മാത്യു** (നവസംരംഭക പുരസ്കാരം)

**ശ്രീമതി സ്മിത മുളയ്ക്കൽ ജോൺ** (നവസംരംഭക പുരസ്കാരം)

**ജോസ് മാത്യു & നിഖില ജോസ് ചോമാശ്ശേരിൽ** (പ്രോലൈഫ് അവാർഡ്)

**ജിനോ & റ്റിന്റു നെടുംപറമ്പിൽ** (പ്രോലൈഫ് അവാർഡ്)

**ജോസഫ് സേവ്യർ & ജോസി ജോസഫ് കാട്ടടി** (പ്രോലൈഫ് അവാർഡ്)

**കുവൈറ്റ് ചാപ്റ്റർ** (പ്രവാസി പുരസ്കാരം)

**ആര്യാട്, ലിറ്റിൽ ഫ്ളവർ ഇടവക** (മികച്ച ഡയറക്ടറിക്കുള്ള ഒന്നാം സ്ഥാനം)

**കൈനകരി, സെന്റ് മേരീസ് ഇടവക** (മികച്ച ഡയറക്ടറിക്കുള്ള രണ്ടാം സ്ഥാനം)

**ഏറ്റുമാനൂർ, ക്രിസ്തുരാജ ഇടവക** (മികച്ച പാരീഷ് ബുള്ളറ്റിനുള്ള ഒന്നാം സ്ഥാനം)

**കോട്ടയം, ലൂർദ് ഫൊറോനാപ്പള്ളി** (മികച്ച പാരീഷ് ബുള്ളറ്റിനുള്ള രണ്ടാം സ്ഥാനം)

**അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി** (മികച്ച പാരീഷ് ബുള്ളറ്റിനുള്ള രണ്ടാം സ്ഥാനം)

**ചേപ്പുംപാറ, മർത്ത് മറിയം ഇടവക** (മികച്ച പാരീഷ് ബുള്ളറ്റിനുള്ള ഒന്നാം സ്ഥാനം -500 കുടുംബങ്ങൾക്ക് താഴെ)

**കുമരകം, നവ നസറത്ത് ഇടവക** (മികച്ച പാരീഷ് ബുള്ളറ്റിനുള്ള രണ്ടാം സ്ഥാനം -500 കുടുംബങ്ങൾക്ക് താഴെ)

**ആനിക്കാട്, സെന്റ് ആന്റണീസ് ഇടവക** (മികച്ച പാരീഷ് ബുള്ളറ്റിനുള്ള പ്രത്യേക പുരസ്കാരം -500 കുടുംബങ്ങൾക്ക് താഴെ)

## നൂതന പദ്ധതികൾ

സമുദായശക്തീകരണ വർഷാചരണത്തോടനുബന്ധിച്ച് അതിരൂപത രണ്ടു നൂതന പദ്ധതികൾ പ്രഖ്യാപിച്ചു. CARP ഡയറക്ടർ റവ. ഫാ. ജയിംസ് കൊക്കാവയലിൽ പദ്ധതികൾ വിശദീകരിച്ചു. മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത പദ്ധതികൾ ഉദ്ഘാടനം ചെയ്തു.

**CARP- ASPIRE:** കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാൻ കുട്ടികളെയും യുവജനങ്ങളെയും പ്രാപ്തരാക്കുക, അവർക്ക് ലക്ഷ്യബോധവും ജീവിത മൂല്യങ്ങളും പകർന്നുകൊടുക്കുക, അവരെ ലഹരിക്കെണികളിൽനിന്നും മറ്റും രക്ഷിക്കുക, ജീവിതവിജയത്തിനുതകുന്ന മികച്ച കരിയറുകൾ പരിചയപ്പെടുത്തിക്കൊടുക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ചങ്ങനാശേരി അതിരൂപത സമുദായ ശക്തീകരണ വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് ASPIRE (Accompanying Students and Parenting for Integral Resilience Enhancement). ആദ്യവർഷം അതിരൂപതാ സൺഡേ സ്കൂളിലെ 2000 കുട്ടികൾക്കായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ ബഹു. സിസ്റ്റേഴ്സ് എല്ലാ മാസവും സ്ഥിരമായി തങ്ങൾക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന കുട്ടികളോട് ഫോണിൽ സംസാരിക്കുകയും അവർക്ക് അവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യും.

**ദളിത് കത്തോലിക്കാ വിദ്യാഭ്യാസപദ്ധതി:** പ്ലസ്ടു പരീക്ഷയ്ക്ക് 80% ത്തിനു മുകളിൽ മാർക്കു ലഭിക്കുന്ന ദളിത് കത്തോലിക്കാ കുടുംബങ്ങളിലെ കുട്ടികൾക്ക് അതിരൂപതയുടെ തിരുവനന്തപുരം ലൂർദ്മാതാ കോളേജിൽ സൗജന്യമായി എൻജിനിയറിംഗ്, ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ പഠിക്കാനുള്ള ക്രമീകരണം നൽകും.

## ഇതര പരിപാടികൾ

ചങ്ങനാശേരി അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം പിതാവിന് മെത്രാഭിഷേക രജതജൂബിലിയുടെ ആശംസകൾ അഭി. തോമസ് തറയിൽ മെത്രാപ്പോലീത്ത നേർന്നു. എക്സലൻസ് അവാർഡ് ജേതാക്കളായ ശ്രീമതി ശാന്ത ജോസ്, ഡോ. കെ. സി. ജോസഫ് എന്നിവർ മറുപടി പ്രസംഗങ്ങൾ നടത്തി. CBSE, ICSE അൺഎയ്ഡഡ് സ്കൂളുകളിലെ പത്താം

ക്ലാസ് വിദ്യാർത്ഥികൾക്ക് കത്തോലിക്കാ പ്രബോധനങ്ങൾ നൽകുന്നതിനായി ഡോ. രേഖാ മാത്യൂസ്, ഡോ. ജിജി കൂട്ടുമ്മേൽ എന്നിവർ രചിച്ച "You are the fragrance of Christ" എന്ന പുസ്തകം മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത പ്രകാശനം ചെയ്തു. ചങ്ങനാശ്ശേരി അതിരൂപതയും ജോർജ് പടനിലം ഫൗണ്ടേഷൻ ട്രസ്റ്റും സംയുക്തമായി ഭിന്നശേഷിക്കാർക്കുവേണ്ടി ഒരുക്കുന്ന നൈപുണ്യ വികസന തൊഴിൽദാന പദ്ധതിയായ ജീവനത്തിന്റെ ലോഗോ മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത പ്രകാശനം ചെയ്തു. വിഷരഹിത ജൈവ പച്ചക്കറി ഉൽപാദന വിപണന രംഗത്ത്, താല്പര്യമുള്ള ഭിന്നശേഷിക്കാർക്ക് പരിശീലനവും തൊഴിൽ അവസരവും നല്കി, അവരെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആരംഭിച്ചിരിക്കുന്നത്. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത പുഴവാത് സെന്റ് തോമസ് ഫീലിയൽ ചർച്ചിനെ അതിർത്തി തിരിഞ്ഞ കുരിശുപള്ളിയായി പ്രഖ്യാപിച്ചു. അതിരൂപത ചാൻസിലർ വെരി റവ. ഡോ. ജോർജ് പുതുമനമൂഴിയിൽ പത്രികാപാരായണം നടത്തി. 141-മത് അതിരൂപതാദിനം പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ നടക്കുമെന്ന് അതിരൂപത വികാരി ജനറൽ വെരി റവ. ഡോ. ജോൺ തെക്കേക്കര പ്രഖ്യാപിച്ചു. പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളി വികാരി വെരി റവ. ഫാ. ജയിംസ് കുന്നിലും, ഫൊറോനയിലെ മറ്റ് അച്ചന്മാരും പ്രതിനിധികളും വേദിയിലെത്തി പതാക ഏറ്റുവാങ്ങി. അതിരൂപത കോഡിനേറ്റർ റവ. ഫാ. ചെറിയാൻ കക്കുഴി നന്ദി പ്രകാശിപ്പിച്ചു. ഗായകസംഘം സീറോമലബാർ ആന്തവും ദേശീയഗാനവും ആലപിച്ചു. സ്നേഹവിരുന്നോടെ സമ്മേളനം അവസാനിച്ചു.

**ഫാ. ചെറിയാൻ കക്കുഴി**
**ഫാ. ജോസഫ് പാറയ്ക്കൽ**
**ഫാ. ജേക്കബ് കളത്തിവീട്ടിൽ**
*(അതിരൂപതാദിനാചരണ കോഡിനേറ്റർമാർ)*
❑

# 140–ാമത് അതിരൂപതാദിന
# എക്സലെൻസ് അവാർഡ്

**ഡോ. കെ സി ജോസഫ്**

**ശ്രീമതി ശാന്ത ജോസ്**

## ഡോ. കെ. സി. ജോസഫ്

1949–ൽ വടക്കൻ വെളിയനാടുള്ള കൈതപ്പറമ്പിൽ കുടുംബത്തിൽ ജനനം. ഇപ്പോൾ രാമങ്കരി സെന്റ് ജോസഫ് പള്ളി ഇടവകാംഗം. ഭാര്യ ആനിയമ്മ കിടങ്ങറ വടകര കുടുംബാംഗം. രണ്ട് മക്കൾ. 1975–ൽ കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്നും പ്രശസ്തമായ രീതിയിൽ MBBS പൂർത്തിയാക്കി. ഹൗസ് സർജൻസിക്കുശേഷം കേരള കോൺഗ്രസിൽ ചേർന്ന് പൊതുപ്രവർത്തനം ആരംഭിച്ചു 1977–ൽ പേരാമ്പ്ര നിയമസഭാ മണ്ഡലത്തിൽ നിന്നും ജനപ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു. 1982 മുതൽ 2006 വരെ കുട്ടനാട് നിയോജക മണ്ഡലത്തിനെ പ്രതിനിധീകരിക്കുന്ന MLAയായി സേവനമനുഷ്ഠിച്ചു. ഈ കാലഘട്ടത്തിൽ കുട്ടനാടിന്റെ വികസനത്തിനായി റോഡുകൾ, പാലങ്ങൾ, നെല്ല് സംഭരണ പദ്ധതികൾ, ശുദ്ധജല വിതരണ പദ്ധതികൾ, എൻജിനീയറിങ് കോളേജ് തുടങ്ങി നിരവധി പദ്ധതികൾ ആവിഷ്കരിച്ചു. 1982–87 കാലയളവിൽ കേരള സംസ്ഥാന നിയമസഭാ ചരിത്രത്തിലെ ആദ്യത്തെ ചീഫ് വിപ്പ്. ഇപ്പോൾ ജനാധിപത്യ കേരള കോൺഗ്രസിന്റെ സംസ്ഥാന ചെയർമാൻ.

## ശ്രീമതി ശാന്ത ജോസ്

1944–ൽ ചേർത്തലയിലെ മാണിക്കത്ത് കുടുംബത്തിൽ ജനിച്ചു. KSEB ചീഫ് എൻജിനീയറായിരുന്ന ശ്രീ. ജോസ് വി. ശങ്കുരിക്കലാണ് ഭർത്താവ് രണ്ട് മക്കൾ. ഇപ്പോൾ തിരുവനന്തപുരം ലൂർദ് ഫൊറോനാപ്പള്ളി ഇടവകാംഗം. 1996–ൽ തന്റെ അടുത്ത ബന്ധുവിന്റെ ചികിത്സാർത്ഥം തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ സന്ദർശിച്ചത് ജീവിതത്തിൽ വഴിത്തിരിവായി. അവിടെയെത്തുന്ന പാവപ്പെട്ട രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും ബുദ്ധിമുട്ടുകളും ദുരിതങ്ങളും നേരിട്ട് മനസ്സിലാക്കിയത് 'ആശ്രയ' എന്ന സന്നദ്ധസംഘടനയുടെ രൂപീകരണത്തിന് കാരണമായി. സമാന ചിന്താഗതിക്കാരായ വനിതകളെ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ

വിപുലീകരിച്ചു. ഇപ്പോൾ 550 വോളണ്ടിയേഴ്സ് സംഘടനാപ്രവർത്തനങ്ങൾ നടത്തുന്നു. കഴിഞ്ഞ 30 വർഷങ്ങളായി RCCയിൽ എത്തുന്ന നിർധനരായ ക്യാൻസർ രോഗികൾക്ക് സാമ്പത്തിക സഹായവും ആവശ്യമായ ക്രമീകരണങ്ങളും പിന്തുണയും നൽകിവരുന്നു. കൂടാതെ ഈ സംഘടന നിരവധി അനാഥാലയങ്ങളെയും പാലിയേറ്റീവ് കെയർ യൂണിറ്റുകളെയും സഹായിക്കുന്നുണ്ട്. സാമൂഹിക സേവനരംഗത്തെ മികവിന് കേരള സംസ്ഥാന വനിതാരത്ന അവാർഡ്, ലയൺസ് ഇന്റർനാഷണൽ എക്സലൻസ് അവാർഡ്, YMCA നാഷണൽ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ശ്രീമതി ശാന്ത ജോസിന് ലഭിച്ചിട്ടുണ്ട്.

**അഡ്വ. ജോജി ചിറയിൽ**

❑

# നസ്രാണി ക്വിസ് 2026

സമുദായത്തിന്റെ ചരിത്രവീഥികളിലൂടെ ചുവടുവച്ച് ത്യാഗത്തിന്റെയും പോരാട്ടത്തിന്റെയും ദുർഘടപാതകളിലൂടെ തിരിഞ്ഞുനടന്ന് പൂർവികരുടെ കരളുറപ്പും കൈത്തഴമ്പും കണ്ടറിഞ്ഞ് പൈതൃകവും പാരമ്പര്യവും തിരിച്ചറിഞ്ഞ് സമുദായസ്വത്വം സ്വായത്തമാക്കുവാൻ ചങ്ങനാശേരി അതിരൂപതയൊരുക്കുന്ന സമുദായ ശക്തീകരണ ക്വിസ് മൽസരം **'നസ്രാണി ക്വിസ് 2026'.**

**അതിരൂപതയിലെ എല്ലാ കുടുംബങ്ങൾക്കും ഈ ക്വിസ് മൽസരത്തിലേക്ക് സ്വാഗതം**

## മത്സര ഘട്ടങ്ങൾ

**കൂട്ടായ്മാതലം** – ഓഗസ്റ്റ് മാസം *(എല്ലാ കുടുംബങ്ങളും പങ്കെടുക്കണം)*

**ഇടവകതലം** – സെപ്റ്റംബർ 13 *(കുടുംബക്കൂട്ടായ്മതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന കുടുംബങ്ങൾ)*

**ഫൊറോനാതലം** – സെപ്റ്റംബർ 27 *(ഇടവകതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന കുടുംബങ്ങൾ)*

**അതിരൂപതാതലം** – ഒക്ടോബർ 10 *(ഫൊറോനതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന കുടുംബങ്ങൾ)*

**ഒന്നാം സ്ഥാനം : 25000 രൂപ, രണ്ടാം സ്ഥാനം : 15000 രൂപ, മൂന്നാം സ്ഥാനം : 10000 രൂപ**

## പഠന വിഷയങ്ങൾ

1. സീറോമലബാർ സഭ സമുദായ ശക്തീകരണവർഷം 2026 കൈപ്പുസ്തകം (സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ).*
2. ചങ്ങനാശേരി അതിരൂപത: മുൻപേ പറക്കുന്ന പക്ഷി (റവ. ഫാ. ജോസഫ് പനക്കേഴം)
3. സാമ്പത്തിക സാക്ഷരതയും കുടുംബശക്തീകരണവും (ഡോ. പി. സി. അനിയൻകുഞ്ഞ്)

**പുസ്തകങ്ങൾ സെന്റ് ജോസഫ്സ് ബുക്ക്സ്റ്റാളിലും മാർത്തോമ്മാ വിദ്യാനികേതനിലും ലഭ്യമാണ്**

* ''ചരിത്രം വെറും ഓർമ്മകളല്ല... ഒരു സമൂഹത്തിന്റെ ശക്തിയും ആത്മാവുമാണ്...!''

# സന്ദേശനിലയം

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

പുതിയ പഠന വർഷത്തിൽ സന്ദേശനിലയം പ്രത്യാശയോടെ മൂന്ന് പദ്ധതികളെ അവതരിപ്പിക്കുന്നുണ്ട്. നമ്മുടെ എല്ലാ കുടുംബങ്ങളിലും മതബോധന മണിക്കൂർ യാഥാർത്ഥ്യമാകണം, ആഘോഷമായ വിശുദ്ധകുർബാന സ്വീകരണം നടത്തുന്ന കുട്ടികൾ ഏഴാം ക്ലാസ് പൂർത്തിയാകുന്നതു വരെ തുടർ പരിശീലനത്തിനുള്ള സംവിധാനം ഉണ്ടാകണം, മലയാളം വായിക്കുവാൻ അറിയാത്ത കുട്ടികളുണ്ടെങ്കിൽ അവർക്കായി അക്ഷരകളരികൾ ക്രമീകരിക്കപ്പെടണം. നമ്മുടെ വിശ്വാസപരിശീലന വഴികളിൽ നമുക്കെല്ലാവർക്കും യാഥാർത്ഥ്യബോധത്തോടെ കൈകോർത്തു നിൽക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതെലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## അറിയിപ്പുകൾ

**ജൂൺ**

02 ചൊവ്വ : ധന്യൻ മാർ തോമസ് കുര്യാളശ്ശേരി

06 ശനി : ബി.സി.റ്റി. 2–ാം ബാച്ച് ആരംഭിക്കുന്നു. ക്ലാസ്സ് – 1

07 ഞായർ : മതബോധന ക്ലാസ്സുകൾ ആരംഭിക്കുന്നു. ശ്ലീഹാ മൂന്നാം ഞായർ ക്ലാസ്സ് – 1
സ്പെരാൻസ– ചമ്പക്കുളം ഫൊറോന

08 തിങ്കൾ : മർത്ത് മറിയം ത്രേസ്യാ

09 ചൊവ്വ : മാർ അപ്രേം

12 വെള്ളി : തിരുഹൃദയതിരുനാൾ

13 ശനി : പാദുവായിലെ വിശുദ്ധ അന്തോനീസ് ബിസിറ്റി ബാച്ച് – 2, രണ്ടാം ദിവസം

14 ഞായർ : ശ്ലീഹാ നാലാം ഞായർ ക്ലാസ്സ് – 2
സ്പെരാൻസ– തൃക്കൊടിത്താനം ഫൊറോന

15 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: മാർ അപ്രേം സൺഡേ സ്കൂൾ, ആറുമാനൂർ *(വൈകുന്നേരം 6–9)*

16 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, വെട്ടിമുകൾ *(വൈകുന്നേരം 6–9)*

17 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് തോമസ് സൺഡേ സ്കൂൾ, നാല്പാത്തിമല *(വൈകുന്നേരം 6–9)*

18 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് തോമസ് സൺഡേ സ്കൂൾ, പുന്നത്തുറ *(വൈകുന്നേരം 6–9)*

20 ശനി : ബി.സി.റ്റി. ക്ലാസ്സ് ബാച്ച് - 2, മൂന്നാം ദിവസം

21 ഞായർ : ശ്ലീഹാ അഞ്ചാം ഞായർ ക്ലാസ്സ് - 3
സ്പെരാൻസ- ചങ്ങനാശ്ശേരി ഫൊറോന

22 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, അതിരമ്പുഴ *(വൈകുന്നേരം 6-9)*

23 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ഗ്രിഗോരിയോസ് സൺഡേ സ്കൂൾ, മണ്ണാർകുന്ന് *(വൈകുന്നേരം 6-9)*

24 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് സേവ്യേഴ്സ് സൺഡേ സ്കൂൾ, കട്ടച്ചിറ *(വൈകുന്നേരം 6-9)*

25 വ്യാഴം : ഫൊറോന ധ്യാനം/സെമിനാർ ആലപ്പുഴ ഫൊറോന *(രാവിലെ 9.30-4)*
ബി.സി.റ്റി. ബാച്ച് - 3, ഒന്നാം ദിവസം
റ്റീച്ചേഴ്സ് ഈവ്: സെന്റ് തോമസ് സൺഡേ സ്കൂൾ, പള്ളിക്കുന്ന് *(വൈകുന്നേരം 6-9)*

27 ശനി : ഫൊറോന ധ്യാനം/സെമിനാർ മുഹമ്മ ഫൊറോന *(രാവിലെ 9.30-4)*
ബി.സി.റ്റി. ബാച്ച് - 3, രണ്ടാം ദിവസം

28 ഞായർ : ശ്ലീഹാ ആറാം ഞായർ ക്ലാസ്സ് - 4
സ്പെരാൻസ- മുഹമ്മ ഫൊറോന

29 തിങ്കൾ : മാർ കേപ്പാ, പാലോസ് ശ്ലീഹന്മാർ (കടമുള്ള ദിവസം)

ജൂലൈ

03 വെള്ളി : **ദുക്റാനതിരുനാൾ, അതിരൂപതാ മതാധ്യാപക ദിനം**
**സഭാദിനം** (കടമുള്ള ദിവസം, ഓഫീസ് അവധി)

04 ശനി : ബി.സി.റ്റി. ബാച്ച് - 3, മൂന്നാം ദിവസം

05 ഞായർ : ശ്ലീഹാ ആറാം ഞായർ ക്ലാസ്സ് - 5
സ്പെരാൻസ- മണിമല ഫൊറോന

11 ശനി : **സി.എൽ.റ്റി. 45-ാം ബാച്ച് ഉദ്ഘാടനം, ക്ലാസ്സ് ആരംഭിക്കുന്നു.**
ഫൊറോന ധ്യാനം/സെമിനാർ കോട്ടയം ഫൊറോന

## ഫൊറോനാ ധ്യാനവും സെമിനാറും

2026 ജൂൺ 25 മുതൽ ആരംഭിക്കുന്ന ധ്യാനം / സെമിനാർ എന്നിവയ്ക്ക് മതാധ്യാപകരായ എല്ലാവരുടെയും മുഴുവൻ സമയ പങ്കാളിത്തം ഉണ്ടാകേണ്ടതാണ്. മതാധ്യാപകരിൽ നവീകരണത്തിലൂടെ പുത്തൻ ഉണർവ് പകർന്നു നല്കുന്നതിനുപകരിക്കുന്ന വിധത്തിലാണ് ഇത് ക്രമീകരിച്ചിരിക്കുന്നത്. അതാത് ഫൊറോനയിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർ അടുത്തുള്ള ഫൊറോനയിൽ സംബന്ധിക്കേണ്ടതാണ്.

## സ്പെരാൻസ ഏകദിന സെമിനാർ

ഹയർകോഴ്സ് കുട്ടികൾക്കുള്ള ഏകദിന സെമിനാർ ജൂൺ ആദ്യ ആഴ്ച മുതൽ ഓരോ ഫൊറോനകളിലായി ആരംഭിക്കുകയാണ്. എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുവാൻ വേണ്ടി ഞായറാഴ്ചകളിലാണ് ഇവ നടത്തപ്പെടുക. കരിയർ സാധ്യതകൾ ചൂണ്ടിക്കാട്ടുക, ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠകൾ ലഘൂകരിക്കുക, ദിശാബോധം നല്കുക, കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിൽ ജാഗ്രത പുലർത്തുക എന്നിവയിലൂന്നിയുള്ള ക്ലാസ്സുകളാണ് ക്രമീകരിക്കുക.

## 10, 12 ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ് വിതരണം

10, 12 ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റുകൾക്കായി ആവശ്യമായ രേഖകൾ നല്കിക്കഴിഞ്ഞ് വെരിഫൈ ചെയ്ത് സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്തു ലഭിക്കുന്നതിനായി രണ്ട് ആഴ്ചയിൽ കൂടുതൽ സമയം ആവശ്യമാണ്. തിരക്ക് ഒഴിവാക്കുന്നതിനുവേണ്ട നടപടികൾ മുൻകൂട്ടി സ്വീകരിക്കുക. സൺഡേ സ്കൂളുകൾവഴി മാത്രമേ സന്ദേശനിലയത്തിൽ നിന്നും പ്രിന്റ് ചെയ്ത സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയുള്ളൂ. ആവശ്യമായ ഡേറ്റകളെല്ലാം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ നിശ്ചിത സമയ പരിധിക്കുള്ളിൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാകൂ എന്നത് ശ്രദ്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. (കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 27, 28 കാണുക).

## വാട്സ്ആപ്പ് ഗ്രൂപ്പ്

സൺഡേ സ്കൂളിലെ പ്രധാന അധ്യാപകരുടെ നിലവിലുള്ള ഫോൺ നമ്പറുകളിൽ മാറ്റമുണ്ടെങ്കിൽ അല്ലെങ്കിൽ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് പുതുതായി നിയമിക്കപ്പെടുകയാണെങ്കിൽ അവരുടെ വാട്സ്ആപ്പ് നമ്പർ സന്ദേശനിലയത്തിൽ ഉടനെ അറിയിക്കേണ്ടതാണ്. സ്റ്റാഫ്/ഓഫീസ് സെക്രട്ടറിമാരുടെ ഗ്രൂപ്പിൽപ്പെട്ടവർ സജീവമാണെന്ന് ഉറപ്പുവരുത്തുകയും ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെ ഗ്രൂപ്പിൽ ചേർക്കുന്നതിന് അറിയിക്കേണ്ടതുമാണ്.

## Ecos Tech Support

Ecos Tech Support ആയി സൺഡേ സ്കൂളിൽ നിലവിലുള്ള എല്ലാവരും സന്ദേശനിലയം ഗ്രൂപ്പിൽ അംഗങ്ങളായി ഉണ്ടെന്നും മെസ്സേജുകൾ ലഭ്യമാകുന്നുണ്ടെന്നും പ്രധാനാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്. 2025-26 വർഷത്തെ അധ്യാപകരുടെ സ്ഥിതിവിവരകണക്ക് ജൂൺ 30 നകവും 2026-27 വർഷത്തെ സൺഡേസ്കൂൾ കുട്ടികളുടെ സ്ഥിതിവിവരകണക്ക് ജൂലൈ 31-നകവും ആവശ്യമായ കൈയ്യൊപ്പ് രേഖപ്പെടുത്തി സന്ദേശനിലയം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

## സി.ആർ.റ്റി.

കാറ്റക്കെറ്റിക്കൽ റിസോഴ്സ് ടീം (സി.ആർ.റ്റി.) അംഗങ്ങളായി ഈ വർഷം തുടരാൻ (വിസിറ്റിനു പോകുവാൻ തടസ്സമുള്ളവർ) ബുദ്ധിമുട്ടുള്ളവർ ഫൊറോനാ കോർഡിനേറ്റർ മുഖേനയോ നേരിട്ടോ വിവരം സന്ദേശനിലയത്തിൽ ഉടനെ അറിയിക്കേണ്ടതാണ്. മാറ്റമുള്ള വാട്സ്ആപ്പ് നമ്പറും അറിയിക്കേണ്ടതാണ്.

## ബി.സി.റ്റി./സി.എൽ.റ്റി. കോഴ്സ്

ഈ വർഷം ആരംഭിച്ചിട്ടുള്ള ബി.സി.റ്റി. കോഴ്സുകളുടെ രണ്ടാം ബാച്ച് ജൂൺ 6, മൂന്നാം ബാച്ച് ജൂൺ 25 എന്നീ തീയതികളിൽ സന്ദേശനിലയത്തിൽ ആരംഭിക്കും. കൂടാതെ ആഗസ്റ്റ് 22ന് ആലപ്പുഴയിലും സെപ്റ്റംബർ 12ന് അതിരമ്പുഴയിലും ഒക്ടോബർ 2ന് എടത്വായിലും പ്രത്യേക ബി.സി.റ്റി. ബാച്ചുകൾ ആരംഭിക്കുന്നതാണ്.

ഈ വർഷത്തെ സി.എൽ.റ്റി. കോഴ്സ് ജൂലൈ 11ന് ആരംഭിക്കുന്നതുമാണ്.

## സ്വാഗതം

പുതുതായി സൺഡേ സ്കൂൾ ഡയറക്ടർമാരായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഫാ. ജേക്കബ് നടുവിലേക്കളം (ആലപ്പുഴ), ഫാ. ജോർജ്ജ് കപ്പാംമൂട്ടിൽ (അമ്പൂരി), ഫാ. ജോസഫ് നെടുംപറമ്പിൽ (അതിരമ്പുഴ), ഫാ. വർഗ്ഗീസ് ഇളംപാലശ്ശേരിൽ (ചമ്പക്കുളം), ഫാ. ജോൺസൺ മുണ്ടുവേലിൽ (ചങ്ങനാശ്ശേരി), ഫാ. ജോൺ പ്ലാത്താനം (ചെങ്ങന്നൂർ), ഫാ. ജോസഫ് പാലയ്ക്കൽ (കോട്ടയം), ഫാ. ജോസഫ് കൊല്ലംപറമ്പിൽ (കുടമാളൂർ), ഫാ. ജോസഫ് കഴുന്നുകണ്ടത്തിൽ (കുറുമ്പനാടം), ഫാ. ജോസഫ് മടത്തിശ്ശേരി (നെടുംകുന്നം), ഫാ. സേവ്യർ ഇലവുംമൂട്ടിൽ (തൃക്കൊടിത്താനം), ഫാ. തോമസ് കമ്പിയിൽ (തുരുത്തി) എന്നിവരെ അതിരൂപതാ സന്ദേശനിലയം കുടുംബത്തിലേയ്ക്ക് ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

റീജന്റ് ബ്രദറായി സേവനം ചെയ്യുന്ന സെബിൻ തട്ടുതറയെയും സന്ദേശനിലയം കുടുംബത്തിലേയ്ക്ക് ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

## ആദരാഞ്ജലികൾ

ചീരഞ്ചിറ സൺഡേ സ്കൂൾ അധ്യാപകൻ രാജു തേവലശ്ശേരിയുടെ മാതാവിന്റെ നിര്യാണത്തിൽ സന്ദേശനിലയം - മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

❑

## നിത്യതയിലേക്ക്



**സി. ലോറൻസ്**
**പറപ്പള്ളി ഇരുപതിൽ MLF**

"ഞാൻ നന്നായി പൊരുതി;
എന്റെ ഓട്ടം പൂർത്തിയാക്കി;
വിശ്വാസം കാത്തു."
*(2 തിമോ. 4:7)*

# ചെറുപുഷ്പ മിഷൻ ലീഗ്
## (CML)

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനറിമാരെ,

പുതിയ അധ്യയന വർഷം ആരംഭിക്കുന്നു. മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാകുന്ന ഒരു വർഷമാകണം ഇത്. നമ്മുടെ എല്ലാ ശാഖകളിലും ശനിയാഴ്ച സമ്മേളനങ്ങൾ പുനരാരംഭിക്കണം. സൺഡേ സ്കൂൾ അധ്യാപകരും വിദ്യാർത്ഥികളും മാനുവൽ ബുക്ക് പൂരിപ്പിക്കുന്നതിന് ഉത്സാഹികളാകുമ്പോൾ നമ്മുടെ വിശ്വാസപരിശീലന മേഖലകളിൽ മിഷൻ ചൈതന്യം വർദ്ധമാനമാകും.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതെലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

*സുകൃതജപം : ഈശോയുടെ തിരുഹൃദയമേ, അങ്ങ് എന്റെ സ്നേഹമായിരിക്കണമേ.*

*ദൈവവചനം : കുട്ടികളേ, കർത്താവിൽ നിങ്ങൾ മാതാപിതാക്കന്മാരെ ബഹുമാനിക്കുവിൻ (എഫേ 6:1)*

*നിയോഗം : മാർപാപ്പയ്ക്കുവേണ്ടി പ്രാർത്ഥിക്കാം.*

**2026 ജൂൺ**

02 ചൊവ്വ : ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ചരമദിനം

08 തിങ്കൾ : മർത്ത് മറിയം ത്രേസ്യാ

12 വെള്ളി : തിരുഹൃദയത്തിരുനാൾ

13 ശനി : അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം, മാനേജിംഗ് കമ്മിറ്റി

14 ഞായർ : പ്രവർത്തനവർഷ ഉദ്ഘാടനം ശാഖകളിൽ

21 ഞായർ : പ്രവർത്തനവർഷ ഉദ്ഘാടനം മേഖലകളിൽ, കുമ്പസാരക്രമീകരണം.

28 ഞായർ : അൾത്താരബാലന്മാരെ സ്വീകരിക്കൽ (ശാഖകളിൽ)

29 തിങ്കൾ : വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ, (കടമുള്ള ദിവസം) അംഗത്വസ്വീകരണം അതിരൂപതാതല ഉദ്ഘാടനം

*പ്രവർത്തനം : മേഖലാ ഭാരവാഹികൾ ശാഖാ സന്ദർശനം നടത്തി റിപ്പോർട്ട് ശേഖരിക്കുക*

*കൈത്താങ്ങ് : പഠനോപകരണങ്ങൾ ശേഖരിച്ച് സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് നല്കുക.*

**ജൂലൈ**

03 വെള്ളി : ദുക്റാന തിരുനാൾ കടമുള്ള ദിവസം, ഓഫീസ് അവധി (അംഗത്വ സ്വീകരണം ശാഖകളിൽ) മാർ തോമസ് തറയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ തോമസ് നാമധാരികൾക്ക് ആശംസകൾ നേരാം

12 ഞായർ : ബേത്ലഹേം മീറ്റ്, കുമ്പസാരക്രമീകരണം

**പ്രവർത്തനവർഷ ഉദ്ഘാടനം ജൂൺ 13ന്**

ചെറുപുഷ്പ മിഷൻലീഗിന്റെ അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും **മാനേജിംഗ് കമ്മിറ്റിയും ജൂൺ 13 ശനിയാഴ്ച രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 മണിവരെ ചങ്ങനാശ്ശേരി എസ്.ബി. കോളേജ് ഓഡിറ്റോറിയത്തിൽ** വച്ച് നടത്തപ്പെടുന്നു. മേഖലാ ഡയറക്ടർമാർ, അതിരൂപത മേഖല ഭാരവാഹികൾ, മേഖല – ശാഖ ജോയിന്റ് ഡയറക്ടേഴ്സ്, ഓർഗനൈസർമാർ, കുട്ടികളുടെ ഭാരവാഹികൾ (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജൂനിയർ ഓർഗനൈസേഴ്സ്) എന്നിവർ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 120 രൂപ. പങ്കെടുക്കുന്നവരുടെ എണ്ണം ജൂൺ 7–ാം തീയതിക്ക് മുൻപായി അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം**

പുതിയ പ്രവർത്തന വർഷത്തിൽ ചെറുപുഷ്പമിഷൻലീഗിന്റെ **ശാഖാതല ഉദ്ഘാടനം ജൂൺ 14 ഞായറാഴ്ച** വിവിധ പരിപാടികളോടുകൂടെ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. അന്നേദിവസം ഈ കാലഘട്ടത്തിൽ മിഷൻലീഗിൽ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുന്നതും ഉചിതമായിരിക്കും.

❑

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

കഴിഞ്ഞ നാലുവർഷക്കാലം അതിരൂപതയിൽ വിവിധ മേഖലകളിൽ ശുശ്രൂഷ ചെയ്യുവാൻ ദൈവം കനിഞ്ഞു നൽകിയ അനുഗ്രഹങ്ങളെയോർത്ത് ദൈവത്തിന് നന്ദി പറയുന്നു. അഭി. പിതാവിന്റെ നിർദ്ദേശാനുസരണം പുതിയൊരു ഉത്തരവാദിത്വത്തിലേക്ക് ഞാൻ പ്രവേശിച്ചിരിക്കുകയാണ്. നമ്മുടെ നാവും സ്വരവുമായ ദീപിക ദിനപത്രത്തിന്റെ സർക്കുലേഷൻ മാനേജരായി ഇതിനോടകം ഞാൻ ചുമതല ഏറ്റുകഴിഞ്ഞു. ദൈവം ഭരമേൽപ്പിക്കുന്ന നിയോഗങ്ങളെല്ലാം ഭംഗിയായി നിർവഹിക്കണമെങ്കിൽ നിങ്ങളുടെ ഏവരുടെയും പ്രാർഥനാസഹായം തുടർന്നും എനിക്കാവശ്യമാണ്. അതിരൂപതയിലെ ശുശ്രൂഷാ കാലഘട്ടത്തിൽ വിവിധ മേഖലകളിൽനിന്നും ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും നൽകിയിട്ടുള്ള ബഹു. അച്ചന്മാരെയും സിസ്റ്റേഴ്സിനേയും കുടുംബകൂട്ടായ്മാലീഡേഴ്സിനെയും ഓഫീസ് സ്റ്റാഫിനേയും കൂടാതെ ബൈബിൾ കൺവെൻഷനുമായി ബന്ധപ്പെട്ടു സഹകരിച്ച എല്ലാവരെയും നൂറുമേനിയുടെ വിജയത്തിനായി കൂടെനിന്ന എല്ലാ പ്രിയപ്പെട്ടവരെയും ഈ അവസരത്തിൽ നന്ദിയോടെ ഞാൻ ഓർക്കുകയാണ്. നമ്മൾ നടത്തിവരുന്ന എല്ലാ പരിപാടികളിലും തുടർന്നും നിങ്ങളുടെ എല്ലാവരുടെയും സഹായസഹകരണങ്ങൾ നൽകണമെന്ന് ഓർമിപ്പിക്കുന്നു.

ദീപിക ദിനപത്രത്തിന്റെ വളർച്ചയ്ക്കായി നിങ്ങൾ ആയിരിക്കുന്ന ഇടങ്ങളിൽ പരമാവധി യത്നിക്കണമെന്ന് സ്നേഹപൂർവം ഓർമിപ്പിക്കുകയാണ്.

ഞാനിവിടെനിന്ന് പോകുന്നുവെങ്കിലും എന്റെ പ്രാർഥനയിലും ഓർമ്മയിലും നിങ്ങളെല്ലാവരും ഉണ്ടായിരിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു. എന്നോട് കാണിച്ച എല്ലാസ്നേഹത്തിനും സഹായസഹകരണങ്ങൾക്കും ഒരിക്കൽ കൂടി നന്ദി പറയുന്നു.

സ്നേഹപൂർവം,

**മാന്തുരുത്തിലച്ചൻ**

## അറിയിപ്പുകൾ

### നൂറുമേനി റീജൻതല മത്സരങ്ങൾ– ജൂൺ 7 ഞായർ

നൂറുമേനി ഫൊറോനാതല മത്സരങ്ങൾ അതിരൂപതയിലെ 18 ഫൊറോനകളിലും ക്രമീകരിക്കുവാൻ കഴിഞ്ഞു. ഇനിയും നടക്കുവാനുള്ളത് റീജൻതല മത്സരമാണ്. നേരത്തെ അറിയിച്ചിരുന്നതുപോലെ ജൂൺ ഏഴ് ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2.00 മുതൽ ഫൊറോനാകേന്ദ്രത്തിൽ നടത്തപ്പെടുകയാണ്. ഓരോ ഫൊറോനയിൽനിന്നും ആദ്യ നാലുസ്ഥാനങ്ങൾ കിട്ടിയ കുടുംബങ്ങളാണ് മത്സരത്തിൽ മാറ്റിവയ്ക്കുന്നത്. വിജയിച്ച ടീമിൽ ഒരു കുടുംബത്തിൽനിന്നും രണ്ടോ പരമാവധി മൂന്നുപേരോ ടീമിൽ ഉണ്ടാകാവുന്നതാണ്. ഓഡിയോ വിഷ്വൽ രീതിയിലായിരിക്കും പരീക്ഷ ക്രമീകരിക്കുക. ഓരോ ടീമിലേയും കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നാണ് മത്സരത്തിൽ പങ്കെടുക്കുക. പങ്കെടുക്കാൻ അർഹത നേടിയ എല്ലാവരെയും പ്രസ്തുതവിവരം അറിയിച്ചിട്ടുള്ളതാണ്.

കൃത്യസമയത്തുതന്നെ മത്സരത്തിനായി ഫൊറോനാകേന്ദ്രങ്ങളിൽ എത്തിച്ചേരണമെന്ന് സ്നേഹപൂർവം അറിയിക്കുന്നു.

**ലോഗോസ് –2026**

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരത്തിനുള്ള രജിസ്ട്രേഷൻ ജൂൺ ഒന്നാംതീയതി ആരംഭിക്കുകയാണ്. ജൂലൈ 31 വരെയാണ് രജിസ്ട്രേഷൻ കാലാവധി. കൂടുതൽ ഉത്സാഹത്തോടെ ഈ വർഷത്തെ ലോഗോസ് പരീക്ഷയിൽ എല്ലാവർക്കും പങ്കെടുക്കാം. പ്രത്യേകമായി ഈ വർഷം എല്ലാ സൺഡേസ്കൂൾ കുട്ടികൾക്കും പങ്കെടുക്കുവാനുള്ള ക്രമീകരണം കെ.സി.ബി.സി.യിൽ നിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ എല്ലാ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരും ബഹു. ഡയറക്ടറച്ചനുമായി ആലോചിച്ച് എല്ലാ കുട്ടികളെയും ഈ വർഷത്തെ ലോഗോസ് മത്സരപരീക്ഷയിൽ പങ്കെടുപ്പിക്കാൻ അവരെ തയ്യാറാക്കണമെന്ന് ഓർമിപ്പിക്കുന്നു.

**കുടുംബക്കൂട്ടായ്മ ഡയറി**

അതിരൂപതയിലെ കുടുംബക്കൂട്ടായ്മകളുടെ ഉപയോഗത്തിനുള്ള ഡയറി തയ്യാറായി. 3 വർഷത്തെ ഉപയോഗത്തിനായി തയ്യാറാക്കിയിരിക്കുന്ന ഡയറിയുടെ വില ₹150/ ആണ്. 174 പേജുകളിലായി വളരെയേറെ പ്രയോജനകരമായി തയ്യാറാക്കിയിരിക്കുന്ന ഡയറി എല്ലാ കൂട്ടായ്മകളും ഉടൻതന്നെ വാങ്ങേണ്ടതാണ്.

**നൂറുമേനി സന്യസ്ത–വൈദികാർഥികളുടെ മത്സരം**

മുൻവർഷങ്ങളിലേതുപോലെ നൂറുമേനി സീസൺ IV മത്സരം സന്യസ്തർക്കും വൈദിക വിദ്യാർഥികൾക്കുമായി നടത്തപ്പെട്ടു. വളരെ നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. ഇതിനായി പ്രയത്നിച്ചവരെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

**മത്സരവിജയികൾ (സന്ന്യാസിനികൾ–സന്ന്യാസാർത്ഥിനികൾ)**

ഓരോ വിഭാഗത്തിലും ആദ്യ അഞ്ചുസ്ഥാനങ്ങൾ കരസ്ഥമാക്കിയവർ

| കാറ്റഗറി എ (നോവീസ്) | | |
|---|---|---|
| 1 | മരിയ ആന്റണി FCC | 238 |
| 2 | സബി മരിയ ഫ്രാൻസിസ് SH | 184 |
| 3 | അനഘാ ജോയി SH | 176 |
| 4 | ലിസ്ബത്ത് മറിയം ബൈജു SABS | 155 |
| 5 | സിയാ ഷിബു FCC | 151 |
| **കാറ്റഗറി ബി** | | |
| 1 | സി. മാർഗരറ്റ് മരിയ CMC | 391 |
| 2 | സി. ലൗണാ സാബു SMMI | 324 |
| 3 | സി. അമലു തോമസ് FCC | 305 |
| 4 | സി. അനുഗ്രഹാ മൈക്കിൾ MLF | 283 |
| 5 | സി. ആർദ്രാ ഗ്രേസ് CMC | 239 |

| കാറ്റഗറി സി | | |
|---|---|---|
| 1 | സി. ഗ്രേസി FCC | 365 |
| 2 | സി. സിസി മരിയ FCC | 316 |
| 3 | സി. ടീനാ വട്ടോത്തുകുന്നേൽ SABS | 311 |
| 4 | സി. അനിലിറ്റ് ജോർജ് SH | 310 |
| 5 | സി. എൽസിൻ കൈതക്കളം SABS | 246 |
| **കാറ്റഗറി ഡി** | | |
| 1 | സി. ലില്ലി ട്രീസാ FCC | 352 |
| 2 | സി. പ്ലാസിഡ് FCC | 241 |
| 3 | സി. സിസി സെബാസ്റ്റ്യൻ CMC | 238 |
| 4 | സി. പുഷ്പ പാറശ്ശേരിൽ SABS | 214 |
| 5 | സി. സെലിൻ മാളിയേക്കൽ SABS | 212 |

എല്ലാ വിജയികൾക്കും അനുമോദനങ്ങളും ആശംസകളും

❑

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകുന്ന ശ്ലീഹാക്കാലത്തിലാണല്ലോ നാം. പരിശുദ്ധാത്മാവിനെ സ്വീകരിച്ച അപ്പസ്തോലന്മാർ സധൈര്യം സുവിശേഷം പ്രസംഗിച്ചതും തിരുസഭ സ്ഥാപിക്കപ്പെട്ടതും ഈ കാലഘട്ടത്തിൽ നാം പ്രത്യേകം അനുസ്മരിക്കുന്നു. ആദിമ സഭാംഗങ്ങൾ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കു ചേർന്നിരുന്നു. തിരുസഭയുടെ ചെറിയ പതിപ്പായ, ഗാർഹിക സഭയായ കുടുംബത്തിലെ അംഗങ്ങളും ആദിമ ക്രൈസ്തവ സമൂഹത്തെപ്പോലെ പ്രാർഥനയിലും കൂട്ടായ്മയിലും അനുദിനം വളരണം. വി. കുർബാന കേന്ദ്രീകൃതമായ ജീവിതം നയിച്ചുകൊണ്ട്, നമുക്ക് ലഭിച്ച അപ്പസ്തോലിക പാരമ്പര്യത്തിൽ നാം അഭിമാനിക്കണം.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ്, ലോകം മുഴുവനിലും രക്ഷയുടെ സന്ദേശം അറിയിക്കുകയെന്നത് ദൈവജനത്തിന്റെ ഉത്തരവാദിത്തമാണ്. ശ്ലീഹന്മാരെപ്പോലെ പ്രേക്ഷിതരായിത്തീരാൻ ഈ കാലം നമ്മെ പ്രചോദിപ്പിക്കുന്നു. വാക്കിലൂടെയും പ്രവർത്തിയിലൂടെയും ചിന്തയിലൂടെയും സുവിശേഷം പ്രഘോഷിക്കുവാൻ നമുക്ക് പരിശ്രമിക്കാം. 'സുവിശേഷം പ്രഘോഷിക്കുവിൻ, ആവശ്യത്തിനുമാത്രം വാക്കുകൾ ഉപയോഗിക്കുവിൻ' എന്ന് വി. ഫ്രാൻസിസ് അസ്സീസി നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ടല്ലോ. ഫ്രാൻസീസ് മാർപ്പാപ്പ ആഹ്വാനം ചെയ്തതുപോലെ അഞ്ചാമത്തെ സുവിശേഷമാകാൻ നമുക്ക് പരിശ്രമിക്കാം.

സ്നേഹപൂർവം,

**ഫാ. ജോൺ തറക്കുന്നേൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പാറയ്ക്കൽ**
*(ഡയറക്ടർ)*

## റിപ്പോർട്ട്

**തിരുവനന്തപുരം – അമ്പൂരി ഫൊറോനാ സംഗമം**

തിരുവനന്തപുരം, അമ്പൂരി ഫൊറോനകളുടെ നേതൃത്വസംഗമം 'ഹൈലേത്ത 2026' എന്ന പേരിൽ ഏപ്രിൽ 26നു തിരുവനന്തപുരം ലൂർദ് ഫൊറോനാ പള്ളിയിൽ സംഘടിപ്പിച്ചു. രാവിലെ 9 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച സംഗമം ചങ്ങനാശ്ശേരി അതിരൂപത സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോൺ തെക്കേക്കര ഉദ്ഘാടനം ചെയ്തു. പിതൃവേദി അതിരൂപത പ്രസിഡന്റ് റോയി കപ്പാങ്കൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. ബഹു. ഫൊറോന ഡയറക്ടറച്ചന്മാർ, എല്ലാ യൂണിറ്റിലേയും ആനിമേറ്റേഴ്സ്, ഭാരവാഹികൾ എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു.

**ലോക മാതൃദിനവും കുടുംബദിനവും ആചരിച്ചു.**

2026 മെയ് 10, മെയ് 15 ദിവസങ്ങളിലായി ലോകമാതൃദിനവും ലോകകുടും

ബദിനവും യൂണിറ്റുതലത്തിൽ ആചരിച്ചു. ഈ ദിനങ്ങളോടനുബന്ധിച്ച് സേവനത്തിന്റെ ഉത്തമ മാതൃകകളായ, വിവിധ രംഗങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ച വ്യക്തികളെ ആദരിച്ചു.

### നസ്രാണി ഫാമിലി മീറ്റ്: ആലപ്പുഴ, മുഹമ്മ ഫൊറോനകൾ

ആലപ്പുഴ-മുഹമ്മ ഫൊറോനകളുടെ യുവദമ്പതി കൺവെൻഷൻ 2026 മെയ് 17നു പഴവങ്ങാടി മാർ സ്ലീവ ഫൊറോന പള്ളിയിൽ നടത്തപ്പെട്ടു. അഭി. തോമസ് തറയിൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. ബഹു. ജേക്കബ് ചക്കാത്തറയച്ചൻ കൺവെൻഷൻ നയിച്ചു. ഏറ്റുമാനൂർ ഇടവകാംഗങ്ങളായ മാക്സിൻ & ഡോ. സലോമി ദമ്പതികൾ ജീവിതാനുഭവങ്ങൾ പങ്കുവച്ചു. പ്രാർഥനാശുശ്രൂഷകൾ വൈകിട്ട് 8 മണിക്ക് ഭക്ഷണത്തോടെ സമാപിച്ചു.

### അതിരൂപതാദിനം

140-ാമത് അതിരൂപതാദിനം തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിലെ ഫാ. ഡൊമിനിക് തോട്ടാശേരി നഗറിൽ മെയ് 20 ബുധനാഴ്ച രാവിലെ 9.30 മുതൽ സംഘടിപ്പിച്ചു. സമുദായ ശക്തീകരണം മുഖ്യപ്രമേയമായ ഈ വർഷത്തെ അതിരൂപതാദിനത്തിൽ മാതൃവേദി പിതൃവേദി അതിരൂപത-ഫൊറോനാ ഭാരവാഹികളും യൂണിറ്റ് പ്രതിനിധികളും പങ്കെടുത്തു.

### വി. റീത്തായുടെ തിരുനാൾ

മാതൃവേദിയുടെ സഹമദ്ധ്യസ്ഥയായ വി. റീത്തായുടെ തിരുനാൾ മെയ് 22 -ന് എല്ലാ യൂണിറ്റുകളിലും മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ആഘോഷിച്ചു. പുളിങ്കുന്ന് ഫൊറോനയുടെ ആഭിമുഖ്യത്തിൽ മെയ് 15 വെള്ളിയാഴ്ച പുളിങ്കുന്ന് ഫൊറോനാപ്പള്ളിയിൽനിന്നും കണ്ണാടി സെന്റ് റീത്താസ് പള്ളിയിലേയ്ക്ക് തീർഥാടനം നടത്തി. രാവിലെ 9 മണിക്ക് ആരംഭിച്ച തീർഥാടനം അഭി. തോമസ് പാടിയത്ത് പിതാവ് ഫ്ളാഗ് ഓഫ് ചെയ്തു. മാതൃവേദി പിതൃവേദി അംഗങ്ങളുടെ പങ്കാളിത്തംകൊണ്ടും സംഘാടനമികവുകൊണ്ടും തീർഥാടനം ഏറെ ശ്രദ്ധേയമായി. പുളിങ്കുന്ന് ഫൊറോനപ്പള്ളി വികാരി ഫാ. ജയിംസ് കുന്നിലിന്റെ മുഖ്യ കാർമികത്വത്തിൽ തീർഥാടകർ കണ്ണാടി സെന്റ് റീത്താസ് പള്ളിയിൽ പരിശുദ്ധകുർബാനയർപ്പിച്ചു. പരിശുദ്ധകുർബാനമധ്യേ അതിരൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോസഫ് പാറയ്ക്കൽ സന്ദേശം നൽകി.

### പ്രോലൈഫ് പ്രാർഥനാ കൂട്ടായ്മ

അതിരൂപതാ ജീവൻ ജ്യോതിസ് പ്രോലൈഫ് സെല്ലിന്റെ ആഭിമുഖ്യത്തിലുള്ള പ്രതിമാസപ്രാർഥനയും കൂട്ടായ്മയും മെയ് 22നു സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിക്ക് സമീപമുള്ള കബറിടപ്പള്ളിയിൽ 9.30നു ജപമാലയോടെ ആരംഭിച്ചു. തുടർന്ന് ബഹു. സിറിയക് കോട്ടയിലച്ചൻ വചനപ്രഘോഷണവും ദിവ്യകാരുണ്യ ആരാധനയും നയിച്ചു. പരിശുദ്ധകുർബാനയ്ക്കും വിശുദ്ധ ജിയന്നയുടെ മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കുംശേഷം നേർച്ചകഞ്ഞിയോടെ ശുശ്രൂഷകൾ

അവസാനിച്ചു. പ്രോലൈഫ് കൂട്ടായ്മ എല്ലാ മാസവും നാലാമത്തെ വെള്ളിയാഴ്ച കത്തീഡ്രൽ പള്ളിയിൽ തുടർന്നും സംഘടിപ്പിക്കുന്നതായിരിക്കും.

**റിസോഴ്സ് ടീം ട്രെയിനിങ്ങ്**

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ 'മൽപ്പാൻ' എന്ന പേരിൽ തുരുത്തി കാനായിൽ മെയ് 22, 23, 24 തീയതികളിൽ റിസോഴ്സ് ടീം ട്രെയിനിങ്ങ് നടത്തി. വെരി. റവ. ഫാ. ആന്റണി ഏത്തക്കാട്, പ്രൊഫ. ഡോ. റൂബിൾ രാജ്, ഫാ. തോമസ് വള്ളിയാനിപ്പുറം, ഫാ. സിറിയക് കോട്ടയിൽ, ഫാ. ഐബിൻ പകലോമറ്റം, ജോബി ജോസഫ് പുളിക്കൽ, ഗ്രേസ് ലാൽ, ഡോ. ഫിന്റോ ഫ്രാൻസിസ്, സി. ഡോ. കാർമ്മലി സി.എം.സി. എന്നിവർ ക്ലാസ്സുകൾ നയിച്ചു

**പന്തക്കുസ്താ തിരുനാൾ- വിദ്യാരംഭം**

പന്തക്കുസ്താ തിരുനാളിനോടനുബന്ധിച്ചു യൂണിറ്റുതലത്തിൽ വിദ്യാരംഭം കുറിക്കുന്നതിന് തിരുബാലസഖ്യത്തിലെ കുട്ടികളെ മാതൃവേദി പിതൃവേദി ഭാരവാഹികൾ സഹായിച്ചു. കുട്ടികൾക്കായി സമുദായ ശക്തീകരണ സന്ദേശം വിളിച്ചോതുന്ന കളറിങ്ങ്, ഫാൻസി ഡ്രസ് മത്സരങ്ങൾ സംഘടിപ്പിച്ചു.

## ഓർമ്മിക്കാൻ

**അതിരൂപത കലോത്സവം 2026: അവതരണ മത്സരങ്ങൾ**

മാതൃവേദിയുടെയും പിതൃവേദിയുടെയും അതിരൂപതാതല അവതരണ മത്സരങ്ങൾ 2026 ജൂൺ 13 ശനിയാഴ്ച രാവിലെ 8 മണി മുതൽ ചങ്ങനാശേരി എസ്.ബി. ഹയർ സെക്കണ്ടറി സ്കൂളിൽ സംഘടിപ്പിക്കും. അതിരൂപതാ മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത നേടിയവർ കൃത്യസമയത്തുതന്നെ എത്തിച്ചേരേണ്ടതാണ്.

**നസ്രാണി ഫാമിലി മീറ്റ്: നെടുംകുന്നം-മണിമല, ചങ്ങനാശ്ശേരി-തുരുത്തി ഫൊറോനകൾ**

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ, 50 വയസിൽ താഴെയുള്ള ദമ്പതികൾക്കായി സായാഹ്ന കൺവെൻഷനുകൾ ഫൊറോനാതലത്തിൽ നടത്തിവരുന്നു. നെടുംകുന്നം-മണിമല ഫൊറോനാകളുടെ കൺവെൻഷൻ 2026 ജൂൺ 14 ഞായറാഴ്ച വൈകുന്നേരം 4 മണി മുതൽ നെടുംകുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ഫൊറോനാപ്പള്ളിയിലും ചങ്ങനാശ്ശേരി- തുരുത്തി ഫൊറോനകളുടെ കൺവെൻഷൻ 2026 ജൂൺ 21 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4 മണി മുതൽ ചങ്ങനാശേരി കത്തീഡ്രൽപള്ളിയിലും സംഘടിപ്പിക്കും. പരിശുദ്ധ കുർബാനയും വചനപ്രഘോഷണവും കപ്പിൾസ് ഷെയറിങ്ങും ആരാധനയും അടങ്ങുന്ന പ്രാർഥനാനിർഭരമായ ഒരു സായാഹ്നമാണ് വിഭാവനം ചെയ്യുന്നത്. അഭി. തോമസ് തറയിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തും. പ്രാർഥനാശുശ്രൂഷകൾ വൈകിട്ട് 8.00-ന് ഭക്ഷണത്തോടെ സമാപിക്കും. ഒരുമിച്ചായിരിക്കാനും പ്രാർഥിക്കാനും, ആത്മാവിൽ ശക്തിപ്പെടാനും ദമ്പതികൾക്കിടയിലുള്ള സ്നേഹബന്ധം ദൃഢപ്പെടുത്താനുമുള്ള ഈ അവസരം നഷ്ടപ്പെടുത്തില്ലല്ലോ.

### പിതൃദിനം

ജൂൺ 21 ലോകപിതൃദിനമായി നാം ആചരിക്കുകയാണ്. അന്നേദിവസം യൂണിറ്റുതലത്തിൽ പിതാക്കന്മാരെ ആദരിക്കാനും സാമൂഹ്യസേവനത്തിനും നേതൃത്വമേറ്റെടുക്കുന്നതിനുമായി ആളുകളെ പരിശീലിപ്പിക്കാനും ശ്രദ്ധിക്കുമല്ലോ.

### ലോക വിധവാദിനം

ലോക വിധവാ ദിനത്തോടനുബന്ധിച്ച് ജൂൺ 23 ചൊവ്വാഴ്ച യൂണിറ്റുതലത്തിൽ യൂദിത്ത്- നവോമി ഫോറങ്ങളുടെ സമ്മേളനം സംഘടിപ്പിക്കാനും അവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും ശ്രദ്ധിക്കുമല്ലോ.

### നല്ല സമറായൻ മീറ്റ് 2026

ചങ്ങനാശേരി ഫാമിലി അപ്പോസ്തലേറ്റിന്റെയും മാർ കാവുകാട്ട് പാലിയേറ്റീവ് & ഫാമിലി ഹെൽത്ത് കെയറിന്റെയും ആഭിമുഖ്യത്തിൽ ഇടവകകളിലെ പാലിയേറ്റീവ് കെയറിന് (നല്ല സമറായൻ ഫോറം) നേതൃത്വം നൽകുന്ന വോളണ്ടിയേഴ്സിന്റെ സംഗമവും പരിശീലനവും 2026 ജൂൺ 24 ബുധനാഴ്ച രാവിലെ 9 മണി മുതൽ 4 മണി വരെ ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ നടത്തുന്നു. ഇടവകകളിലെ പാലിയേറ്റീവ് കെയർ യൂണിറ്റിന് നേതൃത്വം നൽകുന്നവർ പങ്കെടുക്കുമല്ലോ.

## വിവാഹഒരുക്ക സെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| ജൂൺ | 20, 21, 22 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 29, 30, ജൂലൈ 01 | |
| ജൂലൈ | 11, 12, 13 | |
| | 27, 28, 29 | |

**വിവാഹഒരുക്ക സെമിനാർ വിവരങ്ങൾക്ക്: 0481 2424476, 9447016240 (ഫാമിലി അപ്പോസ്തലേറ്റ്)**
**വിളിക്കേണ്ട സമയം: രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**

❑

# യുവദീപ്തി–എസ്.എം.വൈ.എം.

## ചമ്പക്കുളം ഫൊറോനാ പ്രാർഥനാ പഠന പരിശീലന ക്യാംപ്

ചമ്പക്കുളം യുവദീപ്തി–എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ 2026 പ്രവർത്തന വർഷത്തെ പ്രാർഥനാ പഠന പരിശീലന ക്യാംപ് ''ഹൈല 2K26'' ഏപ്രിൽ 24, 25, 26 തീയതികളിൽ ചമ്പക്കുളം ബിഷപ്പ് തോമസ് കുര്യാളശ്ശേരി മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നടത്തപ്പെട്ടു.

ഫൊറോനാ പ്രസിഡന്റ് സജിൻ തങ്കച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ഫാ. ടോണി പുതുവീട്ടിൽക്കളം ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് പാറത്താനം, സി. മരിയാ റോസ് എസ്.എ.ബി.എസ്., അലക്സ് മഞ്ഞുമ്മേൽ, നിമിഷ മേരി ചാക്കോ എന്നിവർ പ്രസംഗിച്ചു. സെന്റ് മേരീസ് ബസിലിക്ക റെക്ടർ വെരി റവ. ഡോ. ജയിംസ് പാലയ്ക്കൽ ആശംസകൾ നേർന്നു പ്രസംഗിച്ചു. ഫാ. സാവിയോ മാനാട്ട്, സിജോ പുത്തനങ്ങാടി, ഫാ. ആന്റണി കാച്ചാംകോട്, അജയ് വർഗീസ്, ലൂസി ഫിലിപ്പോസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. സഞ്ജയ് സതീഷ്, ലിന്റാ ജോഷി, ഹിമ, ആൻലിയ എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

## കൊല്ലം ഫൊറോനാ ക്യാംപ്

കൊല്ലം ഫൊറോനയുടെ പ്രാർഥനാ പഠന പരിശീലന ക്യാംപ് ''ഹൈല 2K26'' മെയ് 1, 2, 3 തീയതികൾ മീൻകുളം ലൂർദ്ദ് മാതാ പബ്ലിക് സ്കൂളിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് ജോയൽ ജോർജിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ക്യാംപ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. നിഥിൻ അമ്പലത്തുങ്കൽ, അതിരൂപതാ പ്രസിഡന്റ് അലക്സ് മഞ്ഞുമ്മേൽ, ജെസ്‌ലിൻ ജോജോ, ജീവൻ സണ്ണി, ജോസ്ന ജോസ്, ലിബിൻ റൂബി ചാക്കോ എന്നിവർ പ്രസംഗിച്ചു. ഫാ. സാവിയോ മാനാട്ട്, സിജോ പുത്തനങ്ങാടി, അലക്സ് മഞ്ഞുമ്മേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ക്യാംപിനോടനുബന്ധിച്ച് കൊല്ലം ഫൊറോനാ നടത്തുന്ന സുറിയാനി ക്ലാസ്സിന്റെ പോസ്റ്റർ പ്രകാശനവും, യൂണിറ്റിനൊരു പച്ചക്കറിത്തോട്ടം മത്സരത്തിന്റെ വിത്തുവിതരണവും നടത്തുകയുണ്ടായി. ബ്രദർ ക്രിസ്റ്റി ക്യാംപിൽ ആരാധന നയിച്ചു. സഞ്ചയ് സതീഷ്, ലിന്റാ ജോയി, ഡെറിൻ, ജിറ്റി തോമസ് എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

## കുറുമ്പനാടം, ചെങ്ങരൂർ ഫൊറോനാകളുടെ ക്യാംപ്

കുറുമ്പനാടം, ചെങ്ങന്നൂർ ഫൊറോനാകളുടെ പ്രാർഥനാ പഠന പരിശീലന ക്യാംപ് ''ഹൈല 2K26'' മെയ് 6, 7, 8 തീയതികളിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ടു. കുറുമ്പനാടം ഫൊറോനാ പ്രസിഡന്റ് ഐസക് ബെന്നിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ കുറുമ്പനാടം ഫൊറോനാ വികാരി ഫാ. ചെറിയാൻ കറുകപ്പറമ്പിൽ ക്യാംപ് ഉദ്ഘാടനം ചെയ്തു. ഫാ. സാവിയോ മാനാട്ട്, സിജോ പുത്തനങ്ങാടി, അലക്സ് മഞ്ഞുമ്മേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## നെടുങ്കുന്നം ഫൊറോനാ ക്യാംപ്

നെടുങ്കുന്നം ഫൊറോനയുടെ പ്രാർഥനാ പഠന പരിശീലന ക്യാംപ് ''ഹൈല 2K26'' മെയ് 8, 9, 10 തീയതികൾ മുണ്ടത്താനം ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയം

# അതിരൂപതാദിനം (20 മെയ് 2026)

**തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളി** | **ഫാ. ഡൊമനിക് തോട്ടാശ്ശേരി നഗർ**



ലോഗോ പ്രകാശനം ( 7 മെയ് 2025 )





ഛായാചിത്രവും ദീപശിഖയും





വിളംബര ദിനം







സമ്മേളന നഗറിലേക്ക്



പതാക ഉയർത്തൽ



ഖുത്താആ



സ്വാഗതം



സമ്മേളന നഗർ പരിചയപ്പെടുത്തൽ



അധ്യക്ഷപ്രസംഗം



സമ്മേളനോദ്ഘാടനം









അതിരൂപതാദിനപ്രതിജ്ഞ




ഉദ്ഘാടനപ്രസംഗം



മുഖ്യപ്രഭാഷണം



അനുഗ്രഹപ്രഭാഷണം



ആശംസകൾ





## എക്സലൻസ് അവാർഡ് ദാനം


ഡോ. കെ. സി. ജോസഫ്


ശ്രീമതി ശാന്താ ജോസ്

പ്രത്യേക പുരസ്കാരം


റവ. സി. ആലീസ് ഫൈനാ CMC

പ്രത്യേക പുരസ്കാരം


ശ്രീ. അബ്രഹാം പുത്തൻകളം


ശ്രീ. സി.എ. ആന്റണി ചെന്നിത്തല

ആദരം


റവ. സി. ഡോ. ജോവാൻ ചുങ്കപ്പുര

ആദരം


റവ. ഡോ. തോമസ് വള്ളിയാനിപ്പുറം

ആദരം


ശ്രീ. ബിനു ജോയി മങ്കുഴി


ഡോ. ഷേർളി ഫിലിപ്പ് പുതുമന

ആദരം


ശ്രീമതി ജാൻസിമോൾ അഗസ്റ്റിൻ

ആദരം


കുമാരി അലീന റ്റി. സജി തകിടിയേൽ

ആദരം


ശ്രീ. ബോബി സാബു പുതുപ്പറമ്പിൽ


ശ്രീ. ബൈജു സ്റ്റീഫൻ പുഷ്പാലയം

ആദരം


ശ്രീ. ആന്റണി സെബാസ്റ്റ്യൻ കാക്കരിയിൽ

ആദരം


ശ്രീ. ജോമിച്ചൻ ജോസ് കണ്ട്രാമറ്റം

ആദരം


ശ്രീ. ജെബോയ് മാത്യു മുണ്ടേത്തറയിൽ


റവ. സി. ദീപ്തി മരിയ എഫ്. സി. സി.

ആദരം


കുമാരി ഭവ്യ കെ. എൻ.


ശ്രീ. അഫിൻ ജെ. വിൻസെന്റ് കണിത്തറ

നവസംരംഭക പുരസ്കാരം


ശ്രീ. ജോസഫ് ദേവസ്യ വള്ളപ്പാട്ടിൽ


ശ്രീ. റ്റിൻസു മാത്യു കരിക്കണ്ടത്തിൽ

നവസംരംഭക പുരസ്കാരം


ശ്രീമതി സ്മിത മുളയ്ക്കൽ


ജിനോ & റ്റിന്റു നെടുംപറമ്പിൽ


ജോസ് മാത്യു & നിഖില ചോമാശ്ശേരിൽ


ജോസഫ് സേവ്യർ & ജോസി കാട്ടടി


പ്രവാസി അപ്പോസ്തലേറ്റ്
മികച്ച ചാപ്റ്റർ – കുവൈറ്റ് ചാപ്റ്റർ














നന്ദിപ്രകാശനം


ഗായകസംഘം



141–ാമത് അതിരൂപതാദിനാഘോഷത്തിന്റെ പതാക
പുളിങ്കുന്ന് ഫൊറോന ഏറ്റുവാങ്ങുന്നു

സ്കൂളിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് ടോണി ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ക്യാംപ് ഉദ്ഘാടനം ചെയ്തു. ഫാ. ജേക്കബ് പടമറ്റം, അലക്സ് മഞ്ഞുമ്മേൽ, നോയൽ പ്രേംസൺ, ജൂണ മേരി ജോജോ, നിയാ ജയിംസ് എന്നിവർ പ്രസംഗിച്ചു. ഫാ. സാവിയോ മാനാട്ട്, ഫാ. ബിന്നി കയ്യാണിൽ, അലക്സ് സെബാസ്റ്റ്യൻ മഞ്ഞുമ്മേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സഞ്ജയ് സതീഷ്, കാതറൈൻ ജോസഫ്, ഹിമ ട്രീസ ജോബി, ടെസ്സാ മരിയ എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

**തൃക്കൊടിത്താനം ഫൊറോനാ ക്യാംപ്**

തൃക്കൊടിത്താനം ഫൊറോനാ ക്യാംപ് ''ഹൈല 2K26'' പ്രവർത്തനവർഷത്തെ പ്രാർഥനാ പഠന പരിശീലന ക്യാംപ്, മീഡിയാ വില്ലേജിൽ മെയ് 15, 16, 17 തീയതികളിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് ഷോൺ തോമസ് എബ്രാഹമിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ക്യാംപ് ഉദ്ഘാടനം ചെയ്തു. ഫാ. സാവിയോ മാനാട്ട്, സിജോ പുത്തനങ്ങാടി, പോൾ എം.പി. എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**പുളിങ്കുന്ന് ഫൊറോനാ ക്യാംപ്**

പുളിങ്കുന്ന് ഫൊറോനയുടെ 2026 പ്രവർത്തനവർഷത്തെ പ്രാർഥനാപഠന പരിശീലനക്യാംപ് ''ഹൈല 2K26'' പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജിൽ മെയ് 15-17 തീയതികളിൽ നടത്തുകയുണ്ടായി. ഫൊറോനാ പ്രസിഡന്റ് ടോണി വർഗീസിന്റെ അദ്ധ്യക്ഷതയിൽകൂടിയ സമ്മേളനത്തിൽ ഫൊറോനാ വികാരി ഫാ. ജയിംസ് കുന്നിൽ ക്യാംപ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ഷിബിൻ ചൂരവടി, സി. റോഷ്നി സി.എം.സി., റിയ ടോജി, നവ്യ തോമസ്, പോൾ എം.പി., എലിസബത്ത് തോമസ്, അലക്സ് മഞ്ഞുമ്മേൽ എന്നിവർ പ്രസംഗിച്ചു. ഫാ. സാവിയോ മാനാട്ട്, സിജോ പുത്തനങ്ങാടി, അലക്സ് മഞ്ഞുമ്മേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സഞ്ജയ് സതീഷ്, അനീറ്റ ആന്റണി, ജിസ്‌ലിൻ, ക്രിസ്റ്റി കെ. കുഞ്ഞുമോൻ എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

**ഛായാചിത്രപ്രയാണം**

140-ാമതു അതിരൂപതാദിനാചരണത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ പ്രഥമ മുനിസിപ്പൽ പ്രസിഡന്റായിരുന്ന ഫാ. ഡൊമിനിക് തോട്ടാശ്ശേരിയുടെ ഛായാചിത്രവും വഹിച്ചുകൊണ്ടുള്ള പ്രയാണം മെയ് 19നു ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് കത്തീഡ്രൽപള്ളിയിൽനിന്നും ആരംഭിച്ചു. മുനിസിപ്പൽ ഓഫീസ്സിലെ സ്വീകരണത്തിനുശേഷം സെൻട്രൽ ജംഗ്ഷൻ, അരമനപ്പടി, പാറേൽപ്പള്ളി, വെരൂർപ്പള്ളി, തെങ്ങണ, മുണ്ടുപാലം വഴി പ്രയാണം തൃക്കൊടിത്താനം ഫൊറോനാപ്പള്ളിയിൽ എത്തിച്ചേർന്നു. അതിരൂപതാദിനം നടക്കുന്ന സമ്മേളനനഗറിലെ സ്റ്റേജിൽ ഛായാചിത്രം സ്ഥാപിച്ചു.

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**അലക്സ് സെബാസ്റ്റ്യൻ മഞ്ഞുമ്മേൽ**
*(പ്രസിഡന്റ്)*

❑

# സീയോൻ ധ്യാനകേന്ദ്രം

**ജൂണിലെ ശുശ്രൂഷകൾ**

07-12 : വൈദികർക്കുള്ള ധ്യാനം
(ചങ്ങനാശേരി അതിരൂപതാ വൈദികർ)

14-19 : വൈദികർക്കുള്ള ധ്യാനം
(ചങ്ങനാശേരി അതിരൂപതാ വൈദികർ)

20-22 : വിവാഹഒരുക്ക സെമിനാർ

29-ജൂലൈ 01 : വിവാഹഒരുക്ക സെമിനാർ

**സീയോൻ ധ്യാനകേന്ദ്രത്തിൽ ക്യാംപുകളും മറ്റുശുശ്രൂഷകളും നടത്താനാഗ്രഹിക്കുന്നവർ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.**

**ഫോൺ: 9400277998 (ഡയറക്ടർ), 8086399023 (ധ്യാനകേന്ദ്രം)**

**ഫാ. ജോസഫ് അയ്യങ്കരി**
*(ഡയറക്ടർ)*
9400277998

❑

## JIMPIRE Cheeranchira

*A Unit of St. Thomas Hospital, Chethipuzha*

സംസാരം, പഠനം, പെരുമാറ്റം സാമൂഹിക ഇടപെടൽ എന്നിവയിൽ കുഞ്ഞുങ്ങളുടെ സമഗ്ര വളർച്ചയ്ക്ക് പ്രത്യേക പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും വിദഗ്ധരുടെയും സേവനം ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ കീഴിൽ ചീരഞ്ചിറയിൽ പ്രവർത്തിക്കുന്ന JIMPIRE ചൈൽഡ് ഡവലപ്പ്മെന്റ് സെന്ററിൽ ലഭ്യമാണ്.

***ലഭ്യമായ സേവനങ്ങൾ***

* Specialist Doctor Consultations
* Multi Disciplinary Developmental Assessment
* Well Equipped Therapy Units
* JP model Sensory Park
* Advanced Audiology Unit
* Seamless Access to Medical Specialities
* Family Guidance and Parent Counseling

*For Registration & Details :* 8089 894 073, 8089 894 074

# ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി (CHASS)

പ്രിയ ബഹുമാനപ്പെട്ട അച്ചാ/സുഹൃത്തേ,

നമ്മുടെ യൂണിറ്റുകളുടെ മേൽനോട്ടത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിലയിരുത്തലും മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെ ഓഡിറ്റിങ്ങും വളരെ ഭംഗിയായി കേന്ദ്ര ഓഫീസിൽ നടന്നുവരുന്നു. എല്ലാ യൂണിറ്റുകളും ഓഡിറ്റിങ്ങിനുവേണ്ട ക്രമീകരണങ്ങൾ ആരംഭിച്ചു കഴിഞ്ഞുയെന്നും കരുതുന്നു. പ്രത്യേകമായി 12 AB എടുത്ത് റിട്ടേൺ സമർപ്പിക്കേണ്ട യൂണിറ്റുകൾ നേരത്തെതന്നെ ഓഡിറ്റ് പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. നമ്മുടെ വാർഷികപദ്ധതികൾ ആസൂത്രണം ചെയ്യുവാനും നടപ്പിലാക്കുവാനും ഈ സമയം ഉപകരിക്കണം.

ജൂൺമാസത്തെ യൂണിറ്റിന്റെ പരിപാടികളിൽ പരിസ്ഥിതിദിനാചരണത്തിനും ലഹരിവിരുദ്ധദിനാചരണത്തിനും പ്രത്യേകം പ്രാധാന്യം നൽകി പ്രവർത്തിക്കുവാൻ ഏവരും പരിശ്രമിക്കണം. പ്രകൃതിയെ സംരക്ഷിക്കുവാനും പരിസ്ഥിതിയുടെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കുവാനും ഈ പ്രവർത്തനങ്ങളിലൂടെ സാധിക്കും. വായുമലിനീകരണം, ജലക്ഷാമം, വനനശീകരണം, പ്ലാസ്റ്റിക്ക് മാലിന്യം തുടങ്ങിയ പ്രശ്നങ്ങൾ ഇന്ന് നാം നേരിടുന്ന പ്രധാന വെല്ലുവിളികളാണ്, ഭൂമി നമ്മുടെ വീടാണ് എന്ന തിരിച്ചറിവോടെ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുവാനും മരങ്ങൾ നട്ടുപിടിപ്പിച്ച് ജലസംരക്ഷണത്തിലൂടെയും സംഭരണത്തിലൂടെയും നമുക്ക് പ്രകൃതിയെ സംരക്ഷിക്കാനാവണം. ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് യുവജനങ്ങളെ ലഹരിയിൽനിന്ന് അകറ്റി ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുവാനും കുടുംബത്തേയും സമൂഹത്തേയും ബാധിക്കുന്ന ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽനിന്ന് അവരെ പിൻതിരിപ്പിക്കുവാനും ഉതകുന്നതരത്തിലുള്ള വിവിധങ്ങളായ പരിപാടികൾ സ്കൂൾ, കോളേജ്, സൺഡേ സ്കൂൾ തുടങ്ങിയവയുടെ സഹകരണത്തോടെ നടപ്പാക്കണം. ഈ പ്രവർത്തനങ്ങളിൽ ചാസ് ഐ.ആർ.സി.എ.കളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുമല്ലോ.

കൂടാതെ MBS, SHG, കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാരുടെ ആരോഗ്യ ഇൻഷുറൻസ് എന്നിവ പുതുക്കുവാനും യൂണിറ്റു ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## കേന്ദ്രവാർത്തകൾ

**വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് പ്രോഗ്രാം:** ബിരുദാനന്തര ബിരുദ പഠനത്തിന്റെ ഭാഗമായി മെയ് 1, 4 തീയതികളിൽ ഡോൺ ബോസ്കോ കൊട്ടിയം, വിമല തൃശ്ശൂർ, ജയ് ഭാരത് പെരുമ്പാവൂർ, എസ്.ബി. ചങ്ങനാശ്ശേരി, എം.ജി. യൂണിവേഴ്സിറ്റി എന്നീ കോളേജുകളിൽ നിന്നും വിദ്യാർത്ഥികൾ ഇന്റേൺഷിപ്പിനായി ചാസിൽ എത്തി.

**തൊഴിലവസരം:** വെൽഡർ, ഇലക്ട്രീഷ്യൻ, സൈറ്റ് സൂപ്പർവൈസർ, കാർപെന്റർ, ഹോട്ടൽ സ്റ്റാഫ് എന്നീ തസ്തികകളിലേയ്ക്ക് മെയ് 2നു വിവിധ ഏജൻസികളുമായി സഹകരിച്ച് ചാസ് കേന്ദ്രഓഫീസിൽ തൊഴിൽമേള നടത്തി.

**പഠനശിബിരം:** കേരള സോഷ്യൽ സർവ്വീസ് ഫോറം സി.ബി.സി.ഐ.യുമായി സഹകരിച്ച് മെയ് 11നു പാലാരിവട്ടം പിഒസിയിൽ ഏകദിന പരിസ്ഥിതിസംരക്ഷണ പഠനശിബിരം സംഘടിപ്പിച്ചു. ചാസിനെ പ്രതിനിധീകരിച്ച് പ്രോജക്ട് ഓഫീസർ ആനി കെ. തോമസ്, മേഖല കോഡിനേറ്റർ ബിനു ജോസഫ് എന്നിവർ പങ്കെടുത്തു.

**യാത്രയയപ്പ് സമ്മേളനം:** ചാസ്-ഖാദി ഓഫീസുകളിൽ പതിറ്റാണ്ടുകളായി സ്തുത്യർഹ സേവനം ചെയ്ത 11 സ്റ്റാഫ് അംഗങ്ങൾക്ക് മെയ് 16നു ചാസ് കേന്ദ്ര ഓഫീസിൽ യാത്രയയപ്പ് നൽകി. അഭി. പിതാവ് മാർ തോമസ് തറയിൽ അനുഗ്രഹപ്രഭാഷണം നടത്തി ഉപഹാരം നൽകി ആദരിച്ചു. ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം അദ്ധ്യക്ഷതവഹിച്ചു.

## സ്വാശ്രയസംഘ രൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 05.05.2026 | ഫാത്തിമാപുരം | വർണ്ണം | 20 |
| 11.05.2026 | മണിമല ഓൾഡ് | ദീപ്തി | 18 |
| 20.05.2026 | മൈലാടി | പ്രതീക്ഷ | 12 |

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1) എസ്.എച്ച്.ജി. മരണാനന്തര സഹായം:** ഒരു കുടുംബത്തിന് 20,000 രൂപ വീതം 5 കുടുംബങ്ങൾക്ക് 1,00,000 (ഒരുലക്ഷം) രൂപ മരണാനന്തര സഹായം അനുവദിച്ചു.

| | *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|---|
| 749. | തോമസ് ചെറിയാൻ | ബ്രദേഴ്സ് | നാലുകോടി | തൃക്കൊടിത്താനം |
| 750. | റോസമ്മ ജോസഫ് | കുടുംബജ്യോതി | തകഴിതെന്നടി | എടത്വാ |
| 751. | സേവ്യർ റ്റി. എം. | തേജസ് | കിടങ്ങറ | ചങ്ങനാശ്ശേരി |
| 752. | തോമസുകുട്ടി സെബാസ്റ്റ്യൻ | സെന്റ് മേരീസ് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 753. | അന്നമ്മ ജോസഫ് | ഷാരോൺ | നാൽപ്പാത്തിമല | അതിരമ്പുഴ |

**2) മ്യൂച്വൽ ബെനഫിറ്റ് സ്കീം (എം.ബി.എസ്.)** ഒരു കുടുംബത്തിന് 10000 രൂപ വീതം 24 കുടുംബങ്ങൾക്ക് 2,40,000 (രണ്ടുലക്ഷത്തി നാൽപതിനായിരം) രൂപ മരണാനന്തര സഹായം അനുവദിച്ചു.

| പേര് | യൂണിറ്റ് | മേഖല |
| --- | --- | --- |
| 1364. ആനിമ്മ സ്കറിയ മാമ്മൂട്ടിൽ | പാറേൽ | ചങ്ങനാശ്ശേരി |
| 1365. ജിൻസി ബിനു, നീലത്തുംമുക്കിൽ | പാറേൽ | ചങ്ങനാശ്ശേരി |
| 1366. എം. ജെ. തോമസ്, മാറാട്ടുകളം | പാറേൽ | ചങ്ങനാശ്ശേരി |
| 1367. ബേബി ജോസഫ്, മുളവന | കരുവാറ്റ | എടത്വാ |
| 1368. ത്രേസ്യാമ്മ കടുപ്പിൽ | ചെത്തിപ്പുഴ | ചങ്ങനാശ്ശേരി |
| 1369. മറിയാമ്മ ആന്റണി, പുളിക്കൽ | മാന്നില | കുറുമ്പനാടം |
| 1370. തങ്കമ്മ സണ്ണി, കഞ്ഞിക്കര | രാമങ്കരി | പുളിങ്കുന്ന് |
| 1371. സിജോ തെക്കുംതറ | കൊണ്ടാക്കൽ | ചമ്പക്കുളം |
| 1372. കുമാരി കുഞ്ഞുമോൻ, പറക്കള്ളിയിൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 1373. അന്നമ്മ കുര്യൻ, തുണ്ടത്തിൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 1374. പ്രസന്നകുമാരി, പറൂര് | കൊടുപ്പുന്ന | എടത്വാ |
| 1375. ഏലിക്കുട്ടി തോമസ് കല്ലുംപുറം | നാൽപ്പാത്തിമല | അതിരമ്പുഴ |
| 1376. ജിമ്മി കെ. കെ, കിഴക്കേപുരയ്ക്കൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 1377. മറിയാമ്മ ജോസഫ്, പുതുപ്പറമ്പിൽ | പുന്നമട | ആലപ്പുഴ |
| 1378. റോസമ്മ വർഗ്ഗീസ് നാൽപ്പത്താറിൽ | തായങ്കരി | എടത്വാ |
| 1379. റോസമ്മ മേനോൻ വീട് | ആറാട്ടുവഴി | ആലപ്പുഴ |
| 1380. തോമസ് ദേവസ്യ പുത്തൻപുരയ്ക്കൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 1381. പി. കെ. മാത്യു പുരയ്ക്കൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 1382. കെ. വി. മാത്യു കുന്നത്തുകുഴി | കുടമാളൂർ | കുടമാളൂർ |
| 1383. ഹെലൻ ലോപ്പസ്, എസ്.ബി. കോട്ടേജ് | ആറാട്ടുവഴി | ആലപ്പുഴ |
| 1384. റീത്തമ്മ കുഞ്ഞുമോൻ, പള്ളിത്തോപ്പ് | കുമരകം വടക്കുംകര | കുടമാളൂർ |
| 1385. എം. വി. കുര്യൻ, മണിയങ്കേരിൽ | കിളിരൂർ | കുടമാളൂർ |
| 1386. റ്റി. ഇസഡ്. ഫിലിപ്പോസ്, തൈച്ചേരിൽ | നർബോനപുരം | ചമ്പക്കുളം |
| 1387. മറിയമ്മ തോമസ് | കുമരകം വടക്കുംകര | കുടമാളൂർ |

## മേഖലാവാർത്തകൾ

**സൗജന്യദന്തപരിശോധനാ ക്യാംപ്:** വള്ളംചിറ, കുറിച്ചി യൂണിറ്റുകളിൽ ഏപ്രിൽ 25, 29 തീയതികളിൽ പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ സഹകരണത്തോടെ സൗജന്യ ദന്തപരിശോധനാക്യാംപ് സംഘടിപ്പിച്ചു. 125 അംഗങ്ങൾ ക്യാംപിൽ പങ്കെടുത്തു. യൂണിറ്റു ഭാരവാഹികൾ നേതൃത്വം നൽകി.

**സാന്ത്വനം കാൻസർ കെയർ പദ്ധതി:** കാവാലം സെന്റ് ജോസഫ് യൂണിറ്റിൽ ഏപ്രിൽ 26നു കാൻസർ രോഗനിർണ്ണയ ക്യാംപ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ഐസക് ആലഞ്ചേരി ഉദ്ഘാടനം നിർവഹിച്ചു. കാവാലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോജോ ജോസഫ് വാർഡ് മെമ്പർ ജ്ഞാനേഷ് കുമാർ എന്നിവർ ആശംസയർപ്പിച്ചു. 55 അംഗങ്ങൾ ക്യാംപിൽ പങ്കെടുത്തു.

*ശേഷം പേജ് 68* ➤➤➤

# ചാസ്സ്–ഖാദി ഗ്രാമവ്യവസായമേഖല

## ലോക ബീ കീപ്പിംഗ് ദിനം

സംസ്ഥാന ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ സഹകരണത്തോടെ ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ പുതുശ്ശേരി സെന്റ് ജോസഫ്സ് ബോയ്സ് ആഡിറ്റോറിയത്തിൽ മെയ് 20ന് ലോക തേനീച്ചദിനാഘോഷം സംഘടിപ്പിച്ചു. ഖാദി ഗ്രാമവ്യവസായ കമ്മീഷൻ സംസ്ഥാന ഡയറക്ടർ സി. ജി. ആണ്ടവർ ഉദ്ഘാടനം നിർവഹിച്ചു. കല്ലുപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജ്ഞാനമണി മോഹന്റെ അദ്ധ്യക്ഷതയിൽകൂടിയ സമ്മേളനത്തിൽ കല്ലുപ്പാറ ഗ്രാമപഞ്ചായത്ത് മെമ്പർ കെ. ബി. രാമചന്ദ്രൻ, ഖാദി ഗ്രാമോദ്യാഗ് വിദ്യാലയ പ്രിൻസിപ്പൽ ഫാ. വർഗീസ് നമ്പിമഠം, ഖാദി ജനറൽ മാനേജർ ജോൺ സക്കറിയാസ്, റിനു ദേവസ്യാ എന്നിവർ പ്രസംഗിച്ചു. ഖാദി കമ്മീഷൻ അസിസ്റ്റന്റ് ഡയറക്ടർ പി. സഞ്ജീവ്, നെടുംകുന്നം തേൻ ഉല്പാദകസംഘത്തിലെ അപ്പിയറിസ്റ്റ്  മറിയാമ്മ കെ. ബി. എന്നിവർ ക്ലാസ്സുകൾ നയിച്ചു. ദിനാഘോഷത്തോടനുബന്ധിച്ച് എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, കോളേജ് വിദ്യാർഥികൾക്കായി മെയ് 19നു 'പ്രകൃതിയും തേനീച്ചയും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ചിത്രരചനാമത്സരം നടത്തി. 41 വിദ്യാർഥികൾ പങ്കെടുത്തു. വിജയികൾക്ക് ഖാദി ഗ്രാമവ്യവസായ കമ്മീഷൻ സംസ്ഥാന ഡയറക്ടർ സി. ജി. ആണ്ടവർ സർട്ടിഫിക്കറ്റും തേനും നൽകി. പങ്കെടുത്ത എല്ലാവർക്കും പ്രിൻസിപ്പൽ തേൻ വിതരണം ചെയ്തു.

## ഏകദിന വ്യവസായ സംരംഭകത്വ ശില്പശാല (EAP)

തൃക്കൊടിത്താനം യുവദീപ്തിയുടെ സഹകരണത്തോടെ കെ.ജി.വി. മല്ലപ്പള്ളിയുടെ ആഭിമുഖ്യത്തിൽ മെയ് 3നു സെന്റ് സേവ്യേഴ്സ് പള്ളിയിൽ ഏകദിന വ്യവസായ സംരംഭകത്വ ശില്പശാല നടത്തി. ഇതിനോടനുബന്ധിച്ച് ലോഷൻ നിർമ്മാണവും കൃത്രിമ ഫ്ളവർ മേക്കിങ്ങും പഠിപ്പിച്ചു. 27 പേർ പങ്കെടുത്തു.

**2026 ജൂൺ മാസത്തിൽ മല്ലപ്പള്ളി വിദ്യാലയത്തിലും വിവിധ എക്സ്റ്റൻഷൻ സെന്ററുകളിലുമായി ആരംഭിക്കുന്ന വിവിധ സ്റ്റൈപ്പന്ററി/ഫീ ബേസിസ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു (9072875958, 9447160207, 7907144684)**

| കോഴ്സുകൾ | തുടങ്ങുന്ന തീയതി | കാലാവധി | ഫീസ് | സ്ഥലം | സീറ്റ് എണ്ണം |
|---|---|---|---|---|---|
| സോപ്പ് ,ഡിറ്റർജന്റ് പൗഡർ നിർമ്മാണം | 08.06.2026 | 2 ആഴ്ച | 700 | സെന്റ് സേവ്യേഴ്സ്, ചർച്ച്,തൃക്കൊടിത്താനം | 20 |
| ആർട്ടിഫിഷ്യൽ ഫ്ളവർ മേക്കിംഗ് | 15.06.2026 | 2 ആഴ്ച | 1250 | കെ.ജി.വി മല്ലപ്പള്ളി | 20 |
| ബേക്കറി കോഴ്സ് | 15.06.2026 | 2 മാസം | 1250 | പൊടിപ്പാറ ചർച്ച് | 20 |
| തയ്യൽ പരിശീലനം | 08.06.2026 | 3 മാസം | 2500 | നാലുകോടി ചർച്ച് | 20 |

**ഫാ. വർഗീസ് നമ്പിമഠം**
*(പ്രിൻസിപ്പൽ, കെ.ജി.വി. മല്ലപ്പള്ളി)*
*9633521483*

**ഫാ. ജോർജ് പനക്കേഴം**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*
*9496807124*

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

'കളർ എ ഹോം' ഭവനനിർമാണപദ്ധതിയിൽ **2025 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2026 മെയ് 21** വരെ അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 211 | അതിരമ്പുഴ – ലിസ്യു | 73250 | 29300 |
| 212 | കൂരോപ്പട | 106300 | 42520 |
| 213 | വെളിയനാട് – സെന്റ് ജോസഫ് | 6810 | 3000 |
| 214 | താഴത്തങ്ങാടി | 64250 | 25700 |
| 215 | വള്ളംചിറ | 20150 | 8060 |
| 216 | കുളത്തുപ്പുഴ | 3950 | 1580 |
| 217 | കാര്യവട്ടം | 80800 | 32170 |
| 218 | പനയമ്പാല | 42400 | 16960 |
| 219 | ചാരമംഗലം | 26010 | 10400 |
| 220 | രാജഗിരി | 13970 | 5588 |
| 221 | തെള്ളകം | 164490 | 53796 |
| 222 | കുട്ടമങ്കലം | 20900 | 8360 |
| 223 | ശ്രീകാര്യം | 210700 | 84280 |
| 224 | തോട്ടുവാത്തല | 30650 | 12260 |
| 225 | നെടുമണ്ണി | 140761 | 56304 |
| 226 | നരിക്കല്ല് | 10000 | 10000 |

*(തുടരും...)*

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

'കളർ എ ഡ്രീം' പദ്ധതിയിലേക്ക് **2026 ഏപ്രിൽ** മുതൽ **മെയ് 21** വരെ വിവിധ ഇടവക/സംഘടനകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| | ഇടവക / സംഘടന | തുക |
|---|---|---|
| 1. | ലിറ്റിൽ ഫ്ളവർ – പുന്നവേലി | 35000 |
| 2. | സെന്റ് ജോർജ് – തോട്ടക്കാട് | 40000 |
| 3. | സെന്റ് മേരീസ് – തേക്കുപാറ | 10000 |
| 4. | സെന്റ് മേരീസ് – കുമരങ്കരി | 14500 |

❑



# ഫാ. ആന്റണി മാന്നല മെമ്മോറിയൽ
# 10-ാമത് അഖിലകേരള ബൈബിൾ ക്വിസ്
## അരുവിക്കുഴി ലൂർദ് മാതാ പള്ളി | 2026 ജൂലൈ 11 ശനി

ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും ഉത്തമ മാതൃകയും സ്നേഹം കൊണ്ടും ജീവിതലാളിത്യം കൊണ്ടും മനുഷ്യമനസ്സുകളെ കീഴടക്കിയ പുണ്യചരിതനായ ബഹു. ആന്റണി മാന്നില അച്ചന്റെ സ്മരണ ശാശ്വതമായി നിലനിർത്താനും കേരളത്തിലെ സൺഡേ സ്കൂൾ കുട്ടികൾക്കിടയിൽ വചന പഠനം പ്രോത്സാഹിപ്പിക്കുവാനുമായി അരുവിക്കുഴി ലൂർദ് മാതാ പള്ളിയും സെന്റ് ജോസഫ് സൺഡേ സ്കൂളും സംയുക്തമായി സംഘടിപ്പിക്കുന്ന അഖില കേരള ബൈബിൾ ക്വിസ് മത്സരം **2026 ജൂലൈ 11, രണ്ടാം ശനിയാഴ്ച രാവിലെ 9:30ന്** ലൂർദു മാതാ മതബോധന കേന്ദ്രത്തിൽ വെച്ച് നടത്തപ്പെടുന്നു.

| | | |
|---|---|---|
| **നിഷാന്ത് ജോസ് ഫിലിപ്പ്** | **സി. ജൂലി തെരേസ്** | **ഫാ. സെബാസ്റ്റ്യൻ ശൗര്യാമാക്കിൽ** |
| കൂട്ടയാനിക്കൽ (കൺവീനർ) | (ഹെഡ്മിസ്ട്രസ്) | (വികാരി, 9496649951) |

**പഠനവിഷയങ്ങൾ**

**A. ലോഗോസ് ക്വിസ് 2026** — **80%**
- റൂത്ത് 1 മുതൽ 4വരെ അധ്യായങ്ങൾ
- 1 സാമുവൽ 1 മുതൽ 7 വരെ അധ്യായങ്ങൾ
- സഭാപ്രസംഗകൻ 1മുതൽ 6വരെ അദ്ധ്യായങ്ങൾ
- വി. യോഹന്നാൻ 1മുതൽ 12 വരെ അധ്യായങ്ങൾ
- ഗലാത്തിയ 1മുതൽ 6 വരെ അധ്യായങ്ങൾ

**B. യു ക്യാറ്റ് ഭാഗം രണ്ട് : അധ്യായം** 4(Q. 272- 278) — **10%**
**ഭാഗം മൂന്ന് : അധ്യായം** 1 (Q 279-320)

**C. സഭാപരമായ പൊതു ചോദ്യങ്ങളും മാന്നലയച്ചനെക്കുറിച്ചുള്ള ചോദ്യങ്ങളും** — **10%**

**ഒന്നാം സമ്മാനം – ₹ 5000**
**രണ്ടാം സമ്മാനം – ₹ 4000**
**മൂന്നാം സമ്മാനം – ₹ 3000**
**നാലാം സമ്മാനം – ₹ 2000**
} **എവർറോളിങ് ട്രോഫി, സർട്ടിഫിക്കറ്റ്**

**5 മുതൽ 10 വരെ സമ്മാനങ്ങൾ** } **₹ 1000, എവർറോളിങ് ട്രോഫി, സർട്ടിഫിക്കറ്റ്**

**പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹന സമ്മാനങ്ങൾ**

*for*
**Registration**

### നിബന്ധനകൾ

- 2026 - 27 വർഷം സൺഡേ സ്കൂളിൽ 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളിൽ നിന്ന് രണ്ടുപേർ വീതമുള്ള രണ്ട് ടീമുകൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
- രജിസ്ട്രേഷൻ ഫീസ് ടീം ഒന്നിന് 100 രൂപ മാത്രം.
- മത്സരത്തിന് വരുമ്പോൾ വികാരിയച്ചന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

**2026 ജൂലൈ 1 നു മുമ്പായി ഓൺലൈനിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.**
രജിസ്ട്രേഷനു വിളിക്കുക : **8281212446, 9447418157**

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### ഡ്രീം ബിഗ് സീസൺ 4 ചെത്തിപ്പുഴയിൽ

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെയും ആശുപത്രിയുടെ ഇതര സഹോദര സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ക്ഷേമത്തിനായി രൂപീകരിച്ച 'കെയ്റോസി'ന്റെ നേതൃത്വത്തിൽ പ്രസ്തുത ജീവനക്കാരുടെ മക്കൾക്കായി സംഘടിപ്പിക്കുന്ന ഡ്രീം ബിഗ് സീസൺ 4 പ്രചോദനാത്മക പരിപാടി സെന്റ് തോമസ് നഴ്സിങ് കോളേജ് സാന്തോം ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. അതിരൂപതയുടെ മുൻ മെത്രാപ്പോലീത്ത ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു.

ഹോസ്പിറ്റൽ എക്സിക്യുട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത്, അധ്യക്ഷതവഹിച്ച യോഗത്തിൽ അസോ. ഡയറക്ടറുമാരായ ഫാ. മാർട്ടിൻ മുപ്പതിൽച്ചിറ, ഫാ. ജേക്കബ് അത്തിക്കളം, ഹോസ്പിറ്റൽ ചാപ്ളെൻ ഫാ. മാർട്ടിൻ തൈപറമ്പിൽ, ഫാ. പ്രിൻസ്, ഡോ. റെജിമോൻ, ഡോ. സഞ്ജു, ഡോ. പ്രകാശ്, ഡോ. ദീപ, പബ്ളിക് റിലേഷൻ മാനേജർ പോൾ മാത്യു എന്നിവർ പ്രസംഗിച്ചു. സിജോ പി. ജേക്കബ്, ജെയ്ക് സിജോ എന്നിവർ ക്ലാസ്സ് നയിച്ചു. പരിപാടിയുടെ ഭാഗമായി ട്രെയിനിങ് സെഷൻ, മോട്ടിവേഷണൽ ക്ലാസ്സ്, ഗെയിംസ് എന്നിവയും ഉണ്ടായിരുന്നു.

### അഭിനന്ദനങ്ങൾ

Dr. NB നിയോനാറ്റോളജിയിൽ (Neonatology) പ്രശസ്തമായ NBEMS പ്രസിഡന്റിന്റെ ഗോൾഡ് മെഡൽ കരസ്ഥമാക്കിയ ഡോ. ദീപ ജയിംസിന് അഭിനന്ദനങ്ങൾ. അചഞ്ചലമായ സമർപ്പണത്തിന്റെയും മികച്ച ചികിത്സാ വൈഭവത്തിന്റെയും നവജാതശിശു പരിചരണം മെച്ചപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധതയുടെയും ഉത്തമ ഉദാഹരണമാണ് ഈ മികച്ച നേട്ടം.

### പാലിയേറ്റീവ് കെയർ പരിശീലനം

ഹോസ്പിറ്റലിൽ നടന്ന പാലിയേറ്റീവ് കെയർ (Palliative Care) ക്ലാസ്സ്, ഏപ്രിൽ 25ന് കുന്നന്താനം സെന്റ് ജോസഫ് ചർച്ചിൽ നിന്നുള്ള പങ്കാളികൾക്ക് അറിവു പകരുന്നതും ഹൃദയസ്പർശിയായതുമായ ഒരു അനുഭവമായി മാറി. പ്രശസ്ത റിസോഴ്സ് പേഴ്സൺ ബീന വർഗീസിന്റെ നേതൃത്വത്തിൽ നടന്ന ക്ലാസ്സിൽ, പരിചരണം ആവശ്യമുള്ളവർക്ക് ആശ്വാസവും അന്തസ്സും സമഗ്രമായ പിന്തുണയും നൽകുന്നതിനെക്കുറിച്ചാണ് പ്രധാനമായും ചർച്ച ചെയ്തത്.

### സൗജന്യ തിമിര നിർണ്ണയവും ശസ്ത്രക്രിയ ക്യാംപും

ആശുപത്രിയുടെ നേതൃത്വത്തിൽ വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ഏപ്രിൽ 26നു മിത്രക്കരി സെന്റ് സേവ്യേഴ്സ് ചർച്ചിൽ സൗജന്യ തിമിര നിർണ്ണയവും ശസ്ത്രക്രിയ ക്യാംപും സംഘടിപ്പിച്ചു.

പ്രസ്തുത പരിപാടിയിൽ നിരവധി പേർക്ക് കണ്ണ് പരിശോധനയും ആവശ്യമായ ചികിത്സയും ലഭ്യമാക്കാനായി.

### നഴ്സസ് ദിനാചരണം

ആശുപത്രിയും സെന്റ് തോമസ് നഴ്സിങ് കോളേജും സംയുക്തമായി നഴ്സസ് ദിനാചരണ പരിപാടികൾ മെയ് 12നു സംഘടിപ്പിച്ചു. ആചരണത്തിന്റെ ഭാഗമായി കലാപരിപാടികൾ, അനുമോദനസമ്മേളനം എന്നിവയും എല്ലാ നഴ്സുമാർക്കുമായി പ്രത്യേക ഔട്ട് റീച്ച് പ്രോഗ്രാമും സംഘടിപ്പിച്ചു.

## ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ മണിമല

### സൗജന്യ മെഡിക്കൽ ക്യാംപ്

ആരോഗ്യസേവനങ്ങളെ ജനങ്ങളിലേക്കു കൂടുതൽ അടുത്തെത്തിക്കുന്ന ദൗത്യത്തിന്റെ ഭാഗമായി ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ, മണിമലയുടെ നേതൃത്വത്തിൽ 2026 മെയ് 17നു സംഘടിപ്പിച്ച സൗജന്യ മെഡിക്കൽ ക്യാംപ് സെന്റ് മേരീസ് ക്നാനായ കുരിശുപള്ളി, ഇട്ടിയപ്പാറ, റാന്നിയിൽ വിജയകരമായി സംഘടിപ്പിച്ചു. ഫാ. റോയ് മുളമൂട്ടിൽ ക്യാംപ് ഉദ്ഘാടനം ചെയ്തു. ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ മണിമല അസോസിയേറ്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) ഫാ. ജോസ് പുത്തൻചിറ, ഹോസ്പിറ്റൽ സി.ഇ.ഒ. ഡോ. ജിജി ജേക്കബ്, നഴ്സിങ് സൂപ്രണ്ട് ഫിലോമിന ജെ., മെഡിക്കൽ സൂപ്രണ്ട് ഡോ. ജോർജ് സ്കറിയ ചക്കാലക്കൽ എന്നിവർ പ്രസംഗിച്ചു. ജനറൽ മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി., ജനറൽ & ലാപറോസ്കോപിക് സർജറി വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ക്യാംപിൽ ലഭ്യമാക്കി. നിരവധി പേർക്ക് ആരോഗ്യ പരിശോധനയും മെഡിക്കൽ നിർദേശങ്ങളും നൽകാൻ സാധിച്ചു.

### നഴ്സസ് വാരാചരണം

അന്താരാഷ്ട്ര നഴ്സസ് വാരാചരണത്തോടനുബന്ധിച്ച് ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ മണിമല സംഘടിപ്പിച്ച 'Beyond The Wings - 2026 എന്ന പേരിലുള്ള ഒരാഴ്ച നീണ്ടുനിന്ന ആഘോഷങ്ങൾ സമാപിച്ചു. മെയ് 6 മുതൽ 12 വരെ നടന്ന പരിപാടികൾ ജീവനക്കാരുടെയും പൊതുജനങ്ങളുടെയും സാന്നിധ്യത്തിൽ ശ്രദ്ധേയമായി. മുൻ ജില്ലാ നഴ്സിംഗ് ഓഫീസർ ആൻസമ്മ വർഗീസ് ഉദ്ഘാടനം നിർവഹിച്ച ആഘോഷങ്ങളിൽ നഴ്സുമാരുടെ സേവന സമർപ്പണവും കരുണാപൂർണ്ണമായ ആരോഗ്യപരിചരണവും മുൻനിറുത്തി വിവിധ ബോധവൽക്കരണ-സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചു. ആദ്യദിനത്തിൽ ഹാൻഡ് ഹൈജീൻ അവബോധ പരിപാടി, ഫ്ളോറൻസ് നൈറ്റിംഗേലിന് ആദരാഞ്ജലിയായ ലാമ്പ് ലൈറ്റിംഗ് ചടങ്ങ്, പോസ്റ്റർ മത്സരം എന്നിവ നടന്നു. രണ്ടാംദിനത്തിൽ ബേസിക് ലൈഫ് സപ്പോർട്ട് (BLS) വിഷയത്തെ ആസ്പദമാക്കി അവതരിപ്പിച്ച മൈം പ്രദർശനം ശ്രദ്ധേയമായി. “Care Beyond Walls” എന്ന പരിപാടിയുടെ ഭാഗമായി ആശുപത്രി ജീവനക്കാർ ആശ്രയ വയോജനഭവനം സന്ദർശിച്ച് സ്നേഹസന്ദേശവും പിന്തുണയും പങ്കുവച്ചു. പൊതുജനങ്ങൾക്കായി സംഘടിപ്പിച്ച സാംക്രമിക രോഗ ബോധവൽക്കരണ ക്ലാസും മികച്ച പങ്കാളിത്തം നേടി. നഴ്സസ് വാരാചരണത്തിന്റെ ഭാഗമായി നടത്തിയ ക്വിസ് മത്സരവും ആവേശകരമായി നടന്നു. സമാപനദിനത്തിൽ

വിശുദ്ധ കുർബാന, കലാപരിപാടികൾ, നഴ്സിംഗ് ജീവനക്കാരെ ആദരിക്കുന്ന ചടങ്ങ് എന്നിവ നടന്നു.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടർമാർ)*

**ഫാ. ജയിംസ് കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

### തൊഴിലാളി ദിനം

മെയ് ഒന്ന് തൊഴിലാളി ദിനത്തോടനുബന്ധിച്ചു ആശുപത്രിയിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ആശുപത്രിയുടെ വളർച്ചക്കും മികച്ച സേവനത്തിനും പിന്നിൽ പ്രവർത്തിക്കുന്ന എല്ലാ ജീവനക്കാരുടെയും ആത്മാർത്ഥ സേവനത്തെയും സമർപ്പണത്തെയും ആദരിക്കുന്നതിനായിരുന്നു ദിനാഘോഷം.

ആശുപത്രി മാനേജ്മെന്റിന്റെ നേതൃത്വത്തിൽ ജീവനക്കാർക്ക് ആശംസകൾ നേർന്നു. കൂടാതെ അനുമോദന പരിപാടികൾ, കൂട്ടായ്മകൾ എന്നിവയും സംഘടിപ്പിച്ചു. വിവിധ വിഭാഗങ്ങളിലെ ജീവനക്കാരുടെ സേവന മനോഭാവത്തെയും കഠിനാധ്വാനത്തെയും പ്രശംസിക്കുകയും അവരുടെ പ്രവർത്തനങ്ങൾക്ക് നന്ദി അറിയിക്കുകയും ചെയ്തു.

'തൊഴിലാണ് മഹത്വം' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് എല്ലാ തൊഴിലാളികളുടെയും അവകാശങ്ങളും പ്രാധാന്യവും ഓർമ്മിപ്പിക്കുന്ന ദിനമായി പരിപാടി ആചരിച്ചു. ആശുപത്രിയുടെ വിജയത്തിനും രോഗീ പരിചരണ മികവിനും ജീവനക്കാരുടെ കൂട്ടായ പ്രവർത്തനമാണ് അടിസ്ഥാനമെന്ന സന്ദേശവും ചടങ്ങിലൂടെ പങ്കുവെച്ചു.

### വേൾഡ് ഹാൻഡ് ഹൈജീൻ ഡേ ഭാഗമായി ബോധവൽക്കരണ ക്ലാസ്സ്

മെയ് അഞ്ച് ലോക കൈശുചിത്വ ദിനത്തോടനുബന്ധിച്ച് ആശുപത്രിയിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. രോഗങ്ങൾ പ്രതിരോധിക്കുന്നതിൽ കൈ ശുചിത്വത്തിനുള്ള പ്രാധാന്യം ജീവനക്കാരിലും രോഗികളിലും പൊതുജനങ്ങളിലും എത്തിക്കുക എന്നതായിരുന്നു പരിപാടിയുടെ ലക്ഷ്യം.

ദിനാഘോഷത്തിന്റെ ഭാഗമായി കൈ കഴുകുന്ന ശരിയായ രീതികളെക്കുറിച്ചുള്ള ഡെമോ, ബോധവത്കരണ ക്ലാസ്സുകൾ, പോസ്റ്റർ പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിച്ചു. ആശുപത്രി ജീവനക്കാർക്കും രോഗി പരിചരണ പ്രവർത്തകർക്കും ഇൻഫെക്ഷൻ നിയന്ത്രണത്തിൽ കൈ ശുചിത്വം വഹിക്കുന്ന നിർണായക പങ്കിനെക്കുറിച്ച് വിശദീകരണം നൽകി.

"Clean Hands Save Lives" എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് ആരോഗ്യപരിപാലന രംഗത്ത് ശുചിത്വത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുന്ന ദിനമായി ഇത് ആചരിച്ചു. രോഗികൾക്ക് സുരക്ഷിതവും ഗുണമേന്മയുള്ളതുമായ സേവനം ഉറപ്പാക്കുന്നതിൽ സഹൃദയ ആശുപത്രിയുടെ പ്രതിബദ്ധതയും പരിപാടിയിലൂടെ പ്രകടമായി.

## വേൾഡ് ഓവേറിയൻ ക്യാൻസർ ഡേ

മെയ് എട്ട് ലോക ഒവേറിയൻ കാൻസർ ദിനത്തോടനുബന്ധിച്ച് ആശുപത്രിയിലെ ഗൈനക് ഓങ്കോളജിയിലെ ഡോ. ശ്രീജ ബി.യുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. സ്ത്രീകളിൽ കണ്ടുവരുന്ന ഒവേറിയൻ കാൻസറിനെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുകയും പ്രാരംഭ പരിശോധനയുടെ പ്രാധാന്യം പൊതുജനങ്ങളിലെത്തിക്കുകയും ചെയ്യുക എന്നതായിരുന്നു പ്രധാന ലക്ഷ്യം.

വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ആരോഗ്യ ബോധവത്കരണ ക്ലാസ്സുകളും സംശയനിവാരണ സെഷനുകളും നടത്തി. രോഗലക്ഷണങ്ങൾ, മുൻകരുതലുകൾ, സമയബന്ധിത പരിശോധനയുടെ ആവശ്യകത എന്നിവയെക്കുറിച്ച് വിശദീകരിച്ചു.

പരിപാടിയിലൂടെ സ്ത്രീ ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുകയും കാൻസർ നേരത്തെ കണ്ടെത്തുന്നതിലൂടെ ചികിത്സ കൂടുതൽ ഫലപ്രദമാക്കാമെന്ന സന്ദേശം പങ്കുവെക്കുകയും ചെയ്തു. സമൂഹാരോഗ്യത്തിനായി സഹൃദയ ആശുപത്രി നടത്തുന്ന തുടർച്ചയായ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു ഈ ദിനാഘോഷം

## സൗജന്യ മെഡിക്കൽ ക്യാംപ്

സഹൃദയ ആശുപത്രിയുടെയും യുവദീപ്തി-SMYM ആലപ്പുഴ ഫൊറോനയുടെയും സംയുക്താഭിമുഖ്യത്തിൽ മെയ് 10ന് അറുനൂറ്റംപാടം സേക്രഡ് ഹാർട്ട് പള്ളിയിൽ സൗജന്യ മെഡിക്കൽ ക്യാംപ് നടത്തി. ഫൊറോന ഡയറക്ടർ ഫാ. വർഗീസ് ചിറയിൽ ക്യാംപിന് ഔദ്യോഗികമായ് തുടക്കം കുറിച്ചു. ഇടവക വികാരി റവ. ഫാ. വർഗീസ് കായിത്തറ ക്യാംപിന് ആശംസകളർപ്പിച്ചു.

ഡോ. ജോൺസൺ ദേവസ്യാ (കൺസൾട്ടന്റ് ഓർത്തോപീഡിക്സ്), ഡോ. പ്രസന്ന ഹെഗ്ഡെ (ജനറൽ മെഡിസിൻ), ഡോ. ടിനു ടോം (ഇ.എൻ.ടി.), ഡോ. അനിൽ ദത്ത് (ഒഫ്താൽമോളജി)എന്നിവർ മെഡിക്കൽ ക്യാംപിന് നേതൃത്വം നൽകി. ആശുപത്രിയുടെ ക്ലിനിക്കൽ ആൻഡ് നോൺ ക്ലിനിക്കൽ സ്റ്റാഫ് അംഗങ്ങളും ക്യാംപിൽ പങ്കെടുത്തു. സൗജന്യ മരുന്നു വിതരണവും, പ്രമേഹ പരിശോധന, ബി.പി., കണ്ണുകളുടെ ടെസ്റ്റുകൾ എന്നിവ സൗജന്യമായി ക്രമീകരിച്ചു.

## മാതൃദിനം

മെയ് 10 മാതൃദിനത്തോടനുബന്ധിച്ച് ആശുപത്രിയിൽ ജീവനക്കാരും കുടുംബാംഗങ്ങളും പങ്കെടുത്ത വിവിധ ആഘോഷപരിപാടികളും മത്സരങ്ങളും സംഘടിപ്പിച്ചു. അമ്മമാരുടെ സ്നേഹത്തിനും ത്യാഗത്തിനും ആദരം അർപ്പിക്കുന്നതിന്റെ ഭാഗമായാണ് പരിപാടികൾ സംഘടിപ്പിച്ചത്. ഈ പരിപാടി ആശുപത്രിയിലെ സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുകയും രോഗികൾക്കും ജീവനക്കാർക്കും സന്തോഷകരമായ അനുഭവമായി മാറുകയും ചെയ്തു. അമ്മമാരുടെ സ്നേഹത്തിനും ത്യാഗത്തിനും ആദരസൂചകമായ ഈ ദിനാഘോഷം എല്ലാവരുടെയും ഹൃദയത്തിൽ പ്രത്യേക ഓർമ്മയായി നിലനിന്നു.

മാതൃദിനാഘോഷത്തിന്റെ പ്രധാന ആകർഷണമായി ''അമ്മയോടൊപ്പം സെൽഫി'' മത്സരം നടത്തി. അമ്മയോടൊപ്പമുള്ള മനോഹര നിമിഷങ്ങൾ പങ്കുവെച്ച നിരവധി പേർ മത്സരത്തിൽ പങ്കെടുത്തു. മത്സരത്തിൽ വിജയികളാകുന്നവർക്ക് കുടുംബത്തോടൊപ്പം ഡിന്നർ ആസ്വദിക്കാനുള്ള പ്രത്യേക അവസരവും ആശുപത്രി അധികൃതർ ഒരുക്കി.

പരിപാടികൾ ജീവനക്കാരിലും കുടുംബാംഗങ്ങളിലുമെല്ലാം വലിയ ആവേശവും സന്തോഷവും സൃഷ്ടിച്ചു. അമ്മമാരോടുള്ള സ്നേഹവും നന്ദിയും പങ്കുവെക്കുന്നതിനൊപ്പം കുടുംബബന്ധങ്ങളുടെ പ്രാധാന്യം ഓർമ്മപ്പെടുത്തുന്ന തരത്തിലായിരുന്നു ആഘോഷങ്ങൾ.

ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന അമ്മമാർക്ക് ആശുപത്രി എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ആശംസകൾ നേരുകയും ചെറിയ സമ്മാനങ്ങളും പൂക്കളും നൽകി സന്തോഷം പങ്കുവയ്ക്കുകയും ചെയ്തു. കൂടാതെ മാതൃദിന സന്ദേശങ്ങൾ, കലാപരിപാടികൾ, കേക്ക് മുറിക്കൽ ചടങ്ങ് എന്നിവയും സംഘടിപ്പിച്ചു.

**ഇന്റർനാഷണൽ നഴ്സസ് ഡേ വാരാചരണം**

മെയ് 12നു ഇന്റർനാഷണൽ നഴ്സസ് ഡേയുടെ ഭാഗമായി ആശുപത്രിയിൽ വിപുലമായ വാരാചരണം സംഘടിപ്പിച്ചു. ആശുപത്രിയിലെ നഴ്സിംഗ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന പരിപാടികൾ ആരോഗ്യരംഗത്ത് നഴ്സുമാരുടെ സേവനവും സമർപ്പണവും സമൂഹത്തിനു മുന്നിലെത്തിക്കുന്നതായിരുന്നു. വിവിധ സൃഷ്ടിപരവും സാമൂഹിക ബോധവത്കരണപരവുമായ പരിപാടികൾ വാരാചരണത്തിന്റെ ഭാഗമായി ഉണ്ടായിരുന്നു.

ചീഫ് നഴ്സിങ് ഓഫീസർ സിസ്റ്റർ സിനിയുടെ നേതൃത്വത്തിലായിരുന്നു പരിപാടികൾ സംഘടിപ്പിച്ചത്. നഴ്സിങ് സ്റ്റാഫ്, വിദ്യാർഥികൾ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

വാരാചരണത്തിന്റെ ഭാഗമായി പോസ്റ്റർ നിർമ്മാണ മത്സരം, റീൽസ് മേക്കിങ് മത്സരം, ഫ്ളാഷ് മോബ്, ഹെൽത്ത് കെയർ അവബോധ ക്യാംപെയ്ൻ തുടങ്ങിയ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ആരോഗ്യസംരക്ഷണത്തിന്റെ പ്രാധാന്യവും നഴ്സുമാരുടെ നിർണായക പങ്കും സമൂഹത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു ഇവ.

പോസ്റ്റർ മേക്കിംഗ് മത്സരത്തിൽ ആരോഗ്യപരിപാലനം, രോഗപ്രതിരോധം, കരുതലോടെയുള്ള നഴ്സിങ് സേവനം തുടങ്ങിയ വിഷയങ്ങൾ ആസ്പദമാക്കി നിരവധി സൃഷ്ടിപരമായ പോസ്റ്ററുകൾ അവതരിപ്പിച്ചു. യുവജനങ്ങളിൽ മികച്ച പ്രതികരണമാണ് റീൽസ് മേക്കിങ് മത്സരത്തിന് ലഭിച്ചത്. നഴ്സുമാരുടെ ദിനചര്യയും സേവന മനോഭാവവും പ്രതിഫലിപ്പിക്കുന്ന വീഡിയോകൾ ശ്രദ്ധേയമായി.

ആശുപത്രി പരിസരത്ത് സംഘടിപ്പിച്ച ഫ്ളാഷ് മോബ് കാണികളിൽ വലിയ ആവേശം സൃഷ്ടിച്ചു. അതോടൊപ്പം പൊതുജനങ്ങൾക്ക് ആരോഗ്യപരിപാലനത്തെക്കുറിച്ചുള്ള ബോധവത്കരണം നൽകുന്നതിനായി ഹെൽത്ത് കെയർ അവയർനസ് പരിപാടികളും നടത്തി.

നഴ്സുമാരുടെ ആത്മാർത്ഥസേവനത്തെ ആദരിക്കുകയും ആരോഗ്യ രംഗത്തെ അവരുടെ സംഭാവനകളെ അംഗീകരിക്കുകയും ചെയ്യുന്ന തരത്തിലായിരുന്നു മുഴുവൻ വാരാചരണവും. പരിപാടികൾ പങ്കെടുത്തവർക്കും പൊതുജനങ്ങൾക്കും ഒരുപോലെ ശ്രദ്ധേയമായ അനുഭവമായി മാറി.

**മോട്ടിവേഷൻ ക്ലാസ്**

മെയ് 7നു നഴ്സസ് ഡേ വാരാചരണത്തിന്റെ ഭാഗമായി ആശുപത്രിയിൽ നഴ്സിങ് സ്റ്റാഫിനായി പ്രത്യേക മോട്ടിവേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. നഴ്സുമാരുടെ സേവനമനോഭാവവും രോഗീപരിചരണത്തിലെ പ്രതിബദ്ധതയും കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു പരിപാടി.

പ്രശസ്ത മോട്ടിവേഷൻ സ്പീക്കർ ലിറ്റി വർഗീസ് ആണ് ക്ലാസ്സ് നയിച്ചത്. രോഗികൾക്ക് മികച്ച രീതിയിൽ പരിചരണവും സേവനവും നൽകുന്നതിനുള്ള മനോഭാവം വളർത്തുന്നതിനും ജോലിയിലെ ആത്മവിശ്വാസവും സമർപ്പണവും വർധിപ്പിക്കുന്നതിനും സഹായകരമായ നിരവധി പ്രചോദനപരമായ ആശയങ്ങൾ ക്ലാസ്സിൽ പങ്കുവെച്ചു.

നഴ്സിങ് മേഖലയിലെ വെല്ലുവിളികളെ ആത്മവിശ്വാസത്തോടെ നേരിടുന്നതിന്റെയും കരുതലോടെയും സഹാനുഭൂതിയോടെയും രോഗികളെ സമീപിക്കുന്നതിന്റെയും പ്രാധാന്യം ക്ലാസ്സിൽ ഊന്നിപ്പറഞ്ഞു. പങ്കെടുത്ത നഴ്സുമാർക്ക് പരിപാടി വലിയ ആത്മവിശ്വാസവും പ്രചോദനവും നൽകിയതായി അഭിപ്രായപ്പെട്ടു.

ആശുപത്രി മാനേജ്മെന്റിന്റെയും നഴ്സിങ് വിഭാഗത്തിന്റെയും നേതൃത്വത്തിൽ നടന്ന പരിപാടി നഴ്സുമാരുടെ സേവന മികവ് ഉയർത്തുന്നതിനുള്ള ശ്രദ്ധേയമായ ഒരു സംരംഭമായി മാറി.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
**ഫാ. ചാക്കോ ഇടമുറിയിൽ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർമാർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

❑

# പ്രവാസി അപ്പോസ്തലേറ്റ്

പ്രിയ പ്രവാസിസഹോദരങ്ങളേ,

സീറോമലബാർ സഭ 2026 സമുദായ ശക്തീകരണവർഷമായി ആചരിക്കുകയാണല്ലോ. സഭയെ സ്നേഹിച്ചും സമുദായത്തെ കരുതിയും സഹോദരങ്ങളെ ചേർത്തുപിടിച്ചും നമുക്കൊന്നിച്ച് ഇനിയും മുന്നോട്ട് യാത്രചെയ്യാം. ലോകമെമ്പാടുമുള്ള പ്രവാസികൾക്കുവേണ്ടി ജൂൺ അഞ്ച് വെള്ളിയാഴ്ച രാത്രി എട്ടിന് ബഹു. ജയിംസ് കൊക്കാവയലിൽ അച്ചൻ ''സമുദായ ശക്തീകരണ വർഷത്തിൽ പ്രവാസികളുടെ പങ്ക്'' എന്ന വിഷയവും ഈ വർഷത്തിന്റെ കൈപ്പുസ്തകവും പഠന വിഷയമാക്കി വെബിനാർ നയിക്കുന്നതാണ്.

അതിരൂപതാ ദിനത്തിൽ പ്രവാസികളെ ആദരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ രണ്ടുവർഷമായി പ്രവാസി അപ്പോസ്തലേറ്റിന്റെ ശക്തമായ പ്രവർത്തനങ്ങളുള്ള രാജ്യങ്ങളുടെ റിപ്പോർട്ടുകൾ വാങ്ങുകയും അവരുടെ പ്രവർത്തനമികവ് മനസ്സിലാക്കി ചാപ്റ്ററുകൾക്ക് അതിരൂപത നൽകിവരുന്ന പ്രവാസി അപ്പോസ്തലേറ്റ് ബെസ്റ്റ് ചാപ്റ്റർ പുരസ്കാരം ഈ വർഷം 140-ാമത് അതിരൂപതാദിനത്തിൽ കുവൈറ്റ് ചാപ്റ്ററിന് ലഭിച്ചു. മെയ് 20നു തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ദൈവാലയത്തിൽ നടന്ന അതിരൂപതാ ദിനത്തിൽ കുവൈറ്റ് ചാപ്റ്ററിനുവേണ്ടി എക്സിക്യൂട്ടിവ് അംഗങ്ങളായ സുനിൽ പി. ആന്റണിയും ജോൺസൺ ടി. ജോണും ഡയറക്ടർ അച്ചന്മാരും സെൻട്രൽ എക്സിക്യൂട്ടിവ് അംഗങ്ങളും ചേർന്നു പുരസ്കാരം സ്വീകരിച്ചു. കുവൈറ്റ് ചാപ്റ്റർ കോർഡിനേറ്റർ ഷാജിമോൻ ഈരേത്രയ്ക്കും എല്ലാ എക്സിക്യൂട്ടിവ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

അതിരൂപതയിലെ അല്മായ ദൈവശാസ്ത്ര പഠനകേന്ദ്രമായ മാർത്തോമാ വിദ്യാനികേതന്റെയും പ്രവാസി അപ്പോസ്തലേറ്റിന്റെയും സഹകരണത്തോടെ ജൂൺമാസം മുതൽ പ്രവാസികൾക്കായി ഏകവർഷ ദൈവശാസ്ത്ര ഡിപ്ലോമ കോഴ്സ് നടത്തുന്നു. ഈ കോഴ്സിന്റെ കാലാവധി 12 മാസമാണ്. 2026 ജൂൺ രണ്ടാം ആഴ്ചയിൽ ആരംഭിച്ച് 2027 മെയ് അവസാന ആഴ്ചയിൽ പൂർത്തീകരിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

**മീറ്റിങ്ങുകൾ**

മെയ് മൂന്നിനു ജിസിസി എക്സിക്യൂട്ടിവ് മീറ്റിങ്ങും 18നു ഗ്ലോബൽ കോർഡിനേറ്റേഴ്സിന്റെയും ജിസിസി കോർഡിനേറ്റേഴ്സിന്റെയും എക്സിക്യൂട്ടിവ് അംഗങ്ങളുടെയും മീറ്റിങ് നടത്തി. ഓരോ രാജ്യങ്ങളിലുമുള്ള ചങ്ങനാശ്ശേരി അതിരൂപതക്കാരായ പ്രവാസികളെ കണ്ടെത്തണമെന്നും ഫാമിലി മീറ്റ് നടത്തണമെന്നും ഡയറക്ടർ അച്ചൻ നിർദ്ദേശിച്ചു

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(ഡയറക്ടർ)*

**ഓഫീസ് സമയം - രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ - 9207470117/ 8089920614 (നോർക്ക ഹെൽപ്പ് ഡെസ്ക്)**

❑

# കത്തോലിക്കാ കോൺഗ്രസ്
# (AKCC)

### നേതൃസംഗമം

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശ്ശേരി അതിരൂപത സമിതിയുടെ 2024–27 വർഷത്തെ ഭാരവാഹികളുടെയും വിവിധ കൗൺസിൽ ജനറൽ കോ-ഓർഡിനേറ്റേഴ്സിന്റെയും സംയുക്ത നേതൃസംഗമം 2026 മെയ് 9 ശനിയാഴ്ച വൈകുന്നേരം 4:00 മണിക്ക് അതിരൂപത പ്രസിഡണ്ട് ബിജു സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ സന്ദേശനിലയം ഹാളിൽ വച്ച് നടത്തപ്പെട്ടു. അതിരൂപത ഡയറക്ടർ റവ. ഡോ. സാവിയോ മാനാട്ട് നേതൃസമ്മേളനം ഉദ്ഘാടനം ചെയ്തു.

പ്രസ്തുത മീറ്റിങ്ങിൽ മെറിറ്റ് അവാർഡ് 2026, എക്സലൻഷ്യാ സീസൺ 4 മാർ ജോസഫ് പവ്വത്തിൽ സ്മാരക ക്വിസ് മത്സരം, 108-ാമത് ജന്മവാർഷിക സമ്മേളനം, സമുദായ ശക്തീകരണവർഷത്തോടനുബന്ധിച്ച് എല്ലാ ഇടവകയിലും കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് രൂപികരണം എന്നിവയ്ക്ക് നേതൃസംഗമം രൂപം നൽകി.

### പ്രതികരണം

*വകുപ്പു വിഭജനം കൃത്യതയോടെ നടത്തുവാൻ യു.ഡി.എഫ്. തയ്യാറാകണം: കത്തോലിക്ക കോൺഗ്രസ്*

കേരളത്തിൽ മികച്ച ഭൂരിപക്ഷത്തിൽ വിജയിച്ച് അധികാരമേറ്റ യു.ഡി.എഫ്. സർക്കാർ വകുപ്പുവിഭജനത്തിൽ സമുദായ പരിഗണന ഉറപ്പുവരുത്തി മുഖ്യകക്ഷിയായ കോൺഗ്രസ് പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം ന്യൂനപക്ഷക്ഷേമം എന്നീ വകുപ്പുകൾ ഏറ്റെടുത്ത് നീതിപാലിക്കണമെന്ന് കത്തോലിക്ക കോൺഗ്രസ്.

1865ൽ പള്ളിയോട് ചേർന്ന് പള്ളിക്കുടങ്ങൾ എന്ന ആശയത്തിൽനിന്ന് 120 പള്ളിയോട് ചേർന്ന് പള്ളിക്കുടങ്ങൾ സ്ഥാപിച്ച് വിദ്യാഭ്യാസമേഖലയിൽ സമാനതകളില്ലാത്ത പുരോഗമന പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയവരാണ് കേരളത്തിലെ കത്തോലിക്ക സഭ. നൂതനവും പുരോഗമനപരവുമായ പല വിദ്യാഭ്യാസപദ്ധതികളും പഠനസാധ്യതകളും കേരളത്തിൽ എത്തിക്കുവാൻ ശ്രമിച്ച ക്രൈസ്തവസമുദായം കേരള നവോത്ഥാനത്തിൽ നിർണ്ണായകമായ പങ്ക് ഈ മേഖലയിലൂടെ നടത്തിയിട്ടുണ്ട് എന്നുള്ളത് കേരളം ഭരിക്കുന്നവർ വിസ്മരിക്കരുത്. പുതുമയാർന്നതും കുട്ടികൾക്ക് തൊഴിൽ സാധ്യതകൾ ഉണർത്തുന്ന പഠനമേഖലകൾ കേരളത്തിൽ ഉണ്ടാകേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ് ആയതിനാൽ ഭരണത്തിന് നേതൃത്വം നൽകുന്ന കോൺഗ്രസ് തന്നെ ഈ വകുപ്പ് ഏറ്റെടുക്കണമെന്ന് കത്തോലിക്ക കോൺഗ്രസ് ആവശ്യപ്പെട്ടു.

ന്യൂനപക്ഷ വകുപ്പുമായി ബന്ധപ്പെട്ട് കാലാകാലങ്ങളായി അവഗണന നേരിടുന്ന ക്രൈസ്തവസമൂഹത്തിനു യോജ്യമായ പരിഗണന ലഭ്യമാകണം. ആയതിനാൽ ന്യൂനപക്ഷ ക്ഷേമവകുപ്പ് പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാ

ഭ്യാസം എന്നീ വകുപ്പുകൾ യു.ഡി.എഫ്.ന്റെ മുഖ്യകക്ഷിയായ കോൺഗ്രസ് ഏറ്റെടുത്ത് യഥാർത്ഥമായ വികസനം സാധ്യമാക്കാനുള്ള നടപടിക്രമങ്ങളിലേക്ക് മാറണമെന്നും കത്തോലിക്കാ കോൺഗ്രസ് നേതൃയോഗം ആവശ്യപ്പെട്ടു.

കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ മെയ് 18നു കത്തോലിക്കാ കോൺഗ്രസ് കേന്ദ്ര കാര്യാലയത്തിൽ ചേർന്ന നേതൃയോഗമാണ് ഈ ആവശ്യം ഉന്നയിച്ചത്. പ്രസ്തുത നേതൃയോഗം അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്, വൈസ് പ്രസിഡന്റുമാരായ ജോർജുകുട്ടി മുക്കത്ത്, ഷിജി ജോൺസൺ, റോസിലിൻ കുരുവിള, ഗ്ലോബൽ ഭാരവാഹികളായ രാജേഷ് ജോൺ, അഡ്വ. മനു ജെ. വരാപ്പള്ളി, ലിസി ജോസ്, അതിരൂപതാ ഭാരവാഹികളായ കുഞ്ഞു കളപ്പുര, സെബാസ്റ്റ്യൻ വർഗീസ്, കെ. എസ്. ആന്റണി, ജെസ്സി ആന്റണി, സിസി അമ്പാട്ട്, ജോസി ഡൊമിനിക്, സിനി പ്രിൻസ് എന്നിവർ പ്രസംഗിച്ചു.

## തുടർ പരിപാടികൾ

### 108–ാമത് ജന്മദിന സമ്മേളനം

ചങ്ങനാശ്ശേരി അതിരൂപതാ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ 108–ാമത് ജന്മദിന വാർഷികസമ്മേളനത്തിന്റെ ഭാഗമായുള്ള പ്രതിനിധി സംഗമം മെയ് 31നു മണിമല ഫൊറോനയുടെ ആതിഥേയത്തിൽ നടത്തപ്പെട്ടു.

### എക്സലൻഷ്യാ സീസൺ 4

തുടർച്ചയായി നാലാംവർഷവും കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശ്ശേരി അതിരൂപതാ സംഘടിപ്പിച്ച മാർ ജോസഫ് പവ്വത്തിൽ സ്മാരക ഹെറിറ്റേജ് ക്വിസ്മത്സര വിജയികൾക്കുള്ള സമ്മാനദാനവും ഈ വർഷം എസ്.എസ്. എൽ.സി., പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്കുള്ള അനുമോദനവും സമ്മാനദാനവും ജൂൺ ഏഴ് ഞായറാഴ്ച എസ്.ബി. കോളേജിലെ കാവുകാട്ട് ഹാളിൽ നടത്തപ്പെടും. പ്രസ്തുത സമ്മേളനത്തിൽ ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷൻ മാർ തോമസ് തറയിൽ മുഖ്യാതിഥിയായി പങ്കെടുക്കും.

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

❑

# കേരള ലേബർ മൂവുമെന്റ് (KLM)

**അതിരൂപതാതല പതാകദിനം**

ചങ്ങനാശ്ശേരി അതിരൂപത തൊഴിലാളി പ്രസ്ഥാനമായ കേരള ലേബർ മൂവ്മെന്റിന്റെ (കെ.എൽ.എം.) നേതൃത്വത്തിൽ നടത്തുന്ന മെയ്ദിന റാലിയുടെയും തൊഴിലാളി മഹാസംഗമത്തിന്റെയും ഭാഗമായി അതിരൂപതാതലത്തിലുള്ള പതാകദിനം ഏപ്രിൽ 26നു കോട്ടയം അരുവിക്കുഴി ലൂർദ്ദ് മാതാ പള്ളിയിൽ നടത്തപ്പെട്ടു. വികാരി ഫാ. സെബാസ്റ്റ്യൻ ശൗര്യാമാക്കൽ സ്വാഗതവും അതിരൂപത ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ മെയ്ദിനസന്ദേശവും നൽകി. യൂണിറ്റ് കോർഡിനേറ്റർ സജി തോമസ് പതാക ഉയർത്തൽ നിർവഹിച്ചു. ഫൊറോനാ സെക്രട്ടറി വിന്നി ബെന്നി പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. സംഘം സെക്രട്ടറി ജോസുകുട്ടി മാത്യു നന്ദിയും പറഞ്ഞു. അതിരൂപത ജോയിന്റ് സെക്രട്ടറി ഷാജി കോര, ഫൊറോനാ കോർഡിനേറ്റർ റ്റോമി തോമസ്, ഫൊറോനാ ട്രഷറർ ബിനു മാത്യു എന്നിവർ പങ്കെടുത്തു.

ചങ്ങനാശ്ശേരി അതിരൂപതയുടെ വിവിധ പള്ളികളിലുള്ള എല്ലാ കെ.എൽ.എം. യൂണിറ്റുകളിലും പതാകദിനം സമുചിതമായി ആഘോഷിച്ചു.

**മെയ്ദിന സമ്മാനകൂപ്പൺ – 2026 വിജയികൾ**

***ഒന്നാം സമ്മാനം:*** 1Ton AC

Coupon No: 5837 ജോൺ കെ.എസ്., സെന്റ് അൽഫോൻസ എസ്.എച്ച്.ജി. ഇത്തിത്താനം

***രണ്ടാം സമ്മാനം:*** Laptop

Coupon No: 9062 ലീലാമ്മ ജോസഫ്, സെന്റ് അൽഫോൻസ എസ്.എച്ച്.ജി., പാറമ്പുഴ

***മൂന്നാം സമ്മാനം:*** Fridge

Coupon No: 9050 ബിജു ജോസഫ്, സെന്റ് മേരീസ് എസ്.എച്ച്.ജി. പാറമ്പുഴ

***നാലാം സമ്മാനം:*** Mobile Phone

Coupon No: 6867 തോമസ് ജോസഫ്, സെന്റ് അൽഫോൻസ എസ്.എച്ച്.ജി. കാവാലം നോർത്ത്

***അഞ്ചാം സമ്മാനം:*** Air Fryer

Coupon No: 9348 സിബി മാത്യു, ഫാത്തിമ മാതാ എസ്.എച്ച്.ജി. കൊടിനാട്ടുംകുന്ന്

**കെ.എൽ.എം. പുരസ്കാര പ്രഖ്യാപനം – 2026**

1) കെ.എൽ.എം. ലേബർ അവാർഡ്: ബിനോമോൻ ദേവസ്യ, സെന്റ് ഫ്രാൻസീസ് അസ്സീസി എസ്.എച്ച്.ജി., എടത്വാ യൂണിറ്റ്
3) BEST SHG: സെന്റ് ആന്റണീസ് എസ്.എച്ച്.ജി., അതിരമ്പുഴ യൂണിറ്റ്
4) BEST UCC : ആർപ്പൂക്കര യൂണിറ്റ്

5) മികച്ച വനിതാ സംഘം: മേരി മാതാ എസ്.എച്ച്.ജി., കുറുമ്പനാടം യൂണിറ്റ്
6) ഈ വർഷം കെ.എൽ.എം. ൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത യൂണിറ്റ്: നാലുകോടി യൂണിറ്റ്
7) കായികമേള ഓവറോൾ ചാമ്പ്യൻഷിപ്പ്: വെട്ടിമുകൾ യൂണിറ്റ്
8) ഫസ്റ്റ് റണ്ണർഅപ്: ഇരവുചിറ യൂണിറ്റ്
9) മികച്ച ഗ്രൂപ്പ് ഫോട്ടോ (മെയ്ദിനം 2025): മദർ തെരേസ എസ്.എച്ച്.ജി., കൂത്രപ്പള്ളി

**മെയ്ദിന റാലിയും തൊഴിലാളി മഹാസംഗമവും**

*ഓരോ തൊഴിലിനും അതിന്റേതായ മഹത്വം ഉണ്ട്* കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി. മെയ് ഒന്നിന് കെ.എൽ.എം. ചങ്ങനാശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ എസ്.ബി. കോളേജ് ഹാളിൽ സംഘടിപ്പിച്ച തൊഴിലാളി സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. അധ്വാനമില്ലാതെ ഒന്നും മുന്നോട്ട് നീങ്ങില്ലെന്നും അധ്വാനം ദൈവത്തിന്റെ വരദാനമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. തൊഴിലാളികൾക്ക് അർഹമായ വേതനവും പരിഗണനയും ലഭിക്കണമെന്നും അവരുടെ അന്തസ്സും സുരക്ഷയും കാത്തുസൂക്ഷിക്കാൻ സമൂഹത്തിന് ഉത്തരവാദിത്തമുണ്ടെന്നും സഭയുടെ സാമൂഹിക പ്രബോധനങ്ങളിൽ അധിഷ്ഠിതമായ വികസനത്തെക്കുറിച്ചും അഭി. കർദ്ദിനാൾ സംസാരിച്ചു. അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി ഏത്തക്കാട് അധ്യക്ഷതവഹിച്ചു. ഫാ. ജോസഫ് ചമ്പക്കുളത്തിൽ, സെബാസ്റ്റ്യൻ പി. ജെ., ഷാജി കോര, ലാലി ബോബൻ, റ്റിസൺ തോമസ് എന്നിവർ പ്രസംഗിച്ചു. ചങ്ങനാശ്ശേരി പട്ടണത്തിലൂടെ നടത്തിയ മെയ്ദിനറാലിയിൽ ആയിരക്കണക്കിന് പ്രവർത്തകർ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3.30ന് ചങ്ങനാശ്ശേരി അരമനപ്പടിക്കൽ നിന്നും അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ ഫ്ളാഗ് ഓഫ് ചെയ്ത മെയ്ദിന റാലി എസ്.ബി. കോളേജ് ആർച്ചുബിഷപ് മാർ കാവുകാട്ട് ഹാളിൽ എത്തിച്ചേർന്നു. റാലി എസ്.ബി. കോളേജിൽ എത്തിച്ചേർന്നിട്ടും അരമനപ്പടിക്കൽനിന്നും യാത്ര പുറപ്പെടാതെയുള്ള റാലിയുടെ നീണ്ടനിര ദൃശ്യമായിരുന്നു. വാദ്യമേളങ്ങളും വേഷവിധാനങ്ങളും ഫ്ലോട്ടുകളും റാലിയിൽ അണിനിരന്നു. മികച്ച പ്രവർത്തനങ്ങൾ നടത്തിയ യൂണിറ്റുകളെ അനുമോദിച്ചു. ഷൈജു തോമസ്, റെനി കുര്യാക്കോസ്, ലീന ജോഷി, ജെയ്സ് ജേക്കബ്, സോണി പി. ജോർജ്, സിനു ഫിലിപ്പ്, കുഞ്ഞുമോൻ പി. ജെ., ജോൺ സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

**ആദരാഞ്ജലികൾ**

കുറുമ്പനാടം തോട്ടയ്ക്കാട് അനുഗ്രഹ സംഘാംഗം ജോൺ സേവ്യർ തെക്കേക്കടവിൽ, പുളിങ്കുന്ന് കാവാലം സെന്റ് സെബാസ്റ്റ്യൻ സംഘാംഗം ജോമോൻ തോമസ് ഇത്തിത്തറ എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും നേരുന്നു.

**മരണാനന്തരസഹായനിധി**

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരരുടെ നോമിനികൾക്ക് മരണാനന്തര സഹായമായ 1,30,000 രൂപ മെയ് 19 ന് കൈമാറി.

| പേര് | സംഘം |
|---|---|
| 205 സേവ്യർ റ്റി.എം. | കിടങ്ങറ സെന്റ് ജോസഫ് സംഘം |
| 206 തോമസ് ചെറിയാൻ | നാലുകോടി നല്ലിടയൻ സംഘം |

**സെബാസ്റ്റ്യൻ പി. ജെ.**
*(ജനറൽ സെക്രട്ടറി)*

**ഫാ. ജോസഫ് ചമ്പക്കുളത്തിൽ**
*(ഡയറക്ടർ)*

**തിരഞ്ഞെടുപ്പ് വിജ്ഞാപനം**

**പൊതുനിർദ്ദേശങ്ങൾ**

1) സംഘ-യൂണിറ്റ് -അതിരൂപത സമിതിയുടെ കാലയളവ് രണ്ടുവർഷമായിരിക്കും.
2) നേതൃത്വത്തിലേക്ക് സഭയോട് ചേർന്ന് വിശ്വാസജീവിതം നയിക്കുന്നവരെയും നേതൃപാടവമുള്ളവരെയും കെ.എൽ.എം. ന്റെ വളർച്ചയ്ക്ക് സംഭാവനകൾ നൽകാൻ ഉതകുന്നവരെയും തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
3) ഓരോ തലത്തിലും നിർദ്ദേശിച്ചിരിക്കുന്ന തീയതിക്ക് മുമ്പായി സംഘ-യൂണിറ്റ്-തലങ്ങളിൽ തെരഞ്ഞെടുപ്പ് പൂർത്തിയാകുമ്പോൾ തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരങ്ങൾ യൂണിറ്റ് ഡയറക്ടറുടെ സാക്ഷ്യത്തോടെ അതിരൂപതാ ഓഫീസിൽ തരേണ്ടതാണ്.
4) കെ.എൽ.എം. അതിരൂപതാ ഓഫീസ് ഭാരവാഹികളെ അംഗീകരിക്കുന്നതിനുള്ള നിബന്ധനകൾ

- സംഘം/യുണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് യൂണിറ്റ് ഡയറക്ടറുടെ അനുമതിയോടെ ആയിരിക്കണം.
- 2025 -2026 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ഓഫീസിൽ സമർപ്പിച്ചിരിക്കണം.
- 2026 മാർച്ച് മാസം വരെ കെ.എൽ.എം. (KLM) ഓഫീസിൽ അടയ്ക്കേണ്ട മാസവരി പൂർണ്ണമായും അടച്ചുതീർത്തിരിക്കണം

**സംഘം തിരഞ്ഞെടുപ്പ് നിർദ്ദേശങ്ങൾ**

1. യൂണിറ്റ് ഡയറക്ടറുടെ അനുമതിയോടെ ജൂൺ 21-ാം തീയതിക്ക് മുമ്പായി സംഘ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.
2. പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നീ തസ്തികളിലേക്കാണ് തിരഞ്ഞെടുപ്പ് നടത്തേണ്ടത്.

**യൂണിറ്റ് തെരഞ്ഞെടുപ്പ് നിർദ്ദേശങ്ങൾ**

1. യൂണിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ജൂലൈ 12-ാം തീയതിക്ക് മുമ്പായി യൂണിറ്റ് തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.
2. യൂണിറ്റ് കോഡിനേറ്റർ, യൂണിറ്റ് സെക്രട്ടറി, യൂണിറ്റ് ട്രഷറർ എന്നീ തസ്തികകളിലേക്ക് തെരഞ്ഞെടുപ്പ് നടത്തേണ്ടത്. വനിതാ സംഘങ്ങൾ ഉള്ള യൂണിറ്റി സെക്രട്ടറി തസ്തിക വനിതകൾക്കായി റിസർവ് ചെയ്യേണ്ടതാണ്.
3. കുറഞ്ഞത് 2 വർഷം പ്രവർത്തന പരിചയമുള്ളവരെ യൂണിറ്റ് കോർഡിനേറ്റർ ആയി തിരഞ്ഞെടുക്കേണ്ടത്.

4. ഓരോ സംഘത്തിൽ നിന്നും പുതുതായി തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ മാത്രമാണ് തിരഞ്ഞെടുപ്പ് സമ്മേളനഹാളിൽ പ്രവേശിക്കേണ്ടത്. ഇവർക്ക് മാത്രമായിരിക്കും വോട്ടിംഗ് അവകാശമുള്ളത്.
5. ഒരു സംഘം മാത്രമുള്ള യൂണിറ്റിൽ, യൂണിറ്റ് ഡയറക്ടറിന്റെ നേതൃത്വത്തിൽ സംഘം തിരഞ്ഞെടുപ്പ് പൂർത്തീകരിച്ച് സംഘഭാരവാഹികൾതന്നെ യൂണിറ്റ് ചുമതലകൾ നിർവഹിക്കുക.
6. ഒരു സംഘത്തിൽനിന്നും ഒരു പ്രതിനിധി എന്ന മുൻഗണനാക്രമം പാലിക്കേണ്ടതാണ്.
7. 60 വയസ്സിൽ താഴെ പ്രായമുള്ള വരെയാണ് യൂണിറ്റ് ഭാരവാഹികളായി തിരഞ്ഞെടുക്കേണ്ടത്.
8. യൂണിറ്റ് ഡയറക്ടർ ഞായറാഴ്ച പള്ളിയിൽ നൽകുന്ന അറിയിപ്പ് അനുസരിച്ചുള്ള സ്ഥലത്തും സമയത്തും ആണ് തിരഞ്ഞെടുപ്പ് നടത്തേണ്ടത്.
9. സംഘടനാ സംവിധാനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനായി, യൂണിറ്റ് ഭാരവാഹിത്വത്തിലേക്ക് നിലവിലുള്ളവർക്ക് പകരം പുതിയ വ്യക്തികളെ നേതൃനിരയിലേക്ക് കൊണ്ടുവരുന്നത് അഭികാമ്യമാണ്.
10. ഇരട്ട ഉത്തരവാദിത്തം ഒഴിവാക്കുന്നത് അഭികാമ്യം. ഒരേ വ്യക്തി തന്നെ ഒന്നിലധികം സ്ഥാനങ്ങൾ വഹിക്കുന്നത് പ്രവർത്തനക്ഷമതയെ ബാധിക്കാൻ സാധ്യതയുണ്ട്. അതിനാൽ, ഇടവക കൈക്കാരന്മാർ, അതിരൂപത/ഫൊറോന ഭാരവാഹികൾ എന്നിവർ യൂണിറ്റ് തലത്തിലുള്ള ഭാരവാഹിത്വങ്ങളിൽ നിന്ന് മാറിനിൽക്കുന്നതാണ് അഭികാമ്യം.

**ഫൊറോന അതിരൂപതാ സമിതി, തിരഞ്ഞെടുപ്പ് നിർദ്ദേശങ്ങൾ**

1. ഓരോ ഫൊറോനയിലും അതിരൂപതാ ഡയറക്ടർ ചുമതലപ്പെടുത്തുനവരുടെ മേൽനോട്ടത്തിലാണ് തിരഞ്ഞെടുപ്പ് നടത്തേണ്ടത്.
2. ഇരട്ടപ്പദവി അനുവാദിക്കുന്നതല്ല (ഇടവക കൈക്കാരന്മാർ, മറ്റ് സംഘടനകളിൽ ഫൊറോനാ/അതിരൂപതാ ഭാരവാഹിത്വം വഹിക്കുന്നവർ അതിരൂപതാ സമിതി അംഗങ്ങളായി തിരഞ്ഞെടുക്കപ്പെടുവാൻ പാടില്ല)
3. ആഗസ്റ്റുമാസം ഫൊറോനാ/അതിരൂപതാ സമിതി തിരഞ്ഞെടുപ്പ് നടത്തപ്പെടുന്നത്. ഓരോ ഫൊറോനയിലും തിരഞ്ഞെടുപ്പ് നടത്തപ്പെടുന്ന സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതാണ്.
4. ഫൊറോന കോഡിനേറ്റർ, ഫൊറോന സെക്രട്ടറി, ഫൊറോന ട്രഷറർ എന്നീ തസ്തികകളിലേക്കാണ് തിരഞ്ഞെടുപ്പ് നടത്തേണ്ടത്. വനിതാ പ്രതിനിധികൾ ഉള്ള ഫൊറോനായിൽ ഫൊറോന സെക്രട്ടറി തസ്തിക വനിതകൾക്കായി റിസർവ് ചെയ്യേണ്ടതാണ്. കെ.എൽ.എം.ന്റെ നാലു യൂണിറ്റിൽ കൂടുതലുള്ള ഫൊറോനായിൽ നിന്ന് ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന മൂന്നുപേരും അതിരൂപതാസമിതി അംഗങ്ങളായി പരിഗണിക്കപ്പെടുന്നതാണ്. കെ.എൽ.എം.ന്റെ നാലു യൂണിറ്റിൽ കുറവുള്ള ഫൊറോനായിൽ ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ഫൊറോനാ കോഡിനേറ്ററും, ഫൊറോന സെക്രട്ടറിയും മാത്രമായിരിക്കും അതിരൂപതാസമിതി അംഗങ്ങളായി പരിഗണിക്കപ്പെടുന്നത്.

5. ഓരോ യൂണിറ്റിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് കോഡിനേറ്റർ, യൂണിറ്റ് സെക്രട്ടറി, യൂണിറ്റ് ട്രഷറർ എന്നിവരിൽ നിന്നുമാണ് ഫൊറോന അതിരൂപതസമിതി അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടത്. ഇതിനായി യൂണിറ്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ കത്ത് യൂണിറ്റ് കോഡിനേറ്റർ, യൂണിറ്റ് സെക്രട്ടറി, യൂണിറ്റ് ട്രഷറർ എന്നിവർ സമ്മേളന ഹാളിൽ പ്രവേശിക്കുന്നതിന് മുമ്പായി അതിരൂപതാ ഓഫീസിൽനിന്നും ചുമതലപ്പെടുത്തുന്ന വ്യക്തിയെ കാണിച്ച് രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. ഇവർക്കു മാത്രമായിരിക്കും വോട്ടിംഗ് അവകാശം ഉണ്ടായിരിക്കുന്നത്.
6. ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവർ മാത്രമായിരിക്കും അതിരൂപതാ സമിതി അംഗങ്ങളായി പരിഗണിക്കപ്പെടുന്നത്.
7. നിലവിൽ അതിരൂപതാസമിതി അംഗങ്ങൾ ആയിരിക്കുന്നവർ തുടർച്ചയായി ഫൊറോന അതിരൂപതാസമിതി അംഗങ്ങളായി തിരഞ്ഞെടുക്കപ്പെടുവാൻ പാടില്ല. ഒരു ഭരണസമിതി കാലയളവിനുശേഷം (രണ്ടു വർഷം) വീണ്ടും ഇവരെ തിരഞ്ഞെടുക്കാവുന്നതാണ്.
8. 60 വയസ്സിൽ താഴെ പ്രായമുള്ളവരെയാണ് ഫൊറോനാ/അതിരൂപതാ സമിതിയിലേക്ക് തിരഞ്ഞെടുക്കേണ്ടത്.
9. ഒരു യൂണിറ്റിൽനിന്ന് ഒരു പ്രതിനിധി എന്ന മുൻഗണനാക്രമം പാലിക്കേണ്ടതാണ്.

❑

---

➤➤➤ *ചാസ്...*

കെ. ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ, കാർക്കിനോസ് കാൻസർ ഹെൽത്ത് കെയർ, പ്രൊവിഡൻസ് ഹോസ്പിറ്റൽ, വിശ്വനാഥ് കാൻസർ കെയർ ഫൗണ്ടേഷൻ എന്നിവരുടെ സഹകരണത്തോടെയാണ് ക്യാംപ് നടത്തിയത്.

കൈനകരി സെന്റ് മേരീസ് യൂണിറ്റിന്റെയും ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിൽ കാൻസർ അവബോധവും സൗജന്യ കാൻസർ രോഗനിർണ്ണയ ക്യാംപും മെയ് 17നു കൈനകരി സെന്റ് മേരീസ് ഹൈസ്കൂളിൽ സംഘടിപ്പിച്ചു. ഡോ. അഖിൽ തോമസ് & ഡോ. ആര്യ ജി. നായർ എന്നിവരുടെ നേതൃത്വത്തിൽ പരിശോധനയും ബോധവത്ക്കരണം നൽകി.

**തയ്യൽ പരിശീലനം സമാപനവും സർട്ടിഫിക്കറ്റ് വിതരണവും:** മാടപ്പള്ളി യൂണിറ്റിൽ ചാസ് ഖാദി പരിശീലനകേന്ദ്രത്തിന്റെ സഹകരണത്തോടെ കഴിഞ്ഞ മൂന്നുമാസക്കാലമായി നടത്തിവന്നിരുന്ന തയ്യൽ പരിശീലനം മെയ് 5നു സമാപിച്ചു. യൂണിറ്റു ഡയറക്ടർ ഫാ. കുര്യൻ ചക്കുപുരയ്ക്കൽ പരിശീലനം പൂർത്തിയാക്കിയ 15 വനിതകൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. യൂണിറ്റു ഭാരവാഹികൾ നേതൃത്വം നൽകി.

❑

# ആത്മതാകേന്ദ്രം

**(ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)**

## സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ 22-മത് വാർഷികവും പഠനോപകരണ വിതരണവും

ആത്മതാകേന്ദ്രത്തിന്റെ സപ്പോർട്ട് എ ചൈൽഡ് എന്ന പ്രവർത്തന പദ്ധതിയുടെ 22-ാമത് വാർഷികസമ്മേളനോദ്ഘാടനം മെയ് 30നു മേജർ ആർച്ചുബിഷപ് എമിരറ്റൂസ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി നിർവഹിച്ചു.

യോഗത്തിൽ അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസും ആത്മതാകേന്ദ്രം പ്രസിഡന്റുമായ വെരി റവ. ഫാ. ആന്റണി ഏത്തയ്ക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. ജോസഫ് ചേരേട്ട്ചാമക്കാല ആമുഖസന്ദേശം നല്കി. കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ കുട്ടികളുടെ പഠനോപകരണവിതരണം ബഹു. M.L.A വിനു ജോബ് നിർവഹിച്ചു. വ്യാപാരി വ്യവസായി പ്രസിഡന്റ് ജോൺസൺ ജോസഫ് പ്ലാത്തോട്ടം, ജെ.സി.ഐ. പ്രസിഡന്റ് ചെറിയാൻ മാത്യു, ഡോ. ജോർജി ജോർജ്, BNI Emerald Changanacherry അരുൺ ആലുങ്കൽ എന്നിവരും എൻ. പി. തോമസ്, പ്രൊഫ. റോസമ്മ വി.എ., ഡോ. രാജു തോമസ് ചെത്തിപ്പുഴ, ജോണി പാലമുറിയിൽ, ജോമോൻ അലക്സാണ്ടർ എന്നിവർ സാമ്പത്തികസഹായ വിതരണവും നിർവഹിച്ചു. യോഗത്തിൽ ആശംസകൾ നേർന്നുകൊണ്ട് ഡോ. എസ്. ജി. ബിജു (മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസ്പിറ്റൽ ഡയറക്ടർ), തോമസ് വി. ജെ., ജോസ് കുളങ്ങര വൈസ് മെൻസ് ക്ലബ്ബ് ചങ്ങനാശ്ശേരി പ്രസിഡന്റ്, പ്രത്യാശാകേന്ദ്രം കോഡിനേറ്റർ ജിൻസി രാജൻ എന്നിവർ സംസാരിച്ചു. റ്റി. എം. മാത്യു തച്ചിലേട്ട് സ്വാഗതവും ട്രീസാ മാത്യു റിപ്പോർട്ടും അവതരിപ്പിച്ചു.

അന്നേദിവസം 350 പേർക്ക് ഉച്ചഭക്ഷണം നൽകിയത് BNI Emerald Changanacherry മെമ്പേഴ്സ് ആണ്. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽനിന്നും 350-ൽ അധികം കുട്ടികൾ പങ്കെടുത്തു. Rs. 2,51,000 രൂപയുടെ ധനസഹായവും പഠനോപകരണ വിതരണവും നടത്തി.

## ഹോമിയോചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത, സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന ദിവസങ്ങളിലും സ്ഥലങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധരായ ഡോക്ടർമാരുടെയും കൗൺസിലർമാരുടെയും സേവനം ഈ പദ്ധതിയിൽ ലഭ്യമാണ്.

**സമയം:** രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 വരെ

| | | |
|---|---|---|
| ചൊവ്വ | (ആലപ്പുഴ) | തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി |
| വ്യാഴം | (കോട്ടയം) | അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി (ചാവറ വീട്, താഴത്തെ നിലയിൽ) |
| വെള്ളി | (കോട്ടയം) | ചങ്ങനാശ്ശേരി, പാസ്റ്ററൽ സെന്റർ |

പ്രസ്തുതവിവരം വികാരിയച്ചന്മാർ പള്ളിയിലറിയിക്കണം

*ശേഷം പേജ് 72 ➤➤➤*

# ദളിത് കത്തോലിക്കാ മഹാജനസഭ
# (DCMS)

### നേതൃത്വ സംഗമം

ഡി.സി.എം.എസ്. അതിരൂപതാ കൗൺസിൽ അംഗങ്ങൾക്കായി സംഘടിപ്പിച്ച നേതൃത്വ സംഗമം മെയ് 9, 10 തീയതികളിൽ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. 9-ാം തീയതി വൈകുന്നേരം 7.30നു അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി ഏത്തക്കാട് ഉദ്ഘാടനം നിർവഹിച്ച സംഗമത്തിൽ അതിരൂപതാ ആർച്ചുബിഷപ് അഭി. മാർ തോമസ് തറയിൽ സന്ദേശം നൽകി. ഡി.സി.എം.എസ്. ഡയറക്ടർ ഫാ. ജോസഫ് കുഴിയടിയിൽ ആമുഖ സന്ദേശം നൽകി. സംസ്ഥാന ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം ക്ലാസ്സ് നയിച്ചു. 10-ാം തീയതി രാവിലെ സീറോമലബാർ പബ്ലിക് അഫേഴ്സ് കമ്മറ്റി സെക്രട്ടറി ഫാ. ജയിംസ് കൊക്കാവയലിൻ ക്ലാസ്സ് നയിച്ചു. തുടർന്ന് KCBC/SCST/BC കമ്മീഷൻ ചെയർമാൻ അഭി. ഗീവർഗീസ് മാർ അപ്രേം പിതാവ് 2026-27 വർഷത്തെ പ്രവർത്തനപരിപാടി ഉദ്ഘാടനം ചെയ്തു. ഡി.സി.എം.എസ്. അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ്, കമ്മീഷൻ ജോയിന്റ് സെക്രട്ടറി ജയിംസ് ഇലവുങ്കൽ, സംസ്ഥാന ജോയിന്റ് സെക്രട്ടറി ത്രേസ്യാമ്മ ജോസഫ് എന്നിവർ പങ്കെടുത്തു. ഓർഗനൈസർ ബെന്നി വടുതലക്കര പ്രവർത്തനപരിപാടി രൂപരേഖ അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ് ഫിലിപ്പ് സി. ജെ. നന്ദി രേഖപ്പെടുത്തി. സംഗമത്തിൽ ആകെ 70 കൗൺസിൽ അംഗങ്ങൾ പങ്കെടുത്തു.

### കരിയർ ഗൈഡൻസ് സെമിനാർ

അതിരൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ മെയ് 16ന് അതിരൂപതയിലെ ഡി.സി.എം.എസ്. യൂണിറ്റുകളിലെ 8-ാം ക്ലാസ്സ് മുതൽ പി.ജി. വരെ പഠിക്കുന്ന വിദ്യാർഥികൾക്കായി കരിയർ ഗൈഡൻസ് സെമിനാർ നടത്തി. ബിനു വെളിയനാട് കരിയർ ഗൈഡൻസ് ക്ലാസ്സ് നയിച്ചു. ഡയറക്ടർ ഫാ. ജോസഫ് കുഴിയടിയിൽ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരും അതിരൂപതാ ഭാരവാഹികളും സെമിനാറിന് നേതൃത്വം നൽകി.

### പ്രഫഷണൽ ഫോറം മീറ്റിങ്

അതിരൂപതയിലെ ദലിത് കത്തോലിക്കാ വിദ്യാർഥികളുടെ വിദ്യാഭ്യാസ ശക്തീകരണം ലക്ഷ്യംവെച്ചുകൊണ്ട് ദലിത് കത്തോലിക്കാ അധ്യാപകരേയും, അനധ്യാപകരേയും, ഗവൺമെന്റ്, അർദ്ധസർക്കാർ, പൊതുമേഖലാ തലങ്ങളിൽ ജോലി ചെയ്യുന്ന പ്രൊഫഷണലുകളേയും മുൻ ഡി.സി.വൈ.എൽ. അതിരൂപതാ ഭാരവാഹികളേയും പങ്കെടിപ്പിച്ചുകൊണ്ടുള്ള മീറ്റിങ് മെയ് 16ന് പാസ്റ്ററൽ സെന്റർ ഹാളിൽ നടത്തി. യോഗത്തിൽ 13 അംഗങ്ങൾ അടങ്ങുന്ന ഒരു കമ്മിറ്റിയെ തിരഞ്ഞെടുത്തു. തുടർ പരിപാടികൾ പിന്നീട് നടത്തപ്പെടുന്നതാണ്.

ഈശോയിൽ സ്നേഹപൂർവം,

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോസഫ് കുഴിയടിയിൽ**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

"സമാധാനം-സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

### അതിരൂപതാ എക്സിക്യുട്ടിവ് കമ്മറ്റി

പ്രിയ സഹോദരങ്ങളെ,

നമ്മുടെ അതിരൂപതയുടെ എക്സിക്യുട്ടിവ് കമ്മറ്റി ഏപ്രിൽ 26നു ഗദ്സമനി ആശ്രമത്തിൽ ബഹു. അതിരൂപതാ സ്പിരിചൽ അസിസ്റ്റന്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. അതിരൂപതാ മിനിസ്റ്റർ ബ്രദർ അലക്സ് വലിയപറമ്പിൽ സ്വാഗതമാശംസിക്കുകയും അതിരൂപതാ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിക്കുകയും അതിരൂപതാ ട്രഷറർ ബ്രദർ മാത്യു കാനാട്ട് കണക്കുകൾ വായിക്കുകയും ചെയ്തു. മെയ് 22നു നടക്കുവാൻ പോകുന്ന അതിരൂപതാ തിരുനാളും വാർഷികവും വളരെ ഭംഗിയായും പ്രാർഥനാരൂപിയിലും നടത്തുവാൻ യോഗം തീരുമാനമെടുത്തു. ഈ തിരുനാൾ ഫ്രാൻസിസ്കൻ ചൈതന്യത്തിൽ നടത്തണമെന്ന് ബഹു. അലക്സച്ചൻ പറയുകയുണ്ടായി. വെരൂർ ഭാതൃത്വം ഇത് ഏറ്റെടുത്തതിന് അവർക്ക് അച്ചൻ പ്രത്യേകം നന്ദി പറഞ്ഞു.

മെയ് 1നു ഗദ്സമനി ആശ്രമത്തിൽ മുഴുവൻ ഭാതൃത്വത്തിലേയും മിനിസ്റ്റർ, സെക്രട്ടറി, റീജൻ മിനിസ്റ്റർമാർ, അതിരൂപതാ ഭാരവാഹികൾ എന്നിവരുടെ സംയുക്ത മീറ്റിംഗ് നടത്തി. തിരുനാളിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ ആലോചിക്കുവാനും, ഉത്തരവാദിത്വങ്ങൾ എല്ലാവരേയും ഏൽപിച്ച് തിരുനാൾ ഭംഗിയായി നടത്തുവാനുമുള്ള കമ്മറ്റികൾ രൂപീകരിച്ചു. എല്ലാ ഭ്രാതൃത്വങ്ങളിലെയും മുഴുവൻ അംഗങ്ങളും സംബന്ധിക്കണമെന്ന് ബഹു. അലക്സച്ചൻ ഓർമ്മിപ്പിച്ചു.

8.30നു രജിസ്ട്രേഷൻ, പ്രഭാതപ്രാർത്ഥന സമ്മേളനം, ക്ലാസ്സ്, വി. കുർബാന, ഉച്ചഭക്ഷണം, ഭാതൃത്വതല പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചകൾ, വിലയിരുത്തലുകൾ ഇവയാണ് തിരുനാളിന്റെ പ്രധാനപ്പെട്ട കാര്യങ്ങൾ.

### എടത്വാ റീജൻ സമ്മേളനം

ഏപ്രിൽ 18നു എടത്വാ കുരിശുപള്ളിയിൽ മിനിസ്റ്റർ ബ്രദർ സാബു കരിക്കിൻപള്ളിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. അതിരൂപതാ വികാരി ജനറൽ ഫാ. സ്കറിയ കന്യാകോണിൽ യോഗം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. എടത്വാ ഫൊറോനാ വികാരി ഫാ. ജോസഫ് കളരിക്കൽ ഫ്രാൻസിസ്കൻ ചൈതന്യം ജീവിതത്തിന്റെ ഭാഗമാകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. പുതിയ അംഗങ്ങളുടെ സഭാവസ്ത്രസ്വീകരണം, പ്രഥമ വ്രതവാഗ്ദാനം, നിത്യവ്രത വാഗ്ദാനം, വി. കുർബാന, ഉച്ചഭക്ഷണം എന്നിവയിൽ ധാരാളം അംഗങ്ങൾ വിവിധ ഭ്രാതൃത്വത്തിൽനിന്നും സംബന്ധിച്ചു.

### കുട്ടനാട് റീജൻ സമ്മേളനം

ഫെബ്രുവരി 28നു കുട്ടനാട് റീജൻ സമ്മേളനം തെക്കേക്കര സെന്റ് ജോൺസ് ഇടവക പാരിഷ് ഹാളിൽ മിനിസ്റ്റർ ആന്റപ്പൻ ഓട്ടോക്കാരന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. അതിരൂപത പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ.

ആന്റണി എത്തയ്ക്കാട് അപ്പൻ യോഗം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ഫ്രാൻസിസ്കൻ വർഷത്തോടനുബന്ധിച്ചുള്ള ക്ലാസുകൾ ചർച്ചകൾ പുതിയ അംഗങ്ങളുടെ സഭാവസ്ത്ര സ്വീകരണം, നിത്യവ്രതവാഗ്ദാനം, വി. കുർബാന, ഉച്ചഭക്ഷണം എന്നിവയിൽ എല്ലാ ഭാതൃത്വങ്ങളിലെ അംഗങ്ങളും സംബന്ധിച്ചു.

ഫ്രാൻസിസ്കൻ വർഷമാചരിക്കുന്ന ഈ വേളയിൽ രോഗീസന്ദർശനം, ജീവകാരുണ്യപ്രവൃത്തികൾ ഇവയ്ക്ക കൂടുതൽ പ്രാധാന്യം നൽകുവാൻ പരിശ്രമിക്കണം. കുട്ടികൾക്കായി റീജൻതലത്തിൽ ക്വിസ്സ്മത്സരം നടത്തുവാൻ തീരുമാനമെടുത്തു. മാലിന്യസംസ്കരണം, പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക, പച്ചക്കറികൾ നട്ടുപിടിപ്പിക്കുക. ലഹരിമുക്ത പ്രവർത്തനങ്ങൾ നടപ്പിലാക്കുക ഈവക കാര്യങ്ങൾ ചർച്ചചെയ്തു. എല്ലാ ഭ്രാതൃത്വങ്ങൾക്കും അംഗത്വ രജിസ്ട്രർ ബുക്കുകൾ നൽകി അംഗങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ എഴുതി സൂക്ഷിക്കുവാനും തീരുമാനിച്ചു. കമ്മറ്റിയിൽ 45 അംഗങ്ങൾ സംബന്ധിച്ചു. ഫാ. അലക്സ് വാച്ചാപറമ്പിലച്ചന്റെ ആശീർവാദത്തോടെ 4.30നു കമ്മറ്റിയോഗം സമാപിച്ചു.

**വി. സി. അലക്സ്**
**വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. അലക്സ് വാച്ചാപറമ്പിൽ**
**ഒ.എഫ്.എം. കപ്പൂച്ചിൻ**
*(സ്പിരിചൽ അസ്സിസ്റ്റന്റ്)*

❑

---

➤➤➤ ***ആത്മതാകേന്ദ്രം ...***

## ലഹരിവിമുക്തവിശുദ്ധീകരണധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ വച്ച് **2026 ജൂൺ 07 മുതൽ ജൂൺ 12 വരെ** ലഹരി വിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടത്തപ്പെടുന്നു. *ജൂൺ 07 വൈകുന്നേരം അഞ്ചിന് ആരംഭിച്ച് ജൂൺ 12 രാവിലെ 9നു* ധ്യാനം അവസാനിക്കുന്നു. താമസിച്ചുള്ള ഈ ധ്യാനത്തിന് ഫീസ് ഉണ്ടായിരിക്കുന്നതല്ല. ഈ ധ്യാനത്തിൽ ലഹരിക്ക് അടിമപ്പെട്ടവർക്ക് പ്രത്യേക ക്ലാസ്സുകളും കൗൺസിലിംഗ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ധ്യാനത്തിന് വരുന്നവർ ബൈബിൾ, നോട്ട് ബുക്ക്, പേന എന്നിവ കൊണ്ടുവരേണ്ടതാണ്. മേൽവിലാസവും, ഫോൺനമ്പരും താഴെ ചേർക്കുന്നു.

എൽ.എസ്.ഡി.പി. പ്രൊവിഡൻസ് റിന്യൂവൽ സെന്റർ, കുന്നന്താനം
0469 2692462, 2693413, 2690414, 8606806228

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
*(ഡയറക്ടർ)*
❑

# വിൻസെൻഷ്യൻ വേദി
# (SSVP)

*സത്യത്തിലും നീതിയിലും ദൈവമായ കർത്താവിനെ സ്നേഹിക്കുന്ന സകലരും നമ്മുടെ സഹോദരങ്ങളോടു കരുണ കാണിച്ചുകൊണ്ടു സന്തോഷിക്കും* (തോബിത്ത് 14:7).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നമ്മുടെ സെൻട്രൽ കൗൺസിലിന്റെ 72-ാമതു വാർഷികം തൃക്കൊടിത്താനത്തുവച്ചു വളരെ ഭംഗിയായി നടത്താൻ സാധിച്ചതിൽ ദൈവത്തിനു നന്ദി പറയാം. കഠിനമായ ചൂടിന്റെ അസ്വസ്ഥതകൾക്കിടയിൽ ആശ്വാസമായി പെയ്തിറങ്ങിയ മഴയുടെ ആനന്ദവും. ആത്മാവിനാൽ പ്രേരിതരായി അവിടെ എത്തിച്ചേർന്ന് വളരെ അച്ചടക്കത്തോടെ മുഴുവൻ സമയവും സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ആവേശവും ഫൊറോന വികാരി ബഹു. സെബാസ്റ്റ്യൻ പുന്നശ്ശേരിൽ അച്ചന്റെയും ഏരിയാ കൗൺസിൽ, കോൺഫറൻസ് ഭാരവാഹികൾ എന്നിവരുടെയും നേതൃത്വത്തിൽ അംഗങ്ങൾ നടത്തിയ മനോഹരമായ ഒരുക്കങ്ങളും പ്രത്യേക ശ്രദ്ധയാകർഷിച്ച "De Paul Ekthesi 2K26" എക്സിബിഷനും എല്ലാം ഏറെ നന്ദിയോടെ ഓർക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ഓരോ സമ്മേളനത്തിലും നമുക്കു ലഭിക്കുന്ന സന്ദേശങ്ങളും നിർദ്ദേശങ്ങളും പ്രശംസകളുമൊക്കെ കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കുവാനുള്ള ഊർജ്ജ സ്രോതസ്സുകളാണ്. സമ്മേളനം ഉദ്ഘാടനം ചെയ്ത അഭി. ജോഷ്വ മാർ ഇഗ്നാത്തിയോസ് പിതാവ് വി. വിൻസെന്റിന്റെ ജീവിതവും സൊസൈറ്റിയുടെ ചരിത്രവും പ്രവർത്തനങ്ങളുമൊക്കെ വളരെ വിശദമായി പ്രതിപാദിച്ചല്ലോ. പങ്കുവെക്കലിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ദരിദ്രരിൽ മിശിഹായെ ദർശിക്കുകയും പാവപ്പെട്ടവരെയും പാർശ്വവത്ക്കരിക്കപ്പെട്ടവരെയും ക്രിസ്തുവിനു തുല്യരായി കണ്ട് ശുശ്രൂഷനൽകുകയും ചെയ്യുന്നവരാണ് വിൻസെൻഷ്യൻ പ്രവർത്തകർ എന്ന് പറയുകയുണ്ടായി. സമ്പന്നരെ സഹായത്തിനായി സമീപിക്കുകയും ദരിദ്രരെ സഹായിക്കുകയും ചെയ്ത വി. വിൻസെന്റിന്റെ മാതൃകയാണ് നാം സ്വീകരിക്കുന്നത്.

ഈശോയെ ഉദരത്തിലും ഹൃദയത്തിലും വഹിച്ച പരിശുദ്ധ അമ്മ തന്റെ ഇളയമ്മയായ ഏലിശ്വായ്ക്കു നൽകിയ സ്നേഹശുശ്രൂഷ മാതൃകയാക്കിയുള്ള ജീവിതമാകണം സൊസൈറ്റി അംഗങ്ങളുടേത്. ദൈവത്തോടു കൂടുതൽ അടുക്കണമെങ്കിൽ, ദൈവികത ഉള്ളവരാകണമെങ്കിൽ മനുഷ്യത്വമുള്ളവരാകണം. പ്രവർത്തനങ്ങളുടെ മഹത്വം ദൈവത്തിനു നൽകണം. ഒരാളെ സഹായിക്കാൻ ശ്രമിക്കുമ്പോൾ നമുക്കനുഭവപ്പെടുന്ന കുറവുകൾ നമുക്കു നൽകുന്ന സംതൃപ്തി വലുതാണ്. സ്നേഹം പകരുന്ന നല്ല വാക്കുകളും സഹായിക്കാൻ തയ്യാറുള്ള മനസ്സും നീട്ടപ്പെട്ട കരങ്ങളുമായി കൂടുതൽ തീക്ഷ്ണതയോടെ മുന്നോട്ടു പോകാൻ സൊസൈറ്റിക്കു സാധിക്കട്ടെ എന്നും അദ്ദേഹം ആശംസിച്ചു.

സമ്മേളനത്തിൽ അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് അനുഗ്രഹപ്രഭാഷണം നടത്തി. ഇടവകയിൽ ഒഴുകി നടന്ന്, ഈശോയുടെ സ്നേഹം പകരുന്ന വിശ്വാസ്യതയും വിശുദ്ധിയുമുള്ളവരാണ് വിൻസെൻഷ്യൻ പ്രവർത്തകർ എന്നു വിശേഷിപ്പിക്കുകയുണ്ടായി. സൊസൈറ്റി നടത്തുന്ന നിശബ്ദ ശുശ്രൂഷയിലൂടെ (Silent Ministry) കർത്താവിന്റെ ജ്വലിക്കുന്ന മുഖം ദർശിക്കുവാൻ പാവങ്ങൾക്കു സാധിക്കുന്നു. പാവങ്ങളെ സഹായിക്കുമ്പോൾ ദൈവത്തെ കണ്ടെത്തുവാൻ നമ്മൾ നമ്മളെത്തന്നെയാണ് സഹായിക്കുന്നത്. കുടുംബബന്ധങ്ങളിലെ വിള്ളലുകൾ പരിഹരിക്കാനും കൂദാശകളോടും വിശ്വാസത്തോടും ദൈവാലയത്തോടുമൊക്കെ അകന്നിരിക്കുന്നവരെ അടുപ്പിക്കുവാനും നമ്മുടെ സന്ദർശനങ്ങൾക്കു സാധിക്കണമെന്നും ഫാമിലി കൗൺസിലിംഗ്, ആരോഗ്യ ഇൻഷുറൻസ് തുടങ്ങിയവ സമൂഹത്തിനു ലഭ്യമാക്കാൻ ശ്രമിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. പാവങ്ങളുടെ ഹൃദയങ്ങളെ സ്പർശിക്കുന്നവരാണ് വിൻസെൻഷ്യൻ പ്രവർത്തകർ എന്നാണ് ബഹു. സെബാസ്റ്റ്യൻ പുന്നശേരി അച്ചൻ വിശേഷിപ്പിച്ചത്. പാവങ്ങൾക്കുവേണ്ടി നീട്ടപ്പെടുന്ന കരങ്ങൾ സ്വർഗ്ഗകവാടം തൊട്ടാൽ ആ കവാടങ്ങൾ താനെ തുറക്കപ്പെടുമെന്നും ബഹു. അച്ചൻ പറയുകയുണ്ടായി. പലവിധ ബന്ധനങ്ങളിൽ കഴിയുന്ന കുടുംബങ്ങളെ വിമോചിത കുടുംബങ്ങളാക്കാൻ പരിശ്രമിക്കണമെന്നു അദ്ദേഹം നിർദ്ദേശിച്ചു. പല നൂതന ആശയങ്ങളും നടപ്പാക്കി മറ്റുള്ളവർക്കു മാതൃകയാകുന്ന സെൻട്രൽ കൗൺസിൽ ചങ്ങനാശേരി എന്ന് കെ.ആർ.സി.സി കോർഡിനേറ്റർ സി. ലെനി അബ്രഹാം അഭിപ്രായപ്പെട്ടു.

ഇക്കാര്യങ്ങളൊക്കെയും ആഴമായി ചിന്തിക്കാനും ധ്യാനിക്കാനും സാധിച്ചാൽ നമ്മുടെയുള്ളിൽ പരിശുദ്ധാത്മാവിന്റെ ഒരു നിമന്ത്രണം കേൾക്കാൻ സാധിക്കും നീയും പോയി അതുപോലെ ചെയ്യുക (ലൂക്കാ. 10:37).

ഈശോയിൽ സ്നേഹപൂർവം,

**തോമസ് റ്റി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*
❑

# കരിസ്മാറ്റിക് നവീകരണം

കരിസ്മാറ്റിക് നവീകരണത്തിന്റെ കൃപാ പ്രവാഹത്തിലായിരിക്കുന്ന നിങ്ങളോരോരുത്തരോടും ഞാൻ അഭ്യർഥിക്കുന്നു, നിങ്ങളുടെ സെമിനാരികളിലും, ഇടവകകളിലും വിദ്യാലയങ്ങളിലുമൊക്കെ ''പരിശുദ്ധാത്മാവിലുള്ള നവജീവിത (LSS- Life in the Spirit Seminar) സെമിനാറുകൾ'' നടത്തുക. പരിശുദ്ധാത്മാഭിഷേകവും നിങ്ങളുടെ മതബോധനവും അവരുമായി പങ്കുവെക്കുക. ഇത് പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ ഫലമാണ്. ഇതിലൂടെ, ഈശോയുമായി ഒരു കണ്ടുമുട്ടൽ സംഭവിക്കുകയും ജീവിതത്തിൽ കാതലായ വ്യതിയാനം സംഭവിക്കുകയും ചെയ്യുന്നുണ്ട്.

–ഫ്രാൻസിസ് മാർപ്പാപ്പ,<br>
മൂന്നാമത് അഖില ലോക വൈദിക ധ്യാനം

### സർവീസ് ടീം മീറ്റിങ്

മെയ്മാസത്തെ സർവീസ് ടീം മീറ്റിങ് മെയ് 16നു പാസ്റ്ററൽ സെന്റർ ഓഫീസിൽ ആനിമേറ്റർ ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ നടന്നു. ഓഗസ്റ്റ് 20 മുതൽ 24 വരെ എസ്.ബി. കോളജ് ഗ്രൗണ്ടിൽ നടക്കുന്ന കരിസ്മാറ്റിക് ജൂബിലി കൺവൻഷനുമായി ബന്ധപ്പെട്ട ഒരുക്കങ്ങളുൾപ്പെടെ വിവിധ ശുശ്രൂഷകളുടെ പുരോഗതി വിലയിരുത്തി.

### കരിസ്മാറ്റിക് ജൂബിലി/ കൃപാഭിഷേക കൺവെൻഷൻ കമ്മറ്റി മീറ്റിങ്

ഓഗസ്റ്റ് 20 മുതൽ 24 വരെ ഫാ. ഡൊമിനിക് വാളൻമനാൽ നയിക്കുന്ന (എസ്.ബി. കോളജ് ഗ്രൗണ്ട്) കൃപാഭിഷേക-ജൂബിലി കൺവൻഷനുമായി ബന്ധപ്പെട്ട മദ്ധ്യസ്ഥപ്രാർഥനയും വിവിധ കമ്മിറ്റികളുടെ രൂപീകരണവും നടന്നു. മെയ് 12നു പാസ്റ്ററൽ സെന്ററിന്റെ ചാപ്പലിൽ മദ്ധ്യസ്ഥപ്രാർഥനയും തുടർന്ന് ഒന്നാംനമ്പർ ഹാളിൽ കമ്മറ്റി മീറ്റിങ്ങും നടന്നു. താഴെ പറയുന്ന ക്രമത്തിൽ പ്രധാനപ്പെട്ട സമിതികൾ രൂപീകൃതമായി.

***ഫിനാൻസ് കമ്മറ്റി***

ഫാ. ടോം ജോസ്, ഹോളിക്രോസ്സ് ആർ.സി. ചർച്ച്, വൈശ്യംഭാഗം<br>
ബേബിച്ചൻ ളാകപ്പറമ്പിൽ

***മോബിലൈസേഷൻ, പബ്ലിസിറ്റി***

ഫാ. സാവിയോ മാനാട്ട്, ഡയറക്ടർ യുവദീപ്തി –SMYM<br>
സിബിച്ചൻ ഉപ്പുകുന്നേൽ, മോൻ ചെത്തിമറ്റം

***വോളണ്ടിയർ കമ്മിറ്റി (പാർക്കിങ്/ ട്രാൻസ്പോർടേഷൻ ഉൾപ്പെടെ)***

ഫാ ജോസഫ് ചമ്പക്കുളത്തിൽ, ഡയറക്ടർ KLM<br>
ഡൊമിനിക് മറ്റപ്പറമ്പിൽ

***സ്റ്റേജ്, പന്തൽ, ലൈറ്റ് & സൗണ്ട്***

ഫാ ആന്റണി കാച്ചാംകോട്, നിർമലപുരം, ജോസി കൊണ്ടോടി

***ലിറ്റർജി***

സി. ചെറുപുഷ്പം SABS, സി. ബെറ്റി റോസ് SABS

***മദ്ധ്യസ്ഥ പ്രാർഥന***

സോണിയ, റൂബിമോൾ ചൂരവടി, സജി കുര്യൻ

എല്ലാ രണ്ടാം ചൊവ്വാഴ്ചയും നാലാം ചൊവ്വാഴ്ചയും എസ്.ബി. കോളജ് ഫുട്ബോൾ ഗ്രൗണ്ടിനു പുറകിലുള്ള സോയിൽ സിസ്റ്റേഴ്സിന്റെ ചാപ്പലിൽ ഒരുമിച്ചുകൂടി മദ്ധ്യസ്ഥ പ്രാർഥന നടത്തിവരുന്നു.

**ലോക മലയാളി കരിസ്മാറ്റിക് ജൂബിലി കൺവൻഷൻ**

കേരളത്തിൽ ആദ്യ കരിസ്മാറ്റിക് ധ്യാനം നടന്നിട്ട് 50 വർഷം തികയുക യാണ്. മെയ് 1,2,3 തീയതികളിൽ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ നടന്ന ജൂബിലി കൺവൻഷനിൽ വൈദികരും സിസ്റ്റേഴ്സും ഉൾപ്പെടെ ചങ്ങനാശ്ശേരിയിൽ നിന്നു നൂറോളം പ്രതിനിധികൾ പങ്കെടുത്തു.

**പന്തക്കുസ്താദിന ശുശ്രൂഷകൾ**

മെയ് 24നു ളായിക്കാട് സെന്റ് ജോസഫ് പള്ളിയിൽ പന്തക്കുസ്താ ദിന ശുശ്രൂഷകൾ സോണിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. സോണൽ ആനിമേറ്റർ ഫാ. മാത്യു താന്നിയത്ത് ശുശ്രൂഷകൾക്കു നേതൃത്വം വഹിച്ചു.

**ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി**

ലോഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ സോണൽ സർവീസ് ടീം യോഗം ഏപ്രിൽ 25നു ആനിമേറ്റർ ഫാ. ലൂയിസ് വെള്ളാനിക്കലിന്റെ നേതൃത്വത്തിൽ പാസ്റ്ററൽ സെന്റർ ഓഫീസിൽ നടത്തി. വിവിധ ഇടവകകളിൽ തുടങ്ങി വച്ച ദമ്പതീ സെല്ലുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. ജൂൺ 19ന് പുതുക്കരി സെന്റ് സേവ്യേഴ്സ് പള്ളിയിലും മെയ് 23നു സെന്റ് മേരീസ് പള്ളി കുമരങ്കരി യിലും ദമ്പതി ധ്യാനങ്ങൾ നടത്തുവാൻ തീരുമാനിച്ചു.

സ്നേഹപൂർവം,

**മഞ്ജു മാത്തൂർ**
*(കോഡിനേറ്റർ)*

**ഫാ. മാത്യു താന്നിയത്ത്**
*(ആനിമേറ്റർ)*

❑

## മാർ തോമസ് തറയിൽ

**ഏപ്രിൽ**

26 കേംബ്രിഡ്ജിലെ സെന്റ് ഫിലിപ്പ് ഹവാർഡ് ലത്തീൻ പള്ളിയുടെ കൂദാശ കർമ്മത്തിൽ സഹകാർമികനായി പങ്കെടുത്തു.

27 ഇംഗ്ലണ്ടിൽ ശുശ്രൂഷ ചെയ്യുന്ന അതിരൂപതാ വൈദികരുടെ ഒത്തുചേരലിൽ അധ്യക്ഷത വഹിക്കുകയും പുതുതായി കൂദാശ ചെയ്ത സെന്റ് ഫിലിപ്പ് ഹവാർഡ് പള്ളിയിൽ ആദ്യമായി സീറോമലബാർ കുർബാന അർപ്പിക്കുകയും ചെയ്തു.

28 അയർലണ്ടിലെ വാട്ടർഫോൾഡ്-ലിസ്മോർ രൂപതയുടെ ബിഷപ്പ് റൈറ്റ് റവ. ഡോ. ഫോൺസിയെ സന്ദർശിച്ചു.

30-മെയ് 01 സ്കോട്ട്ലൻഡിൽ ശുശ്രൂഷ ചെയ്യുന്ന അതിരൂപതാ വൈദികരെ സന്ദർശിച്ചു.

**മെയ്**

02 അതിരൂപതാംഗമായിരുന്ന കോച്ചേരി ബഹു. മൈക്കിൾ അച്ചന്റെ തിരുപ്പട്ട സ്വീകരണത്തിൽ സഹകാർമികനായി സംബന്ധിച്ചു. എസ്.ബി. - അസംപ്ഷൻ കോളേജ് പൂർവ്വ വിദ്യാർത്ഥി സംഗമത്തിൽ അധ്യക്ഷത വഹിച്ചു.

03 ലണ്ടനിലെ സെന്റ് മാർക്ക് മിഷൻ പള്ളിയിൽ വി. മർക്കോസ് ശ്ലീഹായുടെ തിരുനാളാരംഭത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

04 ലണ്ടനിൽ ഗ്രേറ്റ് ബ്രിട്ടൻ രൂപതയിലെ സൺഡേ സ്കൂൾ അധ്യാപകരുടെ സംഗമത്തിൽ മുഖ്യസന്ദേശം നൽകി.

06 അതിരൂപതാകേന്ദ്രത്തിൽ സഞ്ജീവനി വാർഷിക ജനറൽബോഡി യോഗത്തിൽ അധ്യക്ഷത വഹിക്കുകയും എസ്.ബി. കോളേജിൽ CARP - ASPIRE പരിശീലനപരിപാടിയിൽ ക്ലാസ്സ് നയിക്കുകയും ചെയ്തു. വില്ലുന്നി സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ ജോസഫൈൻ സന്യാസിനീസമൂഹത്തിന്റെ പ്രഥമ-നിത്യവ്രതവാഗ്ദാന കർമ്മത്തിന് കാർമികത്വം വഹിച്ചു.

7-8 ബാംഗ്ലൂർ സെന്റ് ജോൺസിൽ സി.ബി.സി.ഐ. സ്റ്റാൻഡിങ് കമ്മിറ്റി യോഗത്തിൽ സംബന്ധിച്ചു.

09 ളായിക്കാട് സെന്റ് ജോസഫ്സ് ദൈവാലയത്തിൽ ആഘോഷപൂർവ്വമായ പരിശുദ്ധ കുർബാന സ്വീകരണത്തിന് കാർമികത്വം വഹിച്ചു. ഫാത്തിമാപുരം എസ്.എച്ച്. സ്കൂൾ ചാപ്പലിൽ ബഹു. ഗീവർഗീസ് കറുകക്കളത്തിലച്ചന്റെ അനുസ്മരണക്കുർബാനമധ്യേ വചനസന്ദേശം നൽകി. പുന്നവേലി എഫ്.ഡി.എസ്.എച്ച്.ജെ. ജനറലേറ്റിലെ ജൂബിലിയാഘോഷത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. പാസ്റ്ററൽ സെന്ററിൽ ഡി.സി.എം.എസ്. പ്രതിനിധി ക്യാമ്പിൽ സന്ദേശം നൽകി.

10 ചുങ്കപ്പാറ ചെറുപുഷ്പം പള്ളിയിൽ അജപാലന സന്ദർശനം നടത്തി. കുറിച്ചി മൈനർ സെമിനാരിയിൽ അതിരൂപതയിലെ വൈദികാർത്ഥിക ളുടെ ഒത്തുചേരൽ ഉദ്ഘാടനം ചെയ്തു. തുരുത്തി മർത്ത് മറിയം ഇടവ കാംഗം പാലാത്ര കിഴക്കേപ്പുറം റോസമ്മ മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

11 സി.എം.ഐ. സഭയുടെ 195-ാം സ്ഥാപനദിനത്തിൽ മാന്നാനം സെന്റ് ജോസഫ് ആശ്രമ ദൈവാലയത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. വില്ലൂന്നി ജോസഫൈൻ ജനറലേറ്റിൽ സി. ആൻസി ജോസഫിന്റെ മൃത സംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് കാർമികത്വം വഹിച്ചു. അതി രൂപതാകേന്ദ്രത്തിൽ അമല തിയോളജിക്കൽ കോളേജ് - മാർത്തോമാ വിദ്യാനികേതൻ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ പ്രവർത്തനവർഷം ഉദ്ഘാ ടനം ചെയ്യുകയും ഉന്നത വിദ്യാഭ്യാസം നടത്തുന്ന അതിരൂപതയിലെ വൈദികരുടെ സംഗമത്തിലും ഫിനാൻസ് കൗൺസിൽ യോഗത്തിലും അധ്യക്ഷത വഹിക്കുകയും ചെയ്തു.

12 എടത്വാ സെന്റ് ജോർജ് ദൈവാലയത്തിൽ തിരുന്നാളിനോടനുബന്ധിച്ച് പരി ശുദ്ധ കുർബാന അർപ്പിച്ചു. കുറിച്ചി മൈനർ സെമിനാരിയിൽ അതിരൂപത യിലെ മേജർ സെമിനാരി വൈദികാർത്ഥികളുടെ കൂട്ടായ്മയിൽ ക്ലാസ് നയി ക്കുകയും കടുവാക്കുളം ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ കുളത്തുങ്കൽ ബഹു. ജോബിൻ എം.സി.ബി.എസ്. അച്ചന്റെ മൃതസംസ്കാര ശുശ്രൂഷ യുടെ അവസാനഭാഗ ശുശ്രൂഷകൾക്ക് കാർമികത്വം വഹിക്കുകയും ചെയ്തു. കുരിശുംമൂട് മീഡിയ വില്ലേജ് ട്രസ്റ്റ് യോഗത്തിൽ അധ്യക്ഷത വഹിക്കുകയും കൊടിനാട്ടുംകുന്ന് പാലത്തിങ്കൽ റോസമ്മ ആന്റണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

13 കുറിച്ചി മൈനർ സെമിനാരിയിൽ വൈദിക വസ്ത്ര - ചെറുപട്ട സ്വീകരണ കർമ്മങ്ങൾക്ക് കാർമികത്വം വഹിക്കുകയും മേജർ സെമിനാരി അധ്യാപ കരുമായി സംവദിക്കുകയും ചെയ്തു. വെരൂർ സെന്റ് ജോസഫസ് ഇടവ കാംഗം ബിയോൺ ബിജുവിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാ ലയത്തിലെ ഭാഗം നിർവഹിച്ചു. ആലപ്പുഴ സഹൃദയ ആശുപത്രിയിൽ സഹൃദയ ജനറൽബോഡി യോഗത്തിൽ അധ്യക്ഷത വഹിച്ചു.

14 വിളക്കുടി സ്നേഹതീരം ചാപ്പലിൽ സിസ്റ്റേഴ്സ് ഓഫ് മേഴ്സി സന്യാസി നീസമൂഹത്തിന്റെ നിത്യവ്രത വാഗ്ദാന കർമ്മത്തിന് കാർമികത്വം വഹിച്ചു.

15 അതിരൂപതാകേന്ദ്രത്തിൽ അതിരൂപതയിലെ വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന ഡീക്കന്മാരുടെ ഒത്തുചേരലിൽ അധ്യക്ഷത വഹിച്ചു. കുറുമ്പനാടം കിഴക്കേചെത്തിപ്പുഴ ബിഡിപി വർഗീസിന്റെ മൃതദേഹ ത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുട്ടിക്കാനം മരിയൻ കോളേജിൽ കാഞ്ഞിരപ്പള്ളി രൂപതയുടെ എപ്പാർക്കിയൽ അസംബ്ലിയിൽ സമാപന സന്ദേശം നൽകി. ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ യോഗത്തിൽ സംബ ന്ധിച്ചു.

16 കുമരങ്കരി സെന്റ് മേരീസ് പള്ളിയിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. ചങ്ങനാശേരി മെത്രാപ്പോലീത്തൻ ഇടവകാംഗം കെ. ഇ. എബ്രഹാമിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യ ഭാഗത്തിന് കാർമികത്വം വഹിച്ചു. ചാസ് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ യാത്രയയപ്പ് യോഗത്തിൽ ആശംസകളറിയിക്കുകയും കുറുമ്പനാടം സെന്റ് ആന്റണീസ് പള്ളിയിൽ വിവാഹം കൂദാശ ചെയ്യുകയും ചെയ്തു.

17 ചെത്തിപ്പുഴ തിരുഹൃദയ പള്ളിയിൽ അജപാലന സന്ദർശനം നടത്തി. അതിരൂപതാകേന്ദ്രത്തിൽ കെ.എൽ.എം. അതിരൂപതാ സമിതിയുടെ സമാപനയോഗത്തിൽ സന്ദേശം നൽകുകയും കുരിശുംമൂട് മീഡിയ വില്ലേജിൽ കമ്മ്യൂണിക്കേഷൻ ദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇത്തിത്താനം സെന്റ് മേരീസ് പള്ളിയിൽ തുരുത്തി ഫൊറോനയിലെ യുവജനങ്ങളുമായി സംവദിച്ചു. പഴവങ്ങാടി മാർ സ്ലീവാ ഫൊറോനാപ്പള്ളിയിൽ നസ്രാണി ഫാമിലി ഫ്രട്ടേണിറ്റി സംഗമത്തിൽ സന്ദേശം നൽകി.

18 തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ യു.ഡി.എഫ്. സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ ഇന്റർ ഡിപ്പാർട്ട്മെന്റ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

19 കളമശ്ശേരി യൂണിവേഴ്സിറ്റി സെന്റർ സെന്റ് ജോൺസ് പള്ളിയിൽ എറണാകുളം അങ്കമാലി അതിരൂപതാ വൈദികനായ ബഹു. ജോർജ് നെല്ലിശ്ശേരി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗത്തിന് പരിശുദ്ധ കുർബാനയർപ്പിച്ച് കാർമികത്വം വഹിച്ചു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിൽ അതിരൂപതാ ദിനത്തിനൊരുക്കമായി ആഘോഷപൂർവ്വമായ റംശാപ്രാർഥനയിൽ വചനസന്ദേശം നൽകി. കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ടീൻസ് റിട്രീറ്റിൽ സന്ദേശം നൽകി.

20 തൃക്കൊടിത്താനം സെന്റ് സേവ്യേഴസ് ഫൊറോനാപ്പള്ളിയിൽ അതിരൂപതാദിനാഘോഷത്തിൽ അധ്യക്ഷത വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ ഭോപ്പാൽ ആർച്ചുബിഷപ് ആരോക്യ ദുരൈരാജിനെ സ്വീകരിച്ചു.

❑

**ഏപ്രിൽ**

28 ചങ്ങനാശ്ശേരി സന്ദേശനിലയത്തിൽ മിഷൻലീഗ് കുട്ടികളുടെ ക്യാമ്പിൽ ആശംസാപ്രസംഗം നടത്തി, സമ്മാനദാനം നിർവഹിച്ചു.

29 കായൽപ്പുറം സെന്റ് ജോസഫ്സ് ഇടവകാംഗം ബഹു. പരുവപ്പറമ്പിൽ ജോൺ അച്ചൻ ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ചതിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്നതിന്റെ ഭാഗമായി പരിശുദ്ധ കുർബാനമധ്യേ വചനസന്ദേശം നൽകി. ആനിക്കാട് സെന്റ് ആന്റണി പള്ളിയിൽ തിരുന്നാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു, കുട്ടികളുടെ ആഘോഷമായ പരി. കുർബാന സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു.

30 കുടമാളൂർ സിസ്റ്റേഴ്സ് ഓഫ് പ്രൊവിഡൻസിന്റെ മഠം ചാപ്പലിൽ റവ. സി. തെരസിറ്റ കാക്കനാട്ടിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് കാർമികത്വം വഹിച്ചു. ആറുമാനൂർ മംഗളവാർത്തപള്ളി ഇടവകാംഗം കൊറ്റത്തിൽ കുന്നത്തറയിൽ ജോബിൻസൺ എബ്രഹാമിന്റെ വീട് വെഞ്ചരിച്ചു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻപള്ളി ഇടവകാംഗം ബഹു. മൂലംകുന്നം ജോർജ് അച്ചൻ ശുശ്രൂഷ പൗരോഹിത്യം സ്വീകരിച്ചതിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്നതിന്റെ ഭാഗമായി പരിശുദ്ധ കുർബാന മധ്യേ വചനസന്ദേശം നൽകി. എഴുമറ്റൂർ സെന്റ് ജോസഫ്സ് പള്ളിയിൽ തിരുന്നാളിനോടനുബന്ധിച്ച് കൽക്കുരിശും കൊടിമരവും വെഞ്ചരിച്ച്, കൊടിയേറ്റി, പരിശുദ്ധ കുർബാനയർപ്പിച്ചു, കുട്ടികളുടെ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണത്തിന് കാർമ്മികനായി.

**മെയ്**

01 പാലമറ്റം ബേത് തോമ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

02 ആർപ്പുക്കര ലിറ്റിൽ ഫ്ളവർ പള്ളിയിൽ മൂന്നുകണ്ടത്തിൽ സെൽവിൻ & അനിമോൾ ദമ്പതികളുടെ നാലാമത്തെ കുഞ്ഞ് സാറായ്ക്ക് പ്രവേശക കൂദാശകൾ നൽകി, രണ്ട് കുഞ്ഞുങ്ങളുടെ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. നാലുകോടി സെന്റ് തോമസ് ഇടവകാംഗം കുഴിയടി ശ്രീ. ജോൺ ജോണിയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മത്തിന് കാർമ്മികത്വം വഹിച്ചു. കൈനകരി കുട്ടമംഗലം സെന്റ് ജോസഫ്സ് പള്ളിയിൽ തിരുന്നാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

03 എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ തിരുന്നാളിനോടനുന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. പാലാ രൂപത കരിമ്പാനി ദിവ്യകാരുണ്യ ഇടവകാംഗങ്ങളായ വെങ്ങാലൂർ മാത്യു & അന്നമ്മ ദമ്പതികളുടെ വിവാഹ വാർഷികത്തിന്റെ സുവർണ്ണജൂബിലി ആഘോഷത്തിന്റെ ഭാഗമായി

പരിശുദ്ധ കുർബാനമധ്യേ വചനസന്ദേശം നൽകി, ഇസബെല്ല റോസ് ക്രിസിനയുടെ ആഘോഷപൂർവ്വമായ പരി. കുർബാന സ്വീകരണത്തിന് കാർമ്മികനായി.

04 മോർക്കുളങ്ങര സെന്റ് മാത്യൂസ് ആരാധനാ സന്യാസസമൂഹത്തിന്റെ മഠം ചാപ്പലിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. പാലാ രൂപത രാമപുരം മാർ അഗസ്തീനോസ് പള്ളി ഇടവകാംഗമായ മല്പാൻ കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

05 പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളി ഇടവകാംഗവും സി.എം.ഐ. സന്യാസ സമൂഹത്തിലെ കൊരട്ടിയിൽ ബഹു. ജോർജ് അച്ചന്റെ പിതാവുമായ ശ്രീ. ജോസഫ് വർഗീസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ കർമ്മത്തിന് കാർമികത്വം വഹിച്ചു. പെരുന്ന സെന്റ് ആന്റണീസ് പള്ളിയിൽ കാഞ്ഞിരത്തുംമ്മൂട്ടിൽ ഫെബിൻ & റിൻസി ദമ്പതികളുടെ നാലാമത്തെ കുഞ്ഞ് തോമസിന് പ്രവേശകകൂദാശകൾ നൽകി, ഒരു കുഞ്ഞിന്റെ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു.

06 ഇത്തിത്താനം പ്രീസ്റ്റ്സ് ഹോമിൽ ഏറ്റുമാനൂർ ക്രിസ്തുരാജ് പള്ളിയിലെ യുവജനങ്ങൾ സംഘടിപ്പിച്ച അഭിമുഖസംഭാഷണത്തിൽ പങ്കെടുത്തു. പുതുക്കരി സെന്റ് സേവ്യേഴ്സ് പള്ളിയിൽ തിരുന്നാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

07 കാഞ്ഞിരപ്പള്ളി രൂപത കപ്പാട് ഹോളിക്രോസ് പള്ളിയിൽ തെക്കേടത്ത് ജോസഫ് & കൊച്ചുത്രേസ്യ ദമ്പതികളുടെ കുഞ്ഞ് മറിയത്തിന്റെ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു.

08 പാലമറ്റം ബേത് തോമ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

09 ചേപ്പുംപാറ മർത്ത് മറിയം പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു, കോഴിമറ്റം കുടുംബയോഗത്തിൽ പങ്കെടുത്തു.

10 മാന്നില ഹോളി ഫാമിലി പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു, മാന്നില പള്ളിയിൽ സ്ലീവാ സ്ഥാപിച്ചതിന്റെ ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി കാവാലം കുടുംബയോഗത്തിൽ പങ്കെടുത്തു ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. തത്തംപള്ളി സെന്റ് മൈക്കിൾസ് പള്ളിയിൽ കൊച്ചുപറമ്പിൽ വർഗ്ഗീസും അയർക്കുന്നം ആമ്പൽകണ്ടത്തിൽ എലിസബത്തും തമ്മിലുള്ള വിവാഹം ആശീർവദിച്ചു. മണിമല ഹോളി മാഗി ഫൊറോനാപ്പള്ളിയിൽ ഇടവകദിനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

11 പാറമ്പുഴ ബെത്‌ലഹേം പള്ളിയിൽ മ്ശംശാന ബഹു. താഴത്തുമുണ്ടക്കൽ ജോർജിന്റെ പൗരോഹിത്യപട്ടം സ്വീകരണ ശുശ്രൂഷയിൽ കാർമികത്വം വഹിച്ചു. വില്ലൂന്നി ജോസഫൈൻ ജനറലൈറ്റിൽ റവ. സി. ആൻസി ജോസ് മുണ്ടക്കലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

12 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ മേജർ സെമിനാരിയൻസ് ഗ്യാതറിങ്ങിൽ വൈദികാർഥികളുമായി സംവദിച്ചു.

13 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ അതിരൂപതയിലെ വൈദികാർഥികളുടെ വൈദികവസ്ത്ര സ്വീകരണം, ചെറുപട്ടങ്ങൾ എന്നിവയിൽ സഹകാർമികത്വംവഹിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ബഹു. വൈദികരെ സന്ദർശിച്ചു. കൊടിനാട്ടുംകുന്ന് സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗം പാലത്തിങ്കൽ റോസ്സമ്മ ആന്റണിയുടെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ കർമ്മത്തിന് കാർമ്മികത്വംവഹിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ തിരുവല്ല മുത്തൂർ മാവേലിക്കളം തോമസും തൃശ്ശൂർ കൊമ്പൊടിഞ്ഞാമാക്കൽ കണംകുടം എലിസബത്തും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

15 പാലമറ്റം ബേത് തോമ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

16 ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ സേവനമനുഷ്ഠിക്കുന്ന സ്റ്റാഫ് അംഗങ്ങളുടെ കുട്ടികൾക്കായി സംഘടിപ്പിച്ച ഗൈഡൻസ് മോട്ടിവേഷൻ പ്രോഗ്രാം ഉദ്ഘാടനംചെയ്തു സംസാരിച്ചു. അഭി. മാർ ജോർജ് കോച്ചേരി പിതാവിനെ സന്ദർശിച്ചു. വെളിയനാട് വിശുദ്ധ മിഖായേൽ ക്നാനായ കത്തോലിക്ക പള്ളി ഇടവകാംഗം കോയിക്കൽ മത്തായി ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. കൊല്ലം-ആയൂർ ഫൊറോനയിലെ യുവദീപ്തി അംഗങ്ങളുടെ നേതൃത്വത്തിൽ ഓൺലൈനായി സംഘടിപ്പിച്ച സുറിയാനിഭാഷ ക്ലാസ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

17 പറാൽ സെന്റ് ആന്റണീസ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി ഒളശ്ശയിൽ കുടുംബയോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

19 പള്ളാത്തുരുത്തി സെന്റ് തോമസ് പള്ളിയിൽ കക്കാട്ടുതോപ്പിൽ ചാക്കോ ആന്റണി & സോണിയ ജോസഫ് ദമ്പതികളുടെ നാലാമത്തെ കുഞ്ഞ് കുര്യന് പ്രവേശകകൂദാശകൾ നൽകി.

20 തന്റെ മെത്രാഭിഷേകവാർഷികദിനത്തിൽ ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ്സ് ഹോമിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. തൃക്കൊടിത്താനം സെന്റ് സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിൽ 140-ാമത് അതിരൂപതാദിനാചരണസമ്മേളനത്തിൽ പങ്കെടുത്തു.

21 ആയൂർ ക്രൈസ്റ്റ് ദി കിംഗ് ഫൊറോനാള്ളിയിൽ മാനാടൻ ആൻ മരിയയുടെയും അങ്കമാലി മഞ്ഞപ്ര മഞ്ഞക്കാലായിൽ തോമസിന്റെയും വിവാഹവാഗ്ദാന കർമ്മത്തിനു കാർമികത്വം വഹിച്ചു.

22 പാലമറ്റം ബേത് തോമ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം പ്രീസ്റ്റ്സ് ഹോമിൽ വിസിറ്റേഴ്സിനെ സ്വീകരിച്ചു. മാമ്മൂട് ലൂർദ് മാതാ പള്ളി ഇടവകാംഗവും സി.എം.ഐ. സന്യാസസമൂഹത്തിലെ ബഹു. പാത്തിക്കൽ മാത്യു അച്ചന്റെ പിതാവുമായ ശ്രീ. പി. എം.

വർഗീസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ കർമ്മത്തിന് കാർമികത്വം വഹിച്ചു. തുരുത്തി കാന ഇൻസ്റ്റിറ്റ്യൂട്ടിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടന്ന ലീഡേഴ്സിന്റെ ട്രെയിനിങ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

23 കുരിശുംമൂട് മീഡിയ വില്ലേജിൽ ചങ്ങനാശ്ശേരിയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച നിർധനരായ കുട്ടികൾക്കുള്ള സ്കൂൾ കിറ്റ് വിതരണോദ്ഘാടനം ചെയ്തു സംസാരിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് നേഴ്സിങ് ഹോസ്പിറ്റലിൽനിന്നും കഴിഞ്ഞ അധ്യയനവർഷത്തിൽ വിജയിച്ച കുട്ടികളുടെ ബിരുദദാന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. പാലാ രൂപത പാദുവ സെന്റ് ആന്റണീസ് പള്ളി ഇടവകാംഗം പെരുന്തോട്ടം പി. എ. ഫിലിപ്പിന്റെ വീട് വെഞ്ചരിച്ചു. അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻ പള്ളിയുടെ കുരിശടിയിൽ മാതാവിന്റെ വണക്കമാസ പ്രാർത്ഥനയിൽ പങ്കെടുത്ത് സന്ദേശം നൽകി.

24 ചീരമറ്റം സെന്റ് ജോർജ് പള്ളിയിൽ പെന്തക്കുസ്താതിരുനാളിൽ പരിശുദ്ധ കുർബാനയർപ്പിച്ചു, ദാമ്പത്യ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവർക്ക് ആശംസകൾ നേർന്നു. കൂത്രപ്പള്ളി ആരാധന മഠം സെന്റ് തോമസ് പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. സിസ്റ്റേഴ്സിനെ സന്ദർശിച്ചു. കൂത്രപ്പള്ളിയിൽ കൂത്രപ്പള്ളി കുടുംബയോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പച്ച - ചെക്കിടിക്കാട് ലൂർദ് മാതാ ഇടവകാംഗം പനയ്ക്കപ്പറമ്പിൽ ശ്രീ. തോമസ് പി. ജോർജിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മത്തിന് കാർമ്മികത്വം വഹിച്ചു. ഇത്തിത്താനം പ്രീസ്റ്റ്സ് ഹോമിൽ വിസിറ്റേഴ്സിനെ സ്വീകരിച്ചു, കുഞ്ഞുങ്ങളെ എഴുത്തിനിരുത്തി.

25 ഇത്തിത്താനം പ്രീസ്റ്റ്സ് ഹോമിൽ വിസിറ്റേഴ്സിനെ സ്വീകരിച്ചു. മാടപ്പള്ളി ലിറ്റിൽ ഫ്ളവർ പള്ളി ഇടവകാംഗമായ പൈനംപ്ര ലിസമ്മ ആന്റണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

26 തുരുത്തി മർത്ത് മറിയം ഫൊറോനാപ്പള്ളി ഇടവകാംഗം ചക്യായിൽ ജോബി ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

❑



Mar Thomas Tharayil
Metropolitan of Changanacherry

# ENGAGEMENTS | JUNE 2026

| | | |
|---|---|---|
| 01 | | Engaged |
| 02-04 | | KCBC @ POC Palarivattom |
| 05 | 10:30 am | Vestition: OCD Sisters @ Malayattoor |
| | 05:00 pm | *Jeevanam* Project Inauguration @ Thuruthy |
| | 08:15 pm | Liturgy Commission: Online Meeting |
| 06 | 03:00 pm | CMHM Basic Counselling Course Valedictory Function @ Archbishop House |
| 07-12 | | Priests' Annual Retreat: Batch I @ Kunnamthanam |
| 07 | 09:30 am | Holy *Qurbana* & Sunday School Anniversary @ Ettumanoor |
| | 02:30 pm | AKCC Excellentia Awards @ SB College |
| 08 | 06:00 pm | Academic Year Inauguration@ MOC, Manganam |
| 09 | 10:30 am | Final Profession: SABS @ Koothrapally |
| | 03:00 pm | Class @ Minor Seminary, Kurichy |
| 10 | 06:45 pm | Class @ Niranam Seminary |
| 11 | 03:00 pm | Blessing St. Thomas LP School Hall @ Karikattoor |
| | 04:00 pm | Blessing St. Marys UP School @ Perumkavu |
| 12 | 11:00 pm | Holy *Qurbana*: Priests' Retreat: Batch I @ Kunnamthanam |
| | 02:30 - 05:00 pm | Visitors |
| | 05:00 - 07:30 pm | Curia |
| 13 | 09:30 am | Mission League *Prevarthanavarsham* Inauguration @ SB College |
| | 10:00 am | Pastoral Council @ Kallarackal Hall, SB College |
| | 02:00 pm | Convention Message @ Carmel Mount Chethipuzha |
| 14 | 07:00 am - 01:30 pm | Pastoral Visit @ Pulickalkavala |
| | 03:30 pm | Presbytery Blessing @ Ayarkunnam |
| | 06:30 pm | Nasrani Family Fraternity Meet @ Nedumkunnam |
| 14-19 | 04:00 pm | Priests' Annual Retreat: Batch II @ Kunnamthanam |
| 15 | 09:00 am - 04:00 pm | Shalom Youth Debate @ Archbishop House |

| | | |
|---|---|---|
| | 04:30 pm | Sacerdotal Golden Jubilee: Rt. Rev. Dr. Joseph Mar Barnabas @ Ranni |
| 16 | 03:00 pm | Class @ Minor Seminary |
| 17 | 06:45 pm | Class @ Niranam Seminary |
| 18 | 06:30 am | Holy *Qurbana* @ Priests' Home Ithithanam |
| 19 | 11:00 pm | Holy *Qurbana*: Priests' Retreat: Batch II @ Kunnamthanam |
| | 02:30 - 05:00 pm | Visitors |
| 20 | 08:30 am | *Curia* |
| | 10:00 am | CBSE, ICSE Unaided Principals, Managers & HM Meeting @ Archbishop Hous |
| | 11:30 am | Marriage @ Cathedral |
| 21 | 07:00 am - 02:00 pm | Pastoral Visit @ Thathampally |
| | 06:00 pm | Nasrani Family Fraternity Meet @ Changanacherry |
| 22 | 04:00 pm | Holy *Qurbana* @ Laikadu |
| 23 | 10:00 am | Junior Priests' Ongoing Formation @ Kakkanad |
| 24 | 08:30 am | *Curia* |
| | 11:00 am | Palliative Care Representatives' Meeting @ Sandeshanilayam |
| | 11:30 am | Regents' Monthly Recollection @ Archbishop House |
| | 03:00 pm | Golden Jubilee & Blessing of Arch @ Pangada SH HS |
| | 06:45 pm | Class @ Niranam Seminary |
| 25 | 10:30 am | Final Profession : LSDP @ Kunnamthanam |
| 26 | 08:30 am | *Curia* |
| | 11:00 am | Consultors' Body |
| | 02:30 - 04:00 pm | Visitors |
| 27 | 06:30 am | Blessing CMC Chapel & Convent @ Nooranad |
| 28 | 07:00 - 01:30 pm | Pastoral Visit @ Chanjody |
| 29 | | Engaged |
| 30 | 06:15 am | Holy *Qurbana* @ Holy Queens, Changanacherry |
| | 10:30 am | KCSL Inauguration @ SB HSS, Changanacherry |
| | 03:00 pm | Class @ Minor Seminary Kurichy |
| | 06:00 - 08:00 pm | Inter Department Meeting |

**FR. SECRETARY- 8078088468**

❑



# ENGAGEMENTS | JUNE 2026

**Mar Joseph Perumthottam**
Metropolitan Emeritus of Changanacherry

Engaged

**FR. SECRETARY- +91 9292990040**

❑


മികച്ച പാരിഷ് ഡയറക്ടറി
ആര്യാട് ലിറ്റിൽ ഫ്ളവർ


മികച്ച പാരിഷ് ഡയറക്ടറി
കൈനകരി സെന്റ് മേരീസ്


മികച്ച പാരിഷ് ബുള്ളറ്റിൻ
ഏറ്റുമാനൂർ ക്രിസ്തുരാജ


മികച്ച പാരിഷ് ബുള്ളറ്റിൻ
കോട്ടയം ലൂർദ്ദ്


മികച്ച പാരിഷ് ബുള്ളറ്റിൻ
അതിരമ്പുഴ സെന്റ് മേരീസ്


മികച്ച പാരിഷ് ബുള്ളറ്റിൻ
ചേപ്പുംപാറ, മർത്ത് മറിയം


മികച്ച പാരിഷ് ബുള്ളറ്റിൻ
കുമരകം ഹോളി ഫാമിലി


മികച്ച പാരിഷ് ബുള്ളറ്റിൻ
ആനിക്കാട്, സെന്റ് ആന്റണീസ്


141–ാം അതിരൂപതാദിന പ്രഖ്യാപനം


CARP-ASPIRE
പദ്ധതി വിശദീകരണം


പ്രഖ്യാപനം– അതിർത്തി തിരിഞ്ഞ കുരിശുപള്ളി
പുഴവാത് സെന്റ് തോമസ്


പത്രികാ പാരായണം



നവ പദ്ധതികൾ


പുസ്തക പ്രകാശനം





കലാവിഷ്കാരം

**VEDAPRACHARA MADHYASTAN VOL.98 No.12 2026 June**
Date of Publication: 31-05-2026
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment
Posted at Changanacherry sorting on the last day of every month

Rs 25/-



Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org